
281
AUGUST 2020

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



## വിചിത്രമായ പ്രഭാതങ്ങൾ

## Quarantined Discipline: The Past/ Present Tense of History

281

**EDITORIAL BOARD**

**Editor**
Dr. A.S. Sumesh

**Issue Editor**
Dr. Vidhu Narayan

**Managing Editor**
Dr. K.R. Kavitha

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Prof. Jogy Alex
Dr. C. Padmanabhan
Dr. M. Sreekumar
Dr. Sheela M. Joseph
Prof. A.G.Oleena
Prof. Pramod Vellachal
Dr. Vidhu Narayan
Dr. Vysakhan Thambi
Shyla Hameed
Dr. Arya Gopi
Dr. Myna Umaiban
Sona P.
Dr. M.R.Rajesh
Abhilash T.
Harinarayanan S.
Subin Varghese
Bineesh E.K.
Dr. Santhosh Kumar Vallikkat
Reeja Jose P
Dr. Seetha Vijayakumar
V H Nishad

*Design :* **Jwala Creatives**
*Cover Courtesy: The New Yorker*

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

# AUGUST 2020

■ *എഡിറ്റോറിയൽ* 3

■ *എയ്ഡഡ് മേഖലയുടെ ഭാവിക്കായി അണിചേരുക*
**ഡോ. സി. പത്മനാഭൻ** 4

*വിചിത്രമായ പ്രഭാതങ്ങൾ*
**ഡോ. മ്യൂസ് മേരി ജോർജ്ജ്** 7

■ *Quarantined Discipline: The Past/Present Tense of History*
**Dr. Sebastian Joseph** 12

■ *ശാസ്ത്രജ്ഞാനം: ആഴവും മാറുന്ന ധാരണകളും*
**വൈശാഖൻ തമ്പി ഡി.എസ്.** 19

■ *നാം നിർമ്മിക്കുന്ന ഭാഷ നമ്മെ നിർമ്മിക്കുന്നു*
**ഡോ. ജോസഫ് സ്കറിയ** 23

■ *മുംബൈ നഗരത്തിലെ മറുവേഷധാരി*
**അനൂപ് വി.** 27

■ *'മഴുവിന്റെ കഥ'യിലെ ആധുനികതാ വിവക്ഷകൾ*
**ആത്മൻ എ.വി.** 31

■ *കോപ്പിയടിയും ഓപ്പൺ ബുക് സാധ്യതകളും*
**രാജുജോൺ** 34

■ *കേരളത്തിലെ പാരിസ്ഥിതിക ചലനങ്ങൾ*
**ഡോ. സന്തോഷ്കുമാർ വള്ളിക്കാട്** 37


■ *'പവർപോയിന്റ്': ടിപ്പുകളും ട്രിക്കുകളും*
**ഡോ. കെ.എസ്. സാജൻ** 49

■ *നിറങ്ങൾ പറഞ്ഞത്*
**ഡോ. ഡി.ബി. ധ്വജം** 52

■ *സർവ്വീസ് സെൽ*
**ഡോ. പ്രമോദ് എൻ.** 54

■ *നാഗാനാട്ടിലൂടെ*
**ജോയ്സുകുട്ടി ജോസഫ്** 55

എഡിറ്റോറിയൽ



# ജനാധിപത്യത്തിനൊപ്പം, ജനകീയഭരണത്തിനൊപ്പം

വിപത്തുകൾ, പ്രകൃതി ദുരന്തങ്ങൾ, മഹാമാരികൾ ഇവയെല്ലാം ഒരു ഭരണ സംവിധാനത്തിന്റെ പ്രവർത്തന ശേഷിയെ വിലയിരുത്താൻ ജനങ്ങൾക്ക് ലഭിക്കുന്ന അവസരം കൂടിയാണ്. അങ്ങനെ നോക്കിയാൽ എല്ലാ വാചകമേളകൾക്കും വാഗ്ദാന പെരുമഴകൾക്കും ശേഷം അവ ശേഷിക്കുന്നത് നിരാശയുടെ പതിവ് കാഴ്ചകൾ തന്നെയാണ്. അശാസ്ത്രീയമായ ഒരു ലോക്ക് ഡൗൺ കാലത്തിന് ശേഷം നാം അൺലോക്ക് എന്ന പ്രക്രിയയിലേക്ക് കടന്നിരിക്കുന്നു. എന്നാൽ രാജ്യമാകമാനം സാധാരണക്കാർ, കർഷകർ, ദിവസ വരുമാനക്കാർ എന്ന് വേണ്ട സമസ്ത മേഖലകളും സമാനതകളില്ലാത്ത കടുത്ത പ്രതിസന്ധി നേരിടുന്നു. ദിനം പ്രതി വർദ്ധിക്കുന്ന കോവിഡ് കണക്കുകൾ സൂചിപ്പിക്കുന്നത് നാം സഞ്ചരിക്കുന്നത് ലോക ഒന്നാം നമ്പർ പദവിയിലേക്കാണ് എന്നാണ്. അതായത് തകർന്ന തരിപ്പണമായ ഒരു സാമ്പത്തിക വ്യവസ്ഥയെ ബാക്കിയാക്കി രാജ്യം പ്രതിസന്ധിയുടെ അഗാധഗർത്തത്തിലേക്ക് വീഴുന്നു. താലിനോമിക്സ് എന്നത് കടലാസിൽ കുറിച്ച കണക്കാണ് എന്നും അതിന്റെ വിപണിമൂല്യം പൂജ്യത്തെ തൊടാൻ പോവുന്നു എന്നും സാരം.

എന്നാൽ പ്രതിസന്ധിയുടെ കാലത്തും വിറ്റഴിക്കൽ എന്ന പൊതു മിനിമം പരിപാടി നടത്തിയെടുക്കാൻ ആവശ്യമായതെല്ലാം കേന്ദ്ര ഭരണകൂടം ചെയ്യുന്നുണ്ട്. വിദ്യാഭ്യാസത്തെ സാങ്കേതിക പദങ്ങൾ കുത്തി നിറച്ച ദേശീയ വിദ്യാഭ്യാസ നയം കൊണ്ടും മണ്ണിനെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് കൊണ്ടും മലിനമാക്കാൻ മോദി സർക്കാരിന് അനായാസം കഴിയുന്നു. ഭരണ നിർവഹണ ചുമതലയുള്ള മുഴുവൻ ഭരണഘടനാ സ്ഥാപനങ്ങളും നോക്കുകുത്തികളായി നിലകൊള്ളുന്നു.

കടുത്ത പ്രതിസന്ധിയിലും കേരള സർക്കാർ രാജ്യത്തിന് മാതൃകയാവുന്ന പ്രവർത്തനങ്ങൾ തുടരുന്നു എന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. ചാനൽ ചർച്ചകൾ കൊണ്ട് ഒരു ജനകീയ സർക്കാരിനെ അട്ടിമറിക്കാം എന്നാണ് ഇവിടുത്തെ വലതുപക്ഷ മാധ്യമങ്ങളും രാഷ്ട്രീയ നേതൃത്വവും ധരിച്ചു വച്ചിരിക്കുന്നത്. സാമൂഹിക സുരക്ഷയും പൊതുജനാരോഗ്യവും ഉറപ്പു വരുത്താൻ പ്രതിജ്ഞാബദ്ധമാണ് എന്ന് നിലപാടുകൾ കൊണ്ട് കേരളത്തിലെ ഇടത് സർക്കാർ ഇതിനകം തെളിയിച്ചു കഴിഞ്ഞു. അഭിമാനത്തോടെ, ഒരു പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ ഒന്നൊഴിയാതെ നടപ്പാക്കിക്കൊണ്ട്, ഓരോ വർഷത്തെയും പ്രോഗ്രസ്സ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചുകൊണ്ട്, ഒരു ജനകീയ ഭരണം സാധ്യമാണ് എന്ന് വറുതിയുടെ കാലത്തും തെളിയിക്കാൻ പിണറായി സർക്കാരിന് കഴിഞ്ഞു. മാറ്റി നിർത്തുകയല്ല ചേർത്ത് നിർത്തുകയാണ് ഒരു ഭരണകൂടത്തിന്റെ ധർമ്മം എന്ന് ഈ രാജ്യത്തെ നിരന്തരം ഓർമ്മപ്പെടുത്തുകയാണ് നമ്മുടെ സർക്കാർ. ജനാധിപത്യത്തിന് സംരക്ഷണ കവചം തീർക്കുന്ന ഈ പോരാട്ടത്തിന് ഒപ്പം നിൽക്കുക എന്നതാവണം നമ്മുടെ ഉറച്ച തീരുമാനം.

**ഡോ. എ.എസ്. സുമേഷ്**
drassumesh@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# എയ്ഡഡ് മേഖലയുടെ ഭാവിക്കായി അണിചേരുക

ബ്രിട്ടീഷ് ഈസ്റ്റ്ഇന്ത്യ കമ്പനി ഇന്ത്യയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായമാണ് എയ്ഡഡ് മേഖലയ്ക്ക് തുടക്കം കുറിച്ചത് എന്ന് സാധാരണ പറയാറുണ്ട്. 1813 ലാണ് ആദ്യമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നല്കുന്നതിനായി ഒരു ലക്ഷം രൂപ കമ്പനി വകയിരുത്തുന്നത്. അത്തരമൊരു ഗ്രാന്റ് സമ്പ്രദായം ആവിഷ്കരിക്കുന്നതിന്റെ പിന്നിൽ തീർച്ചയായും ഇന്ത്യൻ വിദ്യാഭ്യാസരംഗം തങ്ങളുടെ കൊളോണിയൽ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായി മാറ്റിയെടുക്കുക എന്ന കാഴ്ചപ്പാട് ഉണ്ടായിരുന്നു. ഭരണാധികാരികൾക്കും ഭരിക്കപ്പെടുന്ന ജനങ്ങൾക്കും ഇടയിൽ മധ്യവർത്തികൾ ആയി പ്രവർത്തിക്കാൻ പറ്റിയ ഒരു വിഭാഗത്തെ സൃഷ്ടിക്കലാവണം കൊളോണിയൽ വിദ്യാഭ്യാസനയത്തിന്റെ പ്രധാനലക്ഷ്യം എന്ന് വ്യക്തമായി പ്രഖ്യാപിക്കുന്ന മെക്കാളെ മിനുട്സ് വരുന്നത് 1835 ലാണ്.

ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് തദ്ദേശീയ ജനതയുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ താല്പര്യമുണ്ടാവാൻ കാരണം കൊളോണിയൽ ലക്ഷ്യങ്ങൾ ആണെങ്കിൽ അത്തരം ലക്ഷ്യങ്ങൾ ഇല്ലാത്ത അന്നത്തെ ചില നാട്ടുരാജ്യങ്ങളും ജനങ്ങൾക്ക് വിദ്യാഭ്യാസം നല്കുക എന്നത് ഭരണാധികാരികളുടെ ഉത്തരവാദിത്തമാണ് എന്ന വഴിക്ക് ചിന്തിച്ചിരുന്നു എന്നതാണ് വസ്തുത. "വിവേചനമോ പിന്നാക്കാവസ്ഥയോ പരിഗണിക്കാതെ എല്ലാവർക്കും ജ്ഞാനസമ്പാദനത്തിന് ഉതകുംവിധവും അങ്ങനെ അവർ നല്ല പൌരന്മാരും നല്ല പൊതുസേവകരുമായി രാജ്യത്തിന്റെ പുരോഗതിക്കും സല്പേരിനുമായി പ്രവർത്തിക്കുന്നതിനുമായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെ പൂർണ ചെലവ്സംസ്ഥാനം വഹിക്കേണ്ടതാണ്" എന്ന തിരുവിതാംകൂർ റീജന്റ് റാണി ഗൌരി പാർവതി

ബായി വിളംബരം പുറപ്പെടുവി ക്കുന്നത് 1817 ജൂൺ 17 ന് ആണ്. നാല് വയസ്സിനും പത്ത് വയസ്സി നും ഇടയിലുള്ള മുഴുവൻ കുട്ടിക ളെയും നിർബന്ധമായും സ്കൂളിൽ അയക്കണം എന്നതായിരുന്നു ഈ വിളംബരത്തിനു അനുബന്ധ മായി വന്ന ശാസന. ഒപ്പം എല്ലാ സ്കൂളുകളിലും സംസ്ഥാന സർക്കാർ ശമ്പളം നല്കുന്ന രണ്ട് അദ്ധ്യാപകർ എങ്കിലും നിർബന്ധമായി ഉണ്ടാ യിരിക്കണമെന്നും അന്ന് ഉത്തരവ് വരികയുണ്ടായി.

മുകളിൽ പറഞ്ഞ രണ്ട് ചരിത്രസന്ദ ർഭങ്ങളേയും എയ്ഡഡ് മേഖലയു ടെ ഉത്ഭവത്തിന് കാരണമായ മുഹൂ ർത്തങ്ങളായി കാണാവുന്നതാണ്. എന്നാൽ അവയിൽ മാത്രമായി എയ്ഡഡ് മേഖലയുടെ വികാ സപരിണാമങ്ങളെ ചുരുക്കാനും പറ്റില്ല. ജനങ്ങൾക്ക് വിദ്യാഭ്യാസം നല്കുക എന്നത് അടിസ്ഥാനപര മായും സർക്കാരിന്റെ ഉത്തരവാദി ത്തമാണ് എന്ന കാഴ്ചപ്പാട് അന്നേ ഏറെക്കുറേ സ്ഥാപിതമായി എന്ന് മാത്രം. എന്തായിരിക്കണം അത്തരം ഒരു വിദ്യാഭ്യാസ പ്ര ക്രിയയുടെ ഉള്ളടക്കം, അതിന്റെ ഘടനാപരമായ രൂപഭാഗങ്ങൾ എന്തായിരിക്കണം അതിൽ ഉൾച്ചേരേണ്ട സമൂഹ്യകാഴ്ചപ്പാടുകൾ എന്തൊക്കെയാണ് എന്നൊക്കെ തീരുമാനിക്കപ്പെട്ടത് നവോത്ഥാ നകാലഘട്ടത്തിലും തുടർന്ന് വന്ന ദേശീയപ്രസ്ഥാനത്തിന്റെയും കമ്യൂണിസ്റ്റ് -കർഷക പ്രസ്ഥാനങ്ങ ളുടെയും ഒക്കെ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ്. കേരളത്തിന്റെ ചരിത്രവും എയ്ഡഡ് മേഖലയു ടെ വികാസപരിണാമചരിത്രവും തമ്മിലുള്ള പാരസ്പര്യം വളരെ ആഴ ത്തിലുള്ളതാണ് എന്ന് ചുരുക്കം.

ഈ പാരസ്പര്യത്തിന്റെ ഊർജം പൂർണമായും ആവാഹിച്ചു കൊ ണ്ടാണ് 1957 ഏപ്രിൽ 5ന് അധി കാരത്തിൽ വന്ന ഇഎംഎസ് സർ ക്കാർ ഒട്ടും കാലതാമസം വരുത്താതെ ഓഗസ്റ്റ് 30ന് തന്നെ കേരള സർവകലാശാലാ നിയമം കൊണ്ടുവന്നത്. തുടർന്ന് നാളിതുവ രെ വന്ന വിവിധ സർവകലാശാല നിയമങ്ങൾ, ഫീസ്ഏകീകരണന യം, ഡയരക്റ്റ് പെയ്മെന്റ് ഉത്തരവ്, വിദ്യാർഥി പ്രവേശനം സംബ ന്ധിച്ചും അദ്ധ്യാപക നിയമനം സംബന്ധിച്ചും ഉള്ള വിവിധ നിബ ന്ധനകൾ ഇവയെല്ലാം എയ്ഡഡ് മേഖലയെ ശാക്തീകരിക്കുകയും അവയെ പൊതുമേഖലയിൽ നില നിർത്താൻ സഹായകമാവുകയും ചെയ്ത സുപ്രധാന ഘടകങ്ങളാണ്. അത്തരം മാറ്റങ്ങൾക്ക് ചാലകശ ക്തിയായി വർത്തിച്ചത് നമ്മുടെ സംഘടന അതത് കാലങ്ങളിൽ ആവിഷ്കരിച്ച മുദ്രാവാക്യങ്ങളും അവയ്ക്ക് ഉപോൽബലകമായി നടത്തിയ സമരപ്രക്ഷോഭങ്ങളും ആണ് എന്നത് കേരളചരിത്രത്തി ന്റെ തന്നെ ഭാഗമായി സ്ഥാനം പി ടിച്ച വസ്തുതയാണ്. അദ്ധ്യാപകരു ടെ സേവനവേതന വ്യവസ്ഥകളി ൽ വന്ന ഗുണകരമായ മാറ്റത്തിന് നിദാനമായി ഈ നിയമങ്ങളെയും നയങ്ങളെയും നമ്മൾ വ്യഖ്യാനി ക്കുമ്പോഴും ആത്യന്തികമായി അവ കൈപിടിച്ച് ഉയർത്തിയത് ഒരു മേഖലയെ ആകെയാണ്.

**നമ്മുടെ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് നാനാതരത്തിലുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ ആണ് ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വരാൻ പോകുന്നത്. അതുകൊണ്ട് തന്നെ ദേശീയ വിദ്യാഭ്യാസനയം പിൻവലിക്കുക എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടുള്ള സമരങ്ങളും പ്രചാരണങ്ങളും നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഒപ്പം വിവിധ മേഖലകളിൽ ഈ നയത്തിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ് എന്ന് മുൻകൂട്ടി കണ്ടെത്തി ബദലുകൾ ആവിഷ്കരിച്ച് പ്രതിരോധം ചമയ്ക്കുക എന്നതും അതീവ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.**

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകൾ മുതൽ വിവിധ കേന്ദ്രസർക്കാരുകൾ പിന്തുടർന്ന് വന്ന സാമ്പത്തികനയത്തിന്റെ ഭാഗമായി ഇന്ത്യയിലെ പല സം സ്ഥാനങ്ങളിലെയും എയ്ഡഡ് സ്ഥാപനങ്ങൾ ഘട്ടം ഘട്ടമാ യിസ്വാശ്രയസ്ഥാപനങ്ങളായി മാറുകയുണ്ടായി. ഫീസ് നിശ്ച യിക്കുന്ന കാര്യത്തിലും വിദ്യാ ർഥിപ്രവേശനനിബന്ധനകൾ നിശ്ചയിക്കുന്ന കാര്യത്തിലും ലഭിക്കുന്ന സ്വാതന്ത്ര്യവും അതുവഴി നേടാൻ കഴിയുന്ന ലാഭവും ആണ് പല മാനേജ്മെന്റുകൾക്കും ഇത്ത രമൊരു മാറ്റം ആകർഷകമായി തോന്നാൻ കാരണം. എന്നാൽ കച്ചവടവല്ക്കരണത്തിന്റെയും സ്വ കാര്യവല്ക്കരണത്തിന്റെയും ഈ കൊടുംകാറ്റിൽ നിലംപതിക്കാതെ പിടിച്ചുനിൽക്കാൻ നമ്മുടെ സ്ഥാപ നങ്ങൾക്ക് കഴിഞ്ഞത് നേരത്തെ പ്രതിപാദിച്ച സവിശേഷ പശ്ചാ ത്തലം ഒന്നുകൊണ്ടു മാത്രമാണ്.

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറുകളിൽ ഇന്ത്യൻ ഭരണ വർഗം നവലിബറൽ സാമ്പത്തി കനയങ്ങൾ സ്വീകരിച്ചുവെങ്കിലും അതിനനുസൃതമായി സമ്പൂർണമാ യും ക്രമീകരിക്കപ്പെട്ട ഒരു വിദ്യാ ഭ്യാസനയം പ്രഖ്യാപിക്കപ്പെടുന്നത് ഇപ്പോഴാണ്. പുത്തൻ സാമ്പത്തി കനയത്തിന്റെ ചില അനുരണന ങ്ങൾ നേരത്തെ വന്നിരുന്നു എന്ന് നമുക്ക് അറിയാം. ഫീസ് നിശ്ചയി ക്കാനും വിദ്യാർത്ഥിപ്രവേശനമാ നദണ്ഡങ്ങൾ സ്വന്തമായി ആവി




ഷ്കരിക്കാനും അധ്യാപകനിയമനം സ്വന്തമായി നടത്താനും ഒക്കെ അനുവാദം ഉള്ള ഓട്ടോണമസ് കോളേജുകൾ യഥാർത്ഥത്തിൽ നടന്നു തുടങ്ങുന്നത് എയ്ഡഡ് മേഖലയ്ക്ക് പുറത്തേക്കാണ്. കാരണം പുതുതായി ലഭിച്ച ഈ അധികാരങ്ങൾ ഒന്നും എയ്ഡഡ് മേഖലയുമായി ബന്ധപെട്ടതല്ല.

നമ്മുടെ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് നാനാതരത്തിലുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ ആണ് ദേശീയവിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വരാൻ പോകുന്നത്. അതുകൊണ്ടു തന്നെ ദേശീയ വിദ്യാഭ്യാസനയം പിൻവലിക്കുക എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടുള്ള സമരങ്ങളും പ്രചാരണങ്ങളും നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഒപ്പം വിവിധ മേഖലകളിൽ ഈ നയത്തിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ് എന്ന് മുൻകൂട്ടി കണ്ടെത്തി ബദലുകൾ ആവിഷ്കരിച്ച് പ്രതിരോധം ചമയ്ക്കുക എന്നതും അതീവ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. എപ്പോഴെല്ലാം വിദ്യാഭ്യാസരംഗത്തെ ഘടനാപരമായ പരിഷ്കാരങ്ങൾ നമ്മുടെ മേഖലയിൽ താല്ക്കാലികമായ അവ്യവസ്ഥകൾ സൃഷ്ടിച്ചിട്ടുണ്ടോ അപ്പോഴെല്ലാം ഈ മേഖലയേയും അതിന്റെ ഭാഗമായ അദ്ധ്യാപകരേയും സംരക്ഷിച്ചു നിർത്താൻ നമ്മുടെ സംഘടനയ്ക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ നേരത്തേ ഉണ്ടായിരുന്നത് പോലെ പരിമിതമായ സ്ഥാപനങ്ങളും ഏകീകൃത ഘടനയും ഉള്ള ഒരു മേഖലയല്ല ഇന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം. എയ്ഡഡ് മേഖല തന്നെ ഒട്ടേറെ വൈവിധ്യങ്ങൾക്ക് വേദി ആയി കഴിഞ്ഞു. അതുകൊണ്ടുതന്നെ അതിനനുസരിച്ചുള്ള സംഘടനാപ്രവർത്തനങ്ങൾ നമുക്ക് ഏറ്റെടുക്കാൻ സാധിക്കേണ്ടതുണ്ട്. അത് സാധിക്കണമെങ്കിൽ സംഘടനയെ തന്നെ ആധുനികവല്ക്കരിക്കുകയും അതിന്റെ പ്രവർത്തനങ്ങളെ വൈവിദ്ധ്യവല്ക്കരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സംഘടനാ പ്രവർത്തനത്തിന്റെ പുത്തൻ മേഖലകളിലേക്ക് കടന്നുചെന്നുകൊണ്ട് മാത്രമേ ഈ കാലഘട്ടം ആവശ്യപ്പെടുന്ന ചരിത്രദൌത്യം നമുക്ക് നിർവഹിക്കാൻ സാധിക്കുകയുള്ളൂ. എയ്ഡഡ് മേഖലയെ സംരക്ഷിക്കാൻ എകെപിസിടിഎ എന്നതാവണം ഈ കാലഘട്ടത്തിൽ നമ്മുടെ പ്രധാന മുദ്രാവാക്യം.

വീഡിയോ കാണുവാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.



# വിചിത്രമായ പ്രഭാതങ്ങൾ

**ഡോ. മ്യൂസ് മേരി ജോർജ്ജ്**
യു.സി. കോളേജ്, ആലുവ



മുതിർന്നവരുടെ ജീവിതകഥ മാത്രം പറയുന്ന ഒരെഴുത്തുകാരിയല്ല മാധവിക്കുട്ടി. മുതിർന്നവരുടെ ജീവിതത്തിനൊപ്പം കുട്ടികളുടെ ജീവിതവും അവരെഴുതിയിട്ടുണ്ട്. കുട്ടികളുടെ ജീവിതം എഴുതുന്ന എന്നുപറയുന്നതു കൊണ്ട് അർത്ഥമാക്കുന്നത് ശിശു എന്ന പദം ഉൽപാദിപ്പിക്കുന്ന സ്ഥിരാർത്ഥത്തെയല്ല. കൂടാതെ, മുതിർന്നു കഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിലേയ്ക്ക് ഒരു സ്വപ്നം പോലെ അവരുടെ ബാല്യകാലാനുഭവം കടന്നുവരുന്ന കഥകളും അവരെഴുതുന്നുണ്ട്. എത്ര മുതിർന്നുകഴിഞ്ഞാലും അന്തഃസത്തയിൽ കുടികൊള്ളുന്ന കുട്ടിത്തം സ്വത്വത്തിന്റെ മറുരൂപപ്പെടലാണ്.

'നുണകൾ', 'പ്രഭാതം', 'ഉണ്ണി', 'നാവികവേഷം ധരിച്ചകുട്ടി' എന്നീ കഥകളിൽ കുട്ടികളുടെ സാന്നിധ്യം സൃഷ്ടിക്കുന്ന വിചിത്രാനുഭവങ്ങളിലൂടെയാണ് കഥ മുന്നോട്ടു പോകുന്നത്.



'നുണകൾ' ആ പേരു സൂചിപ്പിക്കുന്നതുപോലെ കള്ളങ്ങളെക്കുറിച്ചു പറയാനാണ് ശ്രമിക്കുന്നത്. ഈ കഥയിലെ ആഖ്യാതാവ് കുട്ടിയാണ്. ഈ കഥയിൽ മുതിർന്നവരുടെ ലോകവും കുട്ടിയുടെ ലോകവും രണ്ടായി പകുത്തുവച്ചുകൊണ്ടാണ് കഥാഘടന നിർമ്മിച്ചിരിക്കുന്നത്. കഥ തുടങ്ങുമ്പോൾ താൻ കണ്ട സ്വപ്നത്തെക്കുറിച്ച് കുട്ടി പറഞ്ഞുതുടങ്ങുന്നു. അച്ഛനും മകനും മാത്രമായി വീട്ടിൽ കുറച്ചുദിവസങ്ങൾ കഴിഞ്ഞശേഷം അമ്മ തിരികെ വീട്ടിലെത്തിയ പ്രഭാതത്തിലാണ് കഥ നടക്കുന്നത്. അമ്മയില്ലാത്ത വീടും അവിടുത്ത സംഭവങ്ങളും കുട്ടിയുടെ മനസ്സിലുണ്ട്. അച്ഛന്റെ കൂട്ടുകാർ വന്നത്. ഒന്നിച്ച് മദ്യം കഴിച്ചത്. സ്റ്റെല്ലാ എന്ന സ്ത്രീയെ അച്ഛൻ മടിയിലിരുത്തിയത് ഒക്കെ അമ്മയോട് പറയാൻ കുട്ടി ആഗ്രഹിക്കുന്നു. അവനത് പറയുമോ എന്ന ആശങ്ക മറച്ചുവച്ചുകൊണ്ട് കുട്ടിയുടെ മുഖത്തേയ്ക്ക് തമാശമട്ടിൽ സിഗരറ്റ് പുക ഊതിവിട്ടുകൊണ്ട് പത്രം വായിക്കുന്നു എന്ന മട്ടിൽ അച്ഛൻ അവനെ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇത്തരമൊരന്തരീക്ഷത്തിലാണ് കുട്ടി 'ആ സ്റ്റെല്ലയില്ലേ, സ്റ്റെല്ല? നീണ്ടിട്ടുള്ള സ്റ്റെല്ല? മുഖത്തൊക്കെ ചായം ഇട്ടിട്ട്.....' എന്നുവരെ പറഞ്ഞുതുടങ്ങുമ്പോഴേക്കും അച്ഛൻ അവന്റെ സംഭാഷണത്തെ മുറിക്കുന്നു. അതിന് അച്ഛൻ ഉന്നയിക്കുന്ന യുക്തി ലളിതമാണ്. സ്റ്റെല്ലയുടെ കാര്യം പറയുന്നതിനുമുൻപ് കുട്ടി താൻ കണ്ട സ്വപ്നത്തെക്കുറിച്ച് പറയുന്നുണ്ട്. അതിനെ അടിസ്ഥാനമാക്കിയാണ് കുട്ടി നുണ പറയുകയാണ് എന്ന് അച്ഛൻ ദേഷ്യത്തോടെ പറയുന്നത്. താൻ കുതിരയുടെ പുറത്തുകയറി ദൂരേയ്ക്ക് എവിടെയോ പോയി എന്ന അവന്റെ സ്വപ്നാഖ്യാനവും സ്റ്റെല്ലയെക്കുറിച്ച് അവൻപറയാൻ പോകുന്ന കാര്യവും ഒരു പോലെ നുണയാണെന്ന് അച്ഛൻ സ്ഥാപിക്കുന്നു. മുതിർന്നവരുടെ നുണജീവിതങ്ങൾക്കിടയിൽ കുട്ടികളുടെ സത്യങ്ങൾ അവിശ്വസനീയ വസ്തുതകളായി വ്യാഖ്യാനിക്കപ്പെടുന്ന കഥയാണ് 'നുണകൾ'. കഥാവസാനത്തിൽ അമ്മയും കുട്ടിയും തനിച്ചാകുമ്പോൾ അവർ മകനെ ഉപദേശിക്കുന്നു. 'അപ്പു നുണ പറയരുത് ട്ടോ, മോനു വലുതാകുമ്പോൾ അച്ഛനെപ്പോലെയാകേണ്ടേ'. സത്യത്തെ നുണയായും നുണയെ സത്യമായും വ്യാഖ്യാനിക്കാൻ ശ്രമിച്ചുകൊണ്ട് വീടകത്തെ നുണയുടെ വ്യവഹാരമാക്കാൻ പരിശീലിപ്പിക്കപ്പെടുന്ന കുട്ടിയിലെത്തി കഥ നിർത്തുന്നു. അപ്പോൾ ദാമ്പത്യം, വിശ്വസ്തത, സത്യം എന്നിവയെക്കുറിച്ചുള്ള വ്യാജനിർമ്മിതികളെ വിമർശിക്കുന്ന പ്രതിവ്യവഹാരമായി കുട്ടി കഥയിൽ നിലനിൽക്കുന്നു.


എല്ലാ ബാല്യങ്ങൾക്കും ഒരേ നിഷ്കളങ്കതയും സൗമ്യതയും ഉണ്ടാകില്ലായെന്ന യാഥാർത്ഥ്യത്തെ അനാവരണം ചെയ്യുന്ന കഥയാണ് 'പ്രഭാതം'. സമ്പന്ന ഗൃഹത്തിലെ പെൺകുട്ടിയും ദരിദ്രകുടുംബത്തിലെ ആൺകുട്ടിയും പ്രധാന കഥാപാത്രങ്ങളായി വരുന്ന കഥയാണ് 'പ്രഭാതം'. നഗരത്തിൽ നിന്നു വന്ന പെൺകുട്ടിയുടെ പ്രഭാതം ലാളനകളും സ്നേഹപൂർണ്ണമായ നിർദ്ദേശ

ങ്ങളും പരിചരണങ്ങളും നിറഞ്ഞതാണ്. പാലുകുടിക്കാത്തതിനുള്ള സ്നേഹം നിറഞ്ഞ ശാസനകൾ, ഓർമ്മപ്പെടുത്തലുകൾ, വേലക്കാരുടെ പരിചരണങ്ങൾ എന്നിവയാൽ ചുഴ്ന്ന നിൽക്കുന്ന പെൺകുട്ടിയുടെ മുന്നിലേയ്ക്ക് ഒരു വൃദ്ധ കടന്നുവരുന്നു. അവർ വന്നിരിക്കുന്നത് തന്റെ വീട്ടിൽ പ്രസവിച്ചുകിടക്കുന്ന മകൾക്ക് ആഹാരം ഉണ്ടാക്കാൻ വേണ്ടി അരിയും മറ്റും വാങ്ങാൻവേണ്ടിയാണ്.

അവരുടെ ഉത്തരവാദിത്വമില്ലാത്ത മരുമകനെക്കുറിച്ച് ശാസനയോടെ സംസാരിച്ചുകൊണ്ടാണ് ആ വീട്ടിലെ ഗൃഹനാഥ (പെൺകുട്ടിയുടെ അമ്മമ്മ) വൃദ്ധയ്ക്ക് അരിയും എണ്ണയുമൊക്കെ കൊടുക്കുന്നത്. ആ വൃദ്ധയോട് താനും വീട്ടിലേയ്ക്കു വരുന്നുവെന്ന് പറഞ്ഞുകൊണ്ട് പെൺകുട്ടി അവർക്കൊപ്പം പോകുന്നു. പെൺകുട്ടി ഇതുവരെ പരിചയപ്പെട്ടിട്ടില്ലാത്ത ഒരു ഗൃഹചിത്രമാണ് അവിടെ കാണുന്നത്. ചാണകം മെഴുകിയ തറയിൽ കീറപ്പായയിൽ കിടക്കുന്ന ഒരു സ്ത്രീയും ഒരു ശിശുവും അവിടെയുണ്ടായിരുന്നു. വൃദ്ധയായ സ്ത്രീ 'പ്രവാകരാ' എന്നു വിളിക്കുമ്പോൾ ക്രുദ്ധിച്ചു നോക്കുന്ന ആൺകുട്ടിയേയും അവളവിടെ കാണുന്നു. അവൻ പറയുന്ന 'ഇയ്ക്ക് എല്ലാരോടും ദേഷ്യ'. അപ്പോൾ അവൾ ആ കുഞ്ഞിനോടും ദേഷ്യമാണോ എന്നു ചോദിക്കുമ്പോൾ 'ഞാനതിനെ കാച്ചാൻ പൂവ്വാ ആ കഴുത്ത് ഒരിറുക്കല്. ന്നാ അതങ്ങടു ചാവും ന്നിട്ട് അതിനെ പറമ്പില്ക്കൊണ്ട്വോയി കുഴിച്ചിടും ഹഹഹ' എന്നാണ് പ്രഭാകരൻ എന്ന കുട്ടി മറുപടി പറയുന്നത്. അവന്റെ കണ്ണുകളിലെയും സ്വരത്തിലേയും കനൽ അവൾക്ക് പരിചിതമായിരുന്നില്ല. 'വയറ്റിൽ വാലുള്ള' ആ കുഞ്ഞിനെ കൊന്നുകളയുമെന്ന് അവൻ പറയുന്നതിന്റെ കാരണം പെൺകുട്ടിക്ക് തീരെ മനസ്സിലാകുന്നില്ല. ദാരിദ്ര്യം എന്തെന്നുപോലും മനസ്സിലാകാത്ത പെൺകുട്ടിയും ദാരിദ്ര്യം മാത്രം അറിയാവുന്ന ആൺകുട്ടിയും മുഖാമുഖം നിൽക്കുമ്പോൾ പെൺകുട്ടി പരിചയപ്പെടുന്ന ലോകത്തിന്റെ വ്യാജ ഭംഗികൾ ഉടഞ്ഞുപോകുന്നു. സമ്പന്നരും ദാരിദ്രരും ആയി മനുഷ്യർ വിഭജിക്കപ്പെട്ടിരിക്കുന്ന ഈ ലോകത്തിൽ എത്ര വലിയ കഠിന കാര്യങ്ങളെക്കുറിച്ചുപോലും ചിന്തിക്കാൻ ദാരിദ്ര്യം മനുഷ്യരെ പ്രേരിപ്പിക്കുമെന്ന തിരിച്ചറിവ് പെൺകുട്ടിക്ക് കിട്ടുന്നത് പ്രഭാകരൻ എന്ന കുട്ടിയിൽ നിന്നാണ്.

ആകാശത്തിലെ നൂൽപ്പാലം പൊട്ടി ഭൂമിയിലേയ്ക്ക് അടർന്നുവീഴുന്ന സ്വപ്നം പോലെയുള്ള കഥാഖ്യാനം കൊണ്ട് ശ്രദ്ധേയമായ കഥയാണ് 'ഉണ്ണി'. ഉച്ച നേരത്ത് അപരിചിതമായ ഒരു കാലൊച്ച കേട്ട് അവൾ ജനൽവാതിക്കലേയ്ക്ക് ചെന്നപ്പോൾ പത്തുവയസ്സ് മാത്രം തോന്നിക്കുന്ന ഒരാൺകുട്ടി മുറ്റത്തെ ചരലിൽ കൂടി നടന്നുവരുന്നതാണ് കണ്ടത്. ഇങ്ങനെ തികച്ചും സ്വാഭാവികമായ ഒരു ചിത്രം നിർമ്മിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. ആ കുട്ടി അധികാരത്തോടെ അവളുടെ മുറിക്കുള്ളിലേയ്ക്ക് കയറിവരികയും മുറികളിലൊക്കെ നടന്നുനോക്കുകയും ചെയ്യുന്നു. അവൻ





മുറിക്കുള്ളിൽ കയറിയിട്ട് 'ഇവിടെ എത്ര ഇരുട്ടാണ്' എന്ന് പറയുന്നു. 'ഒരു കുളം പോലെയുണ്ട്, വെള്ള നിറത്തിലുള്ള കുളം' എന്നാണ് കിടപ്പുമുറിയിലെ കണ്ണാടിക്കു മുൻപിൽ നിന്നുകൊണ്ട് അവൻ പറയുന്നത്. ഇത്തരം സംസാരങ്ങൾ അവൻ നടത്തുന്നുണ്ടെങ്കിലും അവൾക്ക് എത്രയും വേഗം അവനെ പുറത്താക്കാനാണ് ആഗ്രഹം. അവളുടെ ഭർത്താവിന് അവന്റെ സാന്നിധ്യം അനിഷ്ടമാകുമെന്നതാണ് ഈ തിടുക്കത്തിന് കാരണം. അവൾ അവന് ആഹാരം കൊടുക്കുന്നു. പക്ഷെ പെട്ടെന്ന് അവർക്കൊരു ഫോൺകോൾ വരുന്നു. അവളുടെ ഭർത്താവ് കയറിയ വിമാനം അപകടത്തിൽപ്പെട്ടു എന്നതായിരുന്ന ഫോൺ സന്ദേശം അവൾ ദേഷ്യത്തോടെ ആ കുട്ടിയെ പുറത്താക്ക

ന്നു. ഇതാണ് കഥ.

'ഉണ്ണി' എന്ന കഥയുടെ ഘടന സ്വപ്നവും യാഥാർത്ഥ്യവും ഇടകലർന്ന മട്ടിലാണ്. ആ കുട്ടിയുടെ മുഖം ആദ്യം കാണുമ്പോൾത്തന്നെ അവൾക്ക് അവനെ പരിചയമുള്ളപോലെ തോന്നുന്നു. പിന്നീട് അവൻ സംസാരിക്കുമ്പോൾ അവന്റെ നുണക്കുഴിയുള്ള കവിളുകൾ ശ്രദ്ധിച്ചുകൊണ്ട് തനിക്കും ഭർത്താവിനും ഒരു കുട്ടിയുണ്ടായിരുന്നെങ്കിൽ ഇതേപോലുള്ള മുഖം ആയിരുന്നേനെ എന്നവർ

ചിന്തിക്കുന്നുണ്ട്. വന്ധ്യയായ ആ സ്ത്രീയുടെ ഉള്ളകത്തിൽ സൂക്ഷിച്ചു വെച്ചിരിക്കുന്ന പുത്രാകാംക്ഷയുടെ പുറത്തുവരലായി മാറുന്നുണ്ട്. ഇത്തരം ചിന്തകൾ. ആഗതനായ കുട്ടിക്ക് ഗൃഹനായിക ഭക്ഷണം കൊടുക്ക

ന്നു. കുട്ടിയാകട്ടെ വീട്ടിലെ ഒരോ മുറിയും കയറിയിറങ്ങിയിട്ട് കിടപ്പുമുറിയിലെ കട്ടിലിൽ കയറിയിരുന്നു. ഈ കുട്ടി അവൾക്കു മുമ്പിൽ ഒരു സമസ്യയായി അനുഭവപ്പെട്ടു. ഒരോ ഉത്തരവും ചേർത്തുവച്ചു കൊണ്ട് അവൾ കുട്ടിയുടെ സാന്നിധ്യത്തെ വ്യാഖ്യാനിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ അവളുടെ ഭർത്താവിന്റെ സെക്രട്ടറി വീട്ടിലെത്തുകയും ഭർത്താവ് കയറിയ വിമാനം അപകടത്തിൽപ്പെട്ട വിവരം അവളെ അറിയിക്കുകയും ചെയ്യുന്നു. 'മരിച്ചുവോ? അദ്ദേഹം മരിച്ചു. ഇല്ലേ? എന്നും അപകടം നടന്ന സമയം എപ്പോഴാണെന്നും അവൾ ചോദിച്ചു.

മൂന്നുമണി കഴിഞ്ഞ സമയം എന്ന മറുപടി അവൾക്ക് ആ കുട്ടിയെ സംബന്ധിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം കൂടിയായിരുന്നു. ആ കുട്ടി അവളുടെ വീട്ടിലെത്തിയ സമയം അയാൾ മരിച്ചു കഴിഞ്ഞിരുന്നു എന്നത് അവളിൽ ഒരു പ്രത്യേകതരം തിരിച്ചറിവായി മാറി. തന്റെ പത്തുവയസ്സിൽ അവളെ മാത്രമേ വിവാഹം ചെയ്യുകയുള്ളൂ എന്നു പറയുകയും അന്നുമുതൽ സ്നേഹിക്കുകയും പിന്നീട് വിവാഹം ചെയ്യുകയും ചെയ്ത ആൺകുട്ടിയുടെ സാന്നിധ്യമാണ് താനിതുവരെ അറിഞ്ഞത് എന്ന അറിവ് അവളെ വികാരാവേശത്തിനടിമയാക്കുന്നു. ആ പ്രായത്തിൽ അവനെ ഉണ്ണി എന്നാണ് എല്ലാവരും വിളിച്ചിരുന്നത് എന്ന് അവൾ ഓർമ്മിക്കുന്നു.

കുട്ടി കേന്ദ്രകഥാപാത്രമായി വരുന്ന മറ്റു കഥകളിൽ നിന്നും വ്യത്യസ്തമായി ഉണ്ണി എന്ന കഥയിലെ കുട്ടിക്ക് അതീന്ദ്രിയാനുഭവത്തിന്റെയോ ഫാന്റസിയുടെയോ രൂപമാണുള്ളത്. പ്രണയം, ഓർമ്മ, മരണം എന്നിവയെല്ലാം ഇഴചേർന്നിരിക്കുന്നതായ അനുഭൂതിയുടെ അതീന്ദ്രിയതലത്തിലാണ് ഇതിലെ കുട്ടി സ്ഥിതി ചെയ്യുന്നത്. മരണത്തിനുപോലും പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയാത്ത പ്രണയത്തിന്റെ ജ്ഞാനരൂപമാണ് ഈ കഥയിലെ കുട്ടി. ആയതിനാൽത്തന്നെ കുട്ടികൾ പ്രധാന കഥാപാത്രമായി വരുന്ന ഇതര കഥകളിൽ നിന്ന് ഉണ്ണി എന്ന കഥ വേറിട്ടുനിൽക്കുന്നു.

'നാവികവേഷം ധരിച്ച കുട്ടി' എന്ന കഥയിലെ കുട്ടി കേവലമൊരു ശിശുവല്ല. അറുപതു വയസ്സ് കഴിഞ്ഞ മുതിർന്ന മനുഷ്യനാണ്. മാത്രമല്ല അദ്ദേഹം മന്ത്രിയുമാണ്. മന്ത്രിയുടെ സെക്രട്ടറിയും ഭാര്യയും കൂടി മന്ത്രിയുടെ വീട്ടിൽ വിരുന്നിനു വന്നിരിക്കുന്ന സന്ദർഭത്തിലാണ് കഥ ആരംഭിക്കുന്നത്. മന്ത്രിപത്നിക്ക് അവരുടെ വരവ് ഇഷ്ടമായിരുന്നില്ല. മന്ത്രി അവരെ സന്തോഷത്തോടെ സ്വീകരിക്കുന്നു. സെക്രട്ടറിയുടെ ഭാര്യ ഒരു നാട്ടിൻപുറത്തുകാരിയാണ്. മന്ത്രിപത്നി അവൾക്ക് കാണാൻ ആൽബം എടുത്തുകൊടുക്കുന്നു. അതിൽ നാവികവേഷം ധരിച്ച ഒരു കുട്ടിയുടെ ഫോട്ടോ

ഉണ്ടായിരുന്നു. ഇതിനിടിയിൽ മന്ത്രിയും അയാളുടെ അമ്മയും തമ്മിലുള്ള അടുപ്പത്തിന്റെ ഓർമ്മകൾ മന്ത്രിപത്നി പങ്കുവെയ്ക്കുന്നുണ്ട്. ആൽബം കണ്ടിരുന്ന പെൺകുട്ടി നാവികവേഷം ധരിച്ച കുട്ടിയുടെ ഫോട്ടോ, തനിക്കു വേണമെന്ന് പറയുന്നു. പെൺകുട്ടി അധികാരഭാവത്തോടെയാണ് മന്ത്രിയോട് സംസാരിക്കുന്നത്. മന്ത്രിപത്നി അവൾക്ക് ആ ഫോട്ടോ കൊടുക്കുന്നില്ല. എന്നാൽ പിറ്റേന്നു രാവിലെ തന്റെ സെക്രട്ടറിയുടെ വീട്ടിലെത്തിയ മന്ത്രി ആ പെൺകുട്ടി ഇരിക്കുന്ന സോഫയുടെ ചുവട്ടിൽ വെറും നിലത്ത് മുട്ടുകുത്തി 'എനിക്ക് ഇന്നലെ ആളെ മനസ്സിലായില്ല' എന്നു പിറുപിറുത്തു.

പുനർജന്മം, ആത്മാവിന്റെ അതീന്ദ്രിയത എന്നിവയൊക്കെ പരിചിതമായ ഇന്ത്യൻ പാരമ്പര്യത്തിന്റെ സാംസ്കാരികഭാവങ്ങളെ ഉൾക്കൊണ്ടുകൊണ്ടാണ് ഈ കഥ നിൽക്കുന്നത്. ഈ കഥയിൽ മന്ത്രിക്കും കീഴ്ജീവനക്കാരന്റെ പത്നിക്കും അവരുടെ യഥാർത്ഥ സ്വത്വത്തിനൊപ്പം മായികസ്വത്വം കൂടി നൽകിയിട്ടുണ്ട്. ദമിതമായതും സ്വാതന്ത്ര്യത്തിലേയ്ക്കു കുതറുന്നതുമായ സ്ത്രീസ്വത്വവും ഈഡിപ്പൻ അനുഭവത്തിന്റെ ദമിതലോകം ഉള്ള മന്ത്രിയും ചേരുമ്പോഴാണ് കുട്ടിയെന്ന ഭ്രമാത്മക സ്വത്വം രൂപപ്പെടുന്നത്. തന്റെ അമ്മയുടെ ഒരേയൊരു മകനായ മന്ത്രിക്ക് അമ്മ ഇന്ന് ഒരു നഷ്ടാനുഭവമാണ്. നഗ



രത്തിലെത്തിയ ഗ്രാമവാസിയായ നവവധുവാകട്ടെ ഭർത്താവ്, മന്ത്രി, മന്ത്രിപത്നി തുടങ്ങി തന്നേക്കാൾ അധികാരവും പ്രാപ്തിയും ഉള്ളവർക്കിടയിൽ വിധേയത്വം നിറഞ്ഞ പെരുമാറ്റവിധം പാലിക്കാൻ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നവളാണ്. സ്വതന്ത്രനിലയ്ക്കായുള്ള അവളുടെ ആകാംക്ഷപോലെ മന്ത്രിയുടെ മാതൃസ്നേഹവും ദമിതമാണ്. ഈ അന്തരീക്ഷത്തിലാണ് സ്വത്വങ്ങളെ മായികസ്വത്വത്തിലേയ്ക്ക് അവധാരണം ചെയ്തിരിക്കുന്നത്. ഈ വേഷപ്പകർച്ചയ്ക്ക് പുനർജ്ജന്മസങ്കൽപം പശ്ചാത്തലമായി വർത്തിക്കുന്നു. മന്ത്രിയുടെ ദാമ്പത്യം പൂരകസ്വഭാവമില്ലാത്തതാണ്. ഇതിന്റെ ബദലെന്നപോലെ അബോധത്തിലും ഭൃതകാലത്തിലും ഏറ്റവും പൂരകസ്വഭാവം പുലർത്തിയിരുന്ന അമ്മ മകൻ ബന്ധത്തിന്റെ വ്യാഖ്യാനമായി നാവികവേഷം ധരിച്ച കുട്ടി എന്ന കഥ വായിച്ചെടുക്കാവുന്നതാണ്.

പൊതുവെ പറഞ്ഞാൽ മാധവിക്കുട്ടിയുടെ കഥകളിൽ ആവിഷ്കരിക്കപ്പെടുന്ന കുട്ടികൾക്ക് വ്യത്യസ്തങ്ങളായ അർത്ഥതലങ്ങളുണ്ട്. നാഗരികമനുഷ്യരുടെ ജീവിത ഇടങ്ങളിലെ അപരഭാഷ്യമായും (നണകൾ) വ്യത്യസ്തങ്ങളായ സാമ്പത്തിക സാമൂഹ്യജീവിതങ്ങളുടെ പ്രതിനിധാനങ്ങളായും (പ്രഭാതം) അവർ പ്രത്യക്ഷപ്പെടുന്നു. ഇതിൽ നിന്നൊക്കെ വ്യത്യസ്തമായി ഭ്രമാത്മകമോ മായികമോ ആയ സ്വത്വങ്ങളായും (ഉണ്ണി, നാവികവേഷം ധരിച്ച കുട്ടി) അവർ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. മായികവും ഭ്രമാത്മകവുമായ അവതരണങ്ങൾ പല പ്രകാരത്തിലുള്ള ദമിതകാമനകളുടെ വേഷപ്പകർച്ചയാണ്. ഭാര്യ, അമ്മ, മകൻ കാമുകൻ, തുടങ്ങിയവയുടെ സ്ഥിരാർത്ഥങ്ങളെ അപനിർമ്മിച്ചുകൊണ്ട് ഭ്രമാത്മകഭാഷ ഉപയോഗിച്ച് അർത്ഥത്തിന്റെ ബഹുതലപരമായ ഊയലാട്ടങ്ങളെയാണ് ഇത്തരം കഥകൾ അവതരിപ്പിച്ചത്.

# Quarantined Discipline: The Past/Present Tense of History

"About 70,000 years ago, organisms belonging to the species *Homo sapiens* started to form even more elaborate structures called cultures. The subsequent development of these human cultures is called history". (Yuval Noah Harari).

**Dr. Sebastian Joseph**
UC College, Aluva



History is often regarded as a thing of the past and historians and history teachers are therefore specialists of the past with no relevance in the utilitarian sense of the present. This obviously leads to corresponding gesticulations among the pubic that history is not practical because it is unreal and mostly consists of knowledge forms arising out of imagined interpretations of the world that had occurred in the preceding phases of human civilisations, though poor historians and history teachers respond frantically with adding the honorific, scientific history triggering the Rankean tradition and claims of professionalisation of history since the advent of Positivist studies. Usually such vociferous protests fail before the Great Wall of Utilitarianism. This reduces the marketability of the discipline( a term that commands much weight these days) and policy makers, advisors and educational 'experts' precisely comment that the subject needs to be appended or superscribed with certain relevant applied disciplines like heritage cum tourism studies, archaeological sciences, communication studies and so on and so forth. History fraternity itself




lands in a flux and gets disoriented with these callous, superfluous reasonings levelled by these people. Surprisingly the history, academicians teachers, and students do their 'chin down and chin up' postures based on external forces who are avowed in making the discipline of History applied, utilitarian and therefore relevant. Interestingly the history teacher also finds himself immersed in the laborious processes of fixing learning objectives, termed scientifically as outcome based education and often finds himself lagging behind in outcomes offered by sciences, tech- sciences and other applied courses like management.

The advent of the Corona virus poses some questions to the people who love and passionately follow the discipline of History and the brutal majority of the fraternity who do history for namesake. Disparaging is the cleavage between these two groups but the great pause of human civilisation which finds every opportunity to eulogise the much celebrated notions of progress, advancement and development offers a splendid structural opportunity for realising ( not understanding )the value of the discipline. This is crucial pertaining to the 21st century sapiens, the first specimen in the whole human history with alarming capacity, technological as well as scientific in reconfiguring landscapes within shortest possible time scale and at the same time scientifically conscious about the disastrous impact of such penetrating engagements that harm the womb of mother Earth. The turn of the present happened at the right moment which not only set the clock of history different but also emulated a different future for historiography. At this very moment, sources and writings on history become very relevant and people do scoop or seriously excavate incidents from the past, which may turn to be an invigorating exercise in locating the present. Present becomes more visible to the people belonging to the present itself as they get certain cues from the past to realise the momentary/ spasmodic experience they realise during these times. History becomes a science and an applied knowledge system for knowing the body, psyche and philosophy of a by gone era, not a fait accompli of the utilitarian demands.

**The Turn Table of History**

The great pause and turn in the social world heavily impact the thought processes through which a history teacher passes with all attendant liabilities assigned to the folk. Though I have read the history of pandemics and taught various classes and courses that covered areas like black death,


malaria and colonialism, health and environment, I must admit that it seldom affected my body or mind, or rather moved me with emotions specific to the periods of the past that I taught. This can be right with a majority of the history teacher/researcher folk (including historians) owing to the subordination of the thought world to certain methods and methodologies that are external to the inner realisation of the human in the history folk. These critical times offered immense opportunities for the history folk to feel history as if feeling an emotion of the past. Thoughts about death, survival, infection, contagionism, global annihilation have all made the universal emotion of fear, an emotion that was away from the present generation of the sapiens owing to the tremendous built-in confidence accrued through scientific advancements, technological and infrastructure development. Historian is also part of this global society that sensibilities about the past pandemics was just a research problem for her/ his research and studies. The problem remained outside and the historian approached it with a so called, unbiased, objective and impartial mind of frames of references. The frames of references of the historian as they often called were frames structured within the habitus and doxa of their present, but the pandemic world presented to them the cultural and psychological habitus of the by gone world, a world when people were subjected to fear of annihilation and death. This makes a turn in the world of historiography, a turn that brings in the past so forcefully into the present mindset of the historian. Contextually, a record on contagionism which otherwise would have been neglected by the historian of colonialism catches his/ her attention in the covid/ post covid scenarios of historical research.

**Self reflexivity in the Sources**

The evidences, primary sources as historians call them became sources that are so close to the present from where the historian starts the journey of the hermeneutical analysis. A file (as we usually refer to an archived data/evidence) at this point of self realisation enabled by the pandemic world of feeling, evoke sensibilities in the historians' mental framework to feel the document rather that just an analysis. His epistemological standpoint becomes a frame of reference when his own conditioning transforms to the level of seeing the world of emotions of the past as so close to his own emotions. A historian of pandemics of the 21st century recently remarked that the files conserved in the archives that reveal telling real stories of pandemics and quarantine transmitting a fragrance of fear inside the archives, a fear not felt by historian in the archives, the so called sacred laboratory of the historian. The bundles that contain stories of plague, Spanish flu and malaria emit the odour of fumigation and chemical sanitisers used in the past that in some sense take back the emotive moods of the historian to the days of the past. Confronting his own precarious situation in a pandemic stricken present ,the imagination of the historian transcends to the past and become one with the people who suffered in those distant times. This reduces the distance, both mental and intellectual, between the historian of the 21st century and that of the plague stricken times of 14th century. This is possible only with the self realisation of the historian, his bodily and mental concerns with the present times of the deadly virus. If it was Yersinia Pestis, it is not a bacteria now, but a virus that rules even the intellectual notions of the historian. It is a question of the virus ruled present meeting the bacteria ruled past, the only difference being the knowledge of the present world about the parasite detectable through microscopes from that of the ignorance of the past times when the bacteria was not discovered. Even in spite of scientific progress, the helplessness of the modern times with the precise knowledge about the virus is similar to the same old medieval society ignorant of the parasitic organism making the historian one with the past.

**The Boundaries of Historiography**

When maps change, how can histories be bounded with definite cartographic expertise? A person who wakes up in the pandemic world often finds that he becomes an alien in his own land, when his own district is labelled a containment zone thereby making his movements within his own country an impossibility (even if it is only for the time being). A political historian who worked with a well defined political boundary is encountered with the problem of fluid maps, ever changing zones and therefore feels a slipperiness of analysis. Is there a document that narrates the history of a virus in a strictly national sense, as Pakistani Virus or Indian Virus? This again promotes the thinking of global solidarity and exposes the ubiquitous nature of the world affected with the pandemics. As we all frantically look to the vaccine against the corona virus, the pages of history too look forward to a global historiographical approach that addresses the issue in a global parlance. Histories converge at this point (though common sensical notions still contaminate with regional differences and ideological underpinnings) making the historian as a student of universalistic emotions, a problem and a theme quite impossible for a pre-covid historian to think in the routinised world of historical research. It is incorrect to say that such exercises were not there in the past, for instance, historians of the environment and diseases have



mapped out borderless histories of small pox, measles, malaria and plague. Interestingly historians too have mapped histories of mosquito empires, empires of plants and seeds and even of imperialism of a higher order, uncommon, ecological imperialism. All these are borderless histories, but it must be reaffirmed that the present century of pandemics is sure set to impact the historian on a more profound level triggering reconstruction of the lost world of boundary less and mapless histories of human emotions and sufferings. More than the guns, it is the bacteria and the viruses that changed the boundaries of history, though their significance and weight in historiography is often nullified. One can surely say that rats, fleas, and mosquitoes made larger empires than man-made technologies and therefore it would be apt to say these rodents too causate history ( not only Cleopatra's nose). Primary sources for historical reconstruction get widened in this context, its domains reach to the global world, though the documents are local the problem it contains becomes global.

**Pandemics and the History Narrative**

One thing that seriously disturbs the historian in the coming days is the narrative form of history. Can the sufferings of the humans, their private and mundane emotions be translated into historical texts as if the historian of wars, political movements and administrative reforms write their kind of histories? The plots from the life world of the people who encountered pandemics need a narrative that encapsulate the untold stories of fear, death and sufferings, where there is obviously a dearth of primary sources. Evidences that talk statistical details of the pandemic world talk very little about the lived realities. Instead, such lived realities are found scattered in artistic works like paintings, photographs, novels, short stories, cinema and documentaries as we call them as the new sources for the historian. The textual format of the historian confronts a set of documents that lack the precision and figurative dimensions of events and descriptions that are found in the reports, confidential accounts of infectious diseases and so on and so forth. Implicit in this is the need for creating a different textual format for the pandemic histories that reveal the painful story of poor and ordinary people. Emplotment, as Hayden White

calls the construction of histories, as plots and stories that infuse a different meaning in the history written becomes the end product in post-pandemic times. In other words, history is to accommodate the daily life world of the commoner and the poor along with the elite, a life world significantly different from the textualised official histories unconcerned with pandemic emotions. Looking at the world through the self reflexive mental apparatus of the historian, makes the historical narrative more emotively charged and nearer to literary works like Albert Camu's, *The Plague* and Giovanni Boccaccio's *Decameron*. Historians also get better evidences in the form of virus detective movies like *Contagion and Virus*(Malayalam) where fictional characters turn to become real characters in the real life world. These movies tell the story of a large section of the community which became panic stricken with the emotion of fear of deadly micro organisms. As post modern film historians argue, fictionalised history in that form represent the factual past in a differentiated manner making fiction closer to reality and in some instances overshadowing the factual representations which fail in bringing the emotive heuristics onto the pages. On the screen fiction becomes realistic when the central plot of the pandemic movie revolves around the disease and people who fight and ultimately win the battle.

**The Return of Pandemic Lexicon**

Quarantine, social distancing, masks, confinement, contagionism, miasmatic environmentalism, containment, sanitation, fumigation and a cluster of words and phrases have revisited the social world of the present with deep epistemological implication for the band of historians who used to encounter these in the old archives. Does this return of the pandemic lexicon affect the historian in a deeper manner or remain just a few words away from his pandemic world? Possible are the days when historian understands the real meaning that comes out from files that talk about these terms and terminologies when they find the methodology of historiography impacted by the cultural weight of the lexicon, when historiography and lexicography mutually reinforce and substantially alter the histories written. The felt impact of the historian with these terms and phrases are to be found reflected in the narrative that he crafts, a narrative that not only produces a meaning of the term in the past but forcefully foregrounds the whole structure of the emotional world, a consequential result in historiography. The pandemic lexicon also implicates racialisation of the bodies in the past, body becoming a motif to attribute certain traits of regions that differentiate and segregate from bodies that commanded power in the past. That becomes a crucial question when we address the hate stories writ large on the facade of history.

**The Body Factor and the Pandemics**

The profit making drive and materialisation logic of the capitalist world come into the picture when we try to make an attempt in locating historical trajectories of the pandemics that so far affected human civilisation. All pandemics that disastrously affected human civilisation cannot be attributed to the system that supported capitalist drive, but the drive for profit and logic of converting natural resources as material for the onward march of a progressive civilisation was a crucial ideology that reinforced the will of the sapiens who wanted to be distinctive from other species of the non-human world. They also built walls of separation with their domain through effectively segregating certain people and some regions as non productive, savage and therefore bad. The labelling of India as a 'bad tropics'(David Arnold) is a historic case in instance but the profit that the coloniser accrued out of such regions knew no bounds as all are aware. But, pinning regions as bad was something connected to the hygiene culture of the white which is again attested through the discriminative treatment of others, that included Asians and Africans in the lazarettos set up for plague quarantine. At this point emerges the colossal ambition of the European in branding the people from these regions as filthy, unhygienic and uncivilised barbarians. Bodies became a metaphor to denote inhuman categorisation of certain bodies that needed more periods for healing in the Lazarettos and the white bodies with a grace promotion and therefore needed only lesser number of days for recuperation.

Even while this racialisation happened inside the Lazarettos, the general inclination of the British colonial empire was against quarantine in the initial stages owing to the threat of fall in profit from international trading engagements. Theories connected with 'miasmatic environmentalism' and infection and transmission of diseases were projected as a problem with the impure atmosphere and unhygienic environments. Inextricably entangled relations between trade and economic interests of the colonial empire became most visible with the recurring incidents of plague but even during the Justinian plague the world realised the problems connected with global connectivity. Connectivity, transnational in nature became a reality with the making of the colonial empires all over and spread of diseases quickened due to the mingling of population from far off regions. People, plants, weeds and diseases started reaching other continents due to this connectivity made possible through voyages, discoveries and settlements. Looking from the lens



of history one is able to see the wider connotations of the term connectivity and global networks, networks of industrial, commercial and finance capitalism in its varied forms. History teaches you the inner ideologies of differentiation enmeshed in connectivity and at the same time emphasises the value of being connected in a world. Instances of maps becoming meaningless move our minds to think in terms of global solidarity, especially in fighting the threats posed by the parasitic viruses.

**Unusual Present meets the Usual Past?**

Quite unprecedented are the times through which the present global society is forging ahead. Unusual has become usual, normal comes as new normal, regular has assumed new meaning , attendance registers have become obsolete and so on and so forth. A new lexicography of the world and its representative social life is all set to change. A virus that appeared in the world in the 1930's has made shifts and turns in the daily lifeworld of the sapiens. There are precedents in the past but at a realisation level Covid-19 and its impact on the present human society is a never before experience, a never before experience for the rational and the irrational. The pages of recorded histories teach us such lessons through leprosy, plagues, cholera, Flu, AIDS, and other infectious diseases but such lessons never taught us the mindset of the people who suffered and encountered pandemics, a collective consciousness which could only be realised by the humans of particular times and humans become toys. The 'pathology of touch' being a scientific experience is nowadays an experience of the humans, a thing that horrifies people despite their social status, knowledge levels and such differentiating cultural affiliations, biases and segregations. All learned histories are unfolded these days to see, think and understand human responses to such occurrences in the past, making the past or study of past relevant in a highly utilitarian/skill oriented modern world, therefore catering to its needs. Rarely history as a discipline becomes relevant by all counts and therefore systems turn to the historians for evidences that are vital for the onward march of human civilisation.

Pandemics have taught the global citizen on all occasions the vulnerability of the human and his highly sophisticated and institutionalised world order. It has cut at the root of dominant ideologies and philosophies that looked at the futuristically conceived world of progress and advancements. Humans have a tendency to nullify such lessons or experiences for making bigger stories of accomplishments that go a long way in making them and their times as different and markedly distinct form the past. Present takes a turn to dissociate from all such told stories and intent to celebrate with new stories, most often told through scientific and technological advancements. Chroniclers and historians have all projected such great stories through methodologies that distinguish their narratives and histories from the past. Past is/ was often seen as a pretext to

differentiate it from the present, but not to see the present, because seeing the present was a question of realisation, a realisation that is inextricably related to the human civilisation's power to see similarity, ubiquitous situations of understanding and universal consciousness, a romantic imagination of some of philosophers and thinkers of different times. Present always wished to see the past from the perspective of the past but never succeeded in that methodological endeavour as the past was itself embedded in the notions of the present (of their times). This is the past/ present tense of past, in other terms history, as we call from a disciplinary orientation.

**Planetary Consciousness Resurfaced**

Only when pandemics come the world thinks together, rather to put it correctly, feels together. In the 1970's the world started thinking together for a very different cause, the rescue of the planet Earth that faced serious threats from the expanding script(s) of human success stories. It was not a question of natural resources and other non -human elements but the imprint that modernity inflicted on the body of the human, the body that was preyed upon as both a subject and an object. Materialisation became the order of the day and any claims or oppositional discourses were marginalised or criminalised from the point of view of governmental rationale of civilisational progress, the parameter of governmental structures that pervaded historical times and asserted through institutionalisation of the control regimes. December 2019 again reinforced this consciousness on a more vigorous note, this time demystifying the capacity of the modern world's notion of insularity from dangers that may affect the whole human race on planet earth. It is to this realisation that history opens the windows, a history of the environment becoming an ideology for the present to locate the present more scientifically than any other sciences and social sciences could accomplish.

The shockwave came from China in December 2019, a wave that splashed over the continents exposing the myth of secure and insecure nations on variables projected by international organisations dealing with health and environment. The idea that all of the world is on 'one space ship earth' became a true reality when the white and the black, the northerner and the southerner, the rich and the poor realised the impact of the deadly virus, the Corona (interestingly meaning crown). There were such similar occurrences in the past that shook the very foundations of human knowledge and power, occurrences that created images of social life that we witness these days. The Justinian Plague, Black Death of the 14th century, the recurring plagues of later years, the Cholera, Malaria, the Spanish Flu , were pandemics that swept over continents creating new normals in those times. Social distancing in varied forms, quarantine, wearing of protective equipment and masks were the therapeutics against such deadly diseases. Those were spasmodic events, but events in their own right became markers, sometimes creating new orders. Feudalism, trade, commerce, gender relations, ideologies, politics and cultural forms confronted protests from different quarters. All these brought about sweeping changes in the society but together with that exploitative world order based on a whole new edifice gained momentum in reconfiguring social and economic relations that suit well for the capitalist world order.

**Therapeutic Histories**

History as a discipline aims at a higher level, the progressive humanisation of the sapiens who are the only species in the world with the knowledge for creating incredible stories, incredible for the wonderful matrix of social relations that is projected. Within these stories come pauses like the one we feel nowadays, a great pause that triggers a never before kind of imaginative/ ruminative world order. The documented stories that pile up the archives in different locations of the globe permeate rigid divisions of the past pointing to the oneness feeling, a feeling that rarely visit the globe and which is now a felt emotion all over the world. Files, to put it rightly, primary sources of the human past, archived in various repositories talk in one language now, the language of the pandemic-stricken world. This is the right moment, a structural opportunity for the historian to disseminate values of humanity that saved generations from the fringes of annihilation. Histories of this kind unbundle language and cultural motifs of universalistic and ubiquitous emotions, never possible in the case of normal sciences that work with elements devoid of human factor, a point at which history becomes the most applied social science in the world of knowledge systems. Discharge from this therapeutic history is to emulate and inspire millions of students sitting in the classrooms, classrooms to demonstrate the healing power of the discipline, a healing that has taken on its forward march into various segments in the contemporary society, a society which show scant sensibility in understanding the power of historical cure. The pandemics matter for history too, perhaps a different matter that distinguishes it from the normal matter.


Tail (Tale ) End!

Yuval Noah Harari in *Sapiens, A Brief History of Human Kind,* was trying to define history making as distinctively different from Physics, Chemistry and Biology, Sciences that predated History, a science of cultures.


# ശാസ്ത്രജ്ഞാനം: ആഴവും മാറുന്ന ധാരണകളും



**വൈശാഖൻ തമ്പി ഡി.എസ്.**
എം.ജി. കോളേജ്, തിരുവനന്തപുരം



നമ്മൾ പല കാര്യങ്ങൾ പഠിച്ചിട്ടുണ്ട്. പ്രത്യേകിച്ചും, സ്കൂൾ തലത്തിൽ നാം ഫിസിക്സും സിവിക്സും ജ്യോഗ്രഫിയും ജ്യോമെട്രിയും എന്നിങ്ങനെ വിവിധങ്ങളായ വിഷയങ്ങൾ ഉൾപ്പെട്ട ഒരു പരന്ന അറിവാണ് നേടുന്നത്. അവിടന്ന് ഉന്നതവിദ്യാഭ്യാസത്തിലേയ്ക്ക് വരുമ്പോൾ പരപ്പ് കുറയ്ക്കുകയും ആഴം കൂട്ടുകയും ചെയ്യുക എന്നതാണ് പൊതുവിൽ ലോകമെമ്പാടുമുള്ള രീതി. അങ്ങനെ ആഴത്തിൽ പഠിയ്ക്കുമ്പോൾ ആ വിഷയത്തിൽ ഒരാൾ വൈദഗ്ധ്യം (expertise) നേടി എന്ന് പറയാം. അടുത്ത ചോദ്യം എങ്ങനെയാണ് അറിവിന്റെ ആഴം കൂട്ടുന്നത് എന്നതാണ്. നമ്മുടെ സിസ്റ്റത്തിൽ പരക്കെ നിലനിൽക്കുന്നതായി തോന്നിയിട്ടുള്ള ഒരു ധാരണ, കൂടുതൽ കൂടുതൽ കാര്യങ്ങൾ പഠിക്കുന്നതുവഴിയാണ് അത് ചെയ്യുന്നത് എന്നതാണ്. അതായത് പത്താം




ക്ലാസ്സിലെ ഫിസിക്സ് പുസ്തകത്തെക്കാൾ വലുതാണ് എം.എസ്‌സി. ഫിസിക്സിന് പഠിക്കാനുള്ള പുസ്തകങ്ങൾ (അഥവാ ഉള്ളടക്കത്തിന്റെ വലിപ്പം) എന്നതാണ് ആഴം കൂടുന്ന അറിവിന്റെ തെളിവ്. എന്നാൽ ഇവിടെയൊരു വലിയ പ്രശ്നമുണ്ട്; ഇത് ആഴമല്ല പരപ്പാണ് കൂട്ടുന്നതെങ്കിലും ബാധകമാകും. അവിടെ പരിശോധിക്കേണ്ടത് പത്താം ക്ലാസ്സിൽ പഠിച്ച ഒരു കാര്യത്തെ കുറിച്ചുള്ള ധാരണ എം.എസ്‌സി. കഴിയുമ്പോൾ എത്രത്തോളം പരിഷ്കരിക്കപ്പെട്ടിട്ടുണ്ട് എന്നതാണ്.

എല്ലാ വിഷയങ്ങളിലും, മിക്കവാറും എല്ലാ കാര്യങ്ങളും സ്കൂളിൽ പഠിക്കുന്നത് അപൂർണമായിട്ടാണ്. കാരണം പഠിതാവിന് ഒരു അടിസ്ഥാനധാരണ നൽകുക എന്ന ഉദ്ദേശ്യമേ അവിടുള്ളൂ. വൈദഗ്ധ്യം അവിടന്നും ഒരുപാട് ദൂരെയാണ്. അടിസ്ഥാനധാരണയും വൈദഗ്ധ്യവും തമ്മിലുള്ള പ്രധാന വ്യത്യാസം, ആദ്യത്തേതിൽ ഒരുപാട് വിശദാംശങ്ങൾ (details) ഒഴിവാക്കപ്പെട്ടിരിക്കും എന്നതാണ്. ഒരു വട്ടവും അഞ്ച് വരയും കൊണ്ട് പെട്ടെന്ന് ഒരു ആൾരൂപം വരയ്ക്കാനാവും (അതിനെ സ്റ്റിക് ഫിഗർ എന്ന് വിളിയ്ക്കാം). ഒരു മനുഷ്യരൂപത്തിന്റെ പൂർണതയ്ക്കാവശ്യമായ നിരവധി വിശദാംശങ്ങൾ അവിടെ നാം മനഃപൂർവം ഒഴിവാക്കുകയാണ്. എന്നാൽ പല പ്രായോഗിക ആവശ്യങ്ങൾക്കും അത് മതിയാകും താനും. സ്റ്റിക് ഫിഗറിൽ നിന്ന് റിയലിസ്റ്റിക്കായ മനുഷ്യ രൂപത്തിലേയ്ക്കുള്ള വികാസം പോലെയൊരു മാറ്റമാണ് മിക്ക കാര്യങ്ങളിലും അടിസ്ഥാനധാരണയിൽ നിന്നും വൈദഗ്ധ്യത്തിലേയ്ക്കുള്ള വികാസം. വ്യക്തിപരമായ ഒരു നിരീക്ഷണം, നമ്മുടെ ഉന്നതവിദ്യാഭ്യാസത്തിൽ ഇത് സംഭവിക്കുന്നില്ല എന്നതാണ്. മനുഷ്യന്റേതിന് പുറമേ പട്ടിയുടേം പൂച്ചയുടേമൊക്കെ സ്റ്റിക് ഫിഗർ കൂടി വരയ്ക്കാൻ പഠിയ്ക്കലായിട്ട് അത് മാറുന്നുണ്ട്. സ്കൂളിൽ പഠിച്ചെടുത്ത അടിസ്ഥാനധാരണകളിലേയ്ക്ക് കാര്യമായി ഒന്നും കൂട്ടിച്ചേർക്കപ്പെടാതെയാണ് ഒരു ശരാശരി വിദ്യാർത്ഥിയുടെ ബിരുദാനന്തരവിദ്യാഭ്യാസം വരെ പൂർത്തിയാകുന്നത്.

ഒരു ഉദാഹരണമെടുക്കാം...

സ്കൂളിൽ ന്യൂട്ടന്റെ രണ്ടാം ചലന നിയമം പഠിച്ചിട്ടുണ്ട്. m മാസ്സുള്ള ഒരു വസ്തുവിൽ F അളവിലുള്ള ഒരു ബലം പ്രയോഗിച്ചാൽ ആ വസ്തുവിന്റെ പ്രവേഗം (velocity) സെക്കൻഡിൽ a എന്ന അളവിൽ മാറും എന്നാണ് അത് പറയുന്നത്. പ്രവേഗത്തിൽ വരുന്ന മാറ്റത്തിന്റെ നിരക്കായ a-യെ ത്വരണം (acceleration) എന്ന് വിളിക്കും. ഈ പരസ്പരബന്ധത്തെ

F = ma

എന്ന സമവാക്യം കൊണ്ട് സൂചിപ്പിക്കും. ഇത് പ്രകാരം F ബലം m മാസ്സുള്ള ഒരു വസ്തുവിൽ പ്രയോഗിച്ചാൽ അതിന് F/m അളവിൽ ത്വരണമുണ്ടാകും. അപ്പോ 5 kg മാസ്സുള്ള ഒരു വസ്തുവിൽ 10 N (ന്യൂട്ടൻ, ബലത്തിന്റെ യൂണിറ്റ്) ബലം പ്രയോഗിച്ചാൽ അതിന് 10/5 = 2 m/s2 ത്വരണം ഉണ്ടാകും. ഇത് സ്കൂൾ ലെവൽ ഫിസിക്സിൽ പഠിച്ച് കുട്ടികൾ മാർക്ക് വാങ്ങുന്ന കാര്യമാണ്. ഇതുമായി ബിരുദതലത്തിൽ ഫിസിക്സ് പഠിച്ച ഒരാളോട് ന്യൂട്ടന്റെ ചലനനിയമമോ മേൽപ്പറഞ്ഞതു പോലെ ഒരു കണക്കോ ചോദിച്ചാൽ ഞൊടിയിടയിൽ ഉത്തരം കിട്ടും. ഇനി ഇതിന്റെ അടിസ്ഥാനത്തിൽ നാം മറ്റൊരു ചോദ്യം പരിഗണിക്കുകയാണ്;

5 കിലോഗ്രാം മാസ്സുള്ള ആ വസ്തു ഒരു ജീവനുള്ള പട്ടിയാണെങ്കിലോ?


നിങ്ങളതിനെ 10 N ബലത്തിൽ തൊഴിച്ചാൽ ആ പട്ടിയുടെ ത്വരണം 2 m/s2 ആയിരിക്കുമോ? മിക്കവാറും ശരിയായ ഉത്തരം തന്നെ കിട്ടും; പട്ടിയുടെ ത്വരണം അതാകാൻ തീരെ സാധ്യതയില്ല. പക്ഷേ അടുത്ത ചോദ്യമാണ്


പ്രശ്നം; അപ്പോൾ ന്യൂട്ടന്റെ ചലന നിയമം തെറ്റാണോ? ഇതിത്തിരി കുഴപ്പിക്കുന്ന സാഹചര്യമാണ്. ന്യൂട്ടന്റെ നിയമം തെറ്റാണെന്ന് പറയാനുള്ള ധൈര്യം പോരാ. (ഇത്രേം സാധാരണമായി എല്ലാവരും പഠിക്കുന്നത് തെറ്റാവാൻ സാധ്യതയില്ല എന്ന വിശ്വാസം!) എന്നാൽ പട്ടിയെ ചവിട്ടുന്നതിലെ പ്രായോഗിക അറിവ് F = ma എന്ന പാഠവുമായി യോജിക്കുന്നതല്ല എന്നും ഉറപ്പ്. അപ്പോ എന്തുപറയും?

സ്കൂളിൽ പഠിച്ച ന്യൂട്ടൻ നിയമം തെറ്റായിരുന്നില്ല. പക്ഷേ അവിടെ പഠിയ്ക്കാത്ത കുറേ വിശദാംശങ്ങൾ കൂടി നമ്മുടെ ചോദ്യത്തിൽ പരിഗണിക്കേണ്ടതുണ്ട് എന്നതാണ് പ്രശ്നം. അടിസ്ഥാനപഠനത്തിനായി ലളിതവൽക്കരിച്ച സിദ്ധാന്തങ്ങൾ പ്രായോഗിക സാഹചര്യങ്ങളിലേയ്ക്ക് ഉപയോഗിക്കാൻ പ്രാപ്തമായിരിക്കില്ല. അതിന് വിശദാംശങ്ങൾ വേണ്ടതുണ്ട്. നമ്മുടെ ഉദാഹരണം തന്നെ കീറിമുറിയ്ക്കാം.

ന്യൂട്ടന്റെ ചലനനിയമം F = ma ആകുന്നത് ചില വ്യവസ്ഥകൾക്ക് ബാധകമായിട്ടാണ്. ഉദാഹരണത്തിന്, ഒന്ന്, m മാസ്സുള്ള ആ വസ്തു ഒരു 'പോയിന്റ് മാസ്സ്' ആയിരിക്കണം. എന്നുവെച്ചാൽ നമ്മുടെ ഉദാഹരണത്തിൽ, അത് അഞ്ച് കിലോഗ്രാം മാസ്സും കൂടി ഒരൊറ്റ ബിന്ദുവിൽ കേന്ദ്രീകരിച്ചിരിക്കണം. എന്നാലേ F=ma നേരിട്ട് പ്രയോഗിക്കാൻ പറ്റൂ. പ്രയോഗിക്കപ്പെടുന്ന ബലം സ്ഥിരമായ അളവിലുള്ളതായിരിക്കണം (constant) എന്നുള്ളതാണ് മറ്റൊരു വ്യവസ്ഥ.

അപ്പോ മാസ്സ് ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുന്നതിന് പകരം നീളവും വീതിയുമൊക്കെയുള്ള ഒരു വലിയ വസ്തുവായിരുന്നാൽ എന്ത് സംഭവിക്കും? വസ്തുവിന്റെ centre of mass-ന് നേരെയല്ല ബലം പ്രയോഗിക്കപ്പെടുന്നത് എങ്കിൽ ആ ബലം വ്യത്യസ്തമായ ഒരു പ്രഭാവം കൂടി ഉണ്ടാക്കും. അതിനെ നമ്മൾ torque എന്ന് വിളിക്കും. ടോർക്ക് ആ വസ്തുവിനെ കറക്കാൻ ശ്രമിക്കും. പക്ഷേ ആ വസ്തു എത്രത്തോളം കറങ്ങുമെന്ന് moment of inertia (MI) എന്ന മറ്റൊരു അളവ് കൂടി പരിഗണിച്ചാലേ അറിയാനാകൂ. ആ വസ്തുവിൽ പിണ്ഡം ഏതളവിൽ ഏതൊക്കെ ഭാഗങ്ങളിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു, അതിന്റെ രൂപം എന്താണ് എന്നിങ്ങനെ പല ഘടകങ്ങൾക്കനുസരിച്ചാണ് അതിന്റെ MI ഉണ്ടാകുക. F=ma എന്ന സമവാക്യത്തിൽ ബലം, പിണ്ഡം, ത്വരണം എന്നിവ ബന്ധപ്പെട്ടിരിക്കുന്നത് പോലെ, ടോർക്കിനേയും MI-യേയും ഒക്കെ ബന്ധിപ്പിക്കുന്ന വേറെ സമവാക്യങ്ങൾ ഉണ്ട്. അതായത്, ന്യൂട്ടന്റെ ചലനനിയമത്തിലെ പോയിന്റ് മാസ്സ് എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല എങ്കിൽ അവിടത്തെ ചലനം വിശദീകരിക്കാൻ കുറച്ചുകൂടി അറിവുകൾ ചേർത്ത് വെക്കേണ്ടതുണ്ട് എന്നർത്ഥം. ഇപ്പറഞ്ഞത് പത്താം ക്ലാസ്സിനുള്ളിൽ പഠിക്കുന്നില്ല എന്നേയുള്ളൂ. Centre of mass, torque, moment of inertia, angular acceleration എന്നൊക്കെ പറഞ്ഞ് കുറേയേറെ കാര്യങ്ങൾ പ്ലസ് വണ്ണിൽ തന്നെ ഫിസിക്സ് ക്ലാസ്സിൽ പഠിക്കാനുണ്ട്. ഇതൊന്നും പക്ഷേ ആദ്യമായി ന്യൂട്ടന്റെ നിയമം പഠിക്കുന്നിടത്ത്





പറയില്ല. കാരണം തീർത്തും അടിസ്ഥാനപരമായ ഒരു ധാരണ നൽകുക എന്നേ അവിടെ ഉദ്ദേ ശ്യമുള്ളൂ. കൂടുതൽ ആഴത്തിൽ പഠിക്കേണ്ടവർ തുടർന്നും ഫിസിക്സ് പഠിക്കുമെന്നും ബാക്കി അവിടെ പറയാമെന്നുമാണ് പാഠ്യപദ്ധതി ഉദ്ദേശിക്കുന്നത്.

തീർന്നില്ല. പ്ലസ് വണ്ണിൽ എന്താ ണ് ഈ moment of inertia എന്ന് ഏകദേശമായി പറഞ്ഞുപോകുക യേ ഉള്ളൂ. അത് ടെൻസർ (tensor) എന്ന സവിശേഷ ഗണത്തിൽ പെട്ട ഒരു അളവാണ് എന്നത് ഡിഗ്രി തലം കഴിഞ്ഞിട്ടേ പരിച യപ്പെടുത്തൂ. എന്താണ് ടെൻസർ എന്നത് കൃത്യമായി മനസിലാ വണമെങ്കിലോ, എം.എസ്.സി. തലത്തിൽ മാത്തമാറ്റിക്കൽ ഫി സിക്സ് എന്ന തലക്കെട്ടിൽ അത് പ്രത്യേകമായി പഠിക്കേണ്ടിവരും! ഇനിയുമുണ്ട് സങ്കീർണതകൾ, പോയിന്റ്മാസ്സിൽ നിന്നും വലിയ വസ്തു ആയാലും അതൊരു ദൃഢവ സ്തു (rigid body) ആണെന്നാണ് നാം കണക്കാക്കുന്നത്. അതായ ത് ബലം പ്രയോഗിക്കുമ്പോൾ അതിലെ ഘടക കണികകൾ തമ്മിലുള്ള ആപേക്ഷികദൂരം മാറ രുത്. മാറിയാൽ പിന്നെ elasticity, restoring force എന്നിങ്ങനെ കൂടു തൽ കാര്യങ്ങൾ കണക്കിലെടുക്കേ ണ്ടി വരും.

എം.എസ്.സിയൊക്കെ കാര്യമായി പഠിച്ചവരോട് പോലും 'പട്ടിയെ ചവിട്ടുന്നതിലെ ന്യൂട്ടൻ നിയമ'ത്തെ കുറിച്ച് ചോദിച്ചാൽ അവർ മി ണ്ടില്ല എന്നതാണ് പ്രായോഗിക യാഥാർത്ഥ്യം. F=ma എന്ന സി മ്പിൾ നിയമത്തിനപ്പുറം ഒരുപാട് ഘടകങ്ങൾ പരിഗണിക്കേണ്ട ഒരു സാഹചര്യമാണത് എന്ന് തിരിച്ചറിയാൻ പോലും കഴിയുന്നി ല്ലെങ്കിൽ അതിന് കാരണം സ്കൂളിൽ പഠിച്ച അടിസ്ഥാന ധാരണകളിൽ യാതൊരു പരിഷ്കരണവും വരു ത്താൻ ഉന്നതവിദ്യാഭ്യാസത്തിന് കഴിഞ്ഞിട്ടില്ല എന്നതാണ്. പട്ടി യെ ചവിട്ടുന്ന ഉദാഹരണത്തിൽ നിന്നും ന്യൂട്ടൻ നിയമം തെറ്റാണെ ന്നാണോ മനസിലാക്കേണ്ടത് എന്ന് ചോദിച്ചാലും ഉത്തരം കിട്ടാ റില്ല. കാരണം ഇതൊക്കെ ശരിയോ തെറ്റോ എന്ന് ചിന്തിക്കേണ്ട ആവ ശ്യം പോലുമില്ല എന്നാണ് നമ്മുടെ വിദ്യാഭ്യാസരീതി വിദ്യാർത്ഥികളെ ധരിപ്പിക്കുന്നത്. ടീവീയിലെ ഗെയിം ഷോയ്ക്ക് ബലൂൺ പൊട്ടിക്കു ന്നത് പോലാണ് പഠനം. എന്തി നാണീ ബലൂൺ പൊട്ടിക്കുന്നത് എന്ന ചോദ്യത്തിന് പ്രസക്തിയില്ല. ബലൂൺ പൊട്ടിക്കാൻ പറഞ്ഞു, നമ്മൾ പൊട്ടിക്കുന്നു. നന്നായി പൊട്ടിച്ചാൽ സർട്ടിഫിക്കറ്റ് കിട്ടും.

ഇത് ഏതെങ്കിലുമൊരു ന്യൂട്ടൻ നി യമത്തിന്റെ കാര്യത്തിലോ ഏതെ ങ്കിലുമൊരു വിഷയത്തിലോ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രശ്നമല്ല. പൊ തുവിലുള്ള ഒരു ആശങ്കയാണ്. ഉന്ന തവിദ്യാഭ്യാസത്തെ സൂചിപ്പിക്കുന്ന ഡിഗ്രിയ്ക്ക് അതത് വിഷയത്തിലെ അറിവുമായി ബന്ധമില്ലാത്തതും അതുകൊണ്ടാണ്. വിദ്യ കൊണ്ട് പ്രബുദ്ധരാകുക എന്ന മഹത് വചനം നമ്മൾ വലിയ അക്ഷര ത്തിൽ എഴുതിവെക്കും. പക്ഷേ വിദ്യ നമ്മളെ സ്പർശിക്കുന്നേയില്ല!

ചുരുക്കത്തിൽ, രണ്ട് കാര്യങ്ങളാണ് ഇവിടെ പറയാൻ ശ്രമിച്ചത്. ഒന്ന്, അടിസ്ഥാന ധാരണകൾ ശരിയാ ണെങ്കിൽ പോലും അവ നേരിട്ട് പ്ര യോഗക്ഷമമാകണമെന്നില്ല. രണ്ട്, നിലവിലുള്ള അടിസ്ഥാനധാരണ യെ പരിഷ്കരിക്കാത്തിടത്തോളം കാലം ഡിഗ്രി ഒരു 'ഉന്നതവിദ്യാഭ്യാ സം' ആയി മാറുന്നില്ല.




# നാം നിർമ്മിക്കുന്ന ഭാഷ നമ്മെ നിർമ്മിക്കുന്നു

**ഡോ. ജോസഫ് സ്കറിയ**
എസ്. ബി കോളേജ് ചങ്ങനാശ്ശേരി



വികസ്വര-അവികസിത രാജ്യങ്ങളിലെ ജനങ്ങൾക്ക് അവരുടെ ദേശഭാഷയുടെ വിനിമയശേഷികളെക്കുറിച്ച് (വികസിത രാജ്യങ്ങളിലുള്ളവരേക്കാൾ) സംശയമുണ്ട്. പ്രത്യേകിച്ചും, കോളണിഭരണം ഉൾപ്പെടെയുള്ള അധിനിവേശങ്ങൾക്ക് അവർ വിധേയമായിട്ടുണ്ടെങ്കിൽ. ചില കാര്യങ്ങൾക്കുകൊള്ളാം, ചിലതിനു കൊള്ളില്ല എന്ന തോന്നലിനെ ഒരു ഭാഷാസമൂഹം മൊത്തത്തിൽ അംഗീകരിക്കുന്നതിലൂടെയാണ് ഇതൊരു വിശ്വാസമായി മാറുന്നത്. വ്യക്തിക്കു ചിന്തിക്കാനും പ്രവർത്തിക്കാനും കലഹിക്കാനും സ്നേഹിക്കാനും പ്രാർത്ഥിക്കാനും പുലഭ്യം പറയാനുമെല്ലാം തുണനിന്ന സർവ്വ നിനവുകളെയും പ്രതിനിധീകരിച്ച ജന്മഭാഷ[1] ഇന്നു വിനിമയപ്രാപ്തമല്ലാതാകുന്നത് ഭാഷാസമൂഹത്തിന്റെ ഭാഷാമനോഭാവത്തിൽ ഗുരുതരമായ മാറ്റം വരുന്നതുകൊണ്ടാണ്.



മലയാളഭാഷയുടെ വ്യവഹാരശേഷിയെക്കുറിച്ചുള്ള തർക്കങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സാമ്പത്തികശേഷിയും രാഷ്ട്രീയാധികാരവുമില്ലാത്ത മിക്ക ഭാഷകളുടെയും വ്യവഹാരശേഷിയെ സംബന്ധിച്ച് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടല്ലോ. ഈ ആരോപണമുന്നയിക്കുന്നവർ അതേ ഭാഷാസമൂഹത്തിൽപെട്ടവരായിരിക്കും എന്നതാണ് കൗതുകകരമായ വൈരുദ്ധ്യം.

കേരളഭാഷയുടെ വിധി മാറ്റിയെഴുതിയ രണ്ട് അധിനിവേശങ്ങളും[2] ഭാഷയുടെ വ്യവഹാരശേഷിയെപ്പറ്റി ഭാഷകസമൂഹത്തിനുള്ളിൽതന്നെ ഒട്ടനവധി ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചുവച്ചിട്ടുണ്ട്. ക്രി.പി. ഏഴോ എട്ടോ നൂറ്റാണ്ടിൽ നടന്ന ആര്യാധിനിവേശവും ക്രി.പി. 17-ാം നൂറ്റാണ്ടിലാരംഭിച്ച ഇംഗ്ലീഷ് കോളണീകരണവും കേരളഭാഷയുടെ രൂപത്തിലും ഭാവത്തിലും വലിയ മാറ്റങ്ങളുണ്ടാക്കി. എന്നാൽ ബാന്ധവങ്ങളുടെ ഫോർമാലിറ്റികളിൽ നിന്നും ആഢ്യഭാവനകളിൽ നിന്നും പുറത്തുകടക്കാൻ ഇന്നും മലയാളി സമൂഹത്തിനായിട്ടില്ല.

കേരളഭാഷയെ പുതുഭാവനകളുടെയും നവീനചിന്തകളുടെയും ലോകത്തേക്ക് കൈപിടിച്ചത് ഈ ഭാഷകളാണെന്നുവയ്ക്കാം. എന്നാൽ ആ ഹാങ്ങോവറിൽ ജന്മഭാഷയുടെ വ്യവഹാരശേഷിയെ കണ്ടറിയാനോ ഉണർത്തിയെടുക്കാനോ ഭാഷകസമൂഹത്തിന് കഴിയാതെ പോയതിനു മുഖ്യകാരണം കേരളത്തിലെ അക്കാദമിക് സ്ഥാപനങ്ങളുടെ ഭാവനാശൂന്യതയാണെന്ന് പറയേണ്ടിവരും. വികലമായ രാഷ്ട്രീയാസൂത്രണം പോലും ഈ അക്കാദമിക് സ്ഥാപനങ്ങളുടെ ഭാവനാശൂന്യതയുടെ ഫലമാണ്.

സംസ്കൃതത്തിന് വിശാലമായ ഒരു ദേശഭൂമികയുണ്ട്. സഹസ്രാബ്ദങ്ങളുടെ പഴക്കവും സാഹിത്യസമ്പത്തും വ്യാകരണവ്യവസ്ഥയുമുണ്ട്. അതിൽ അനേകം ജ്ഞാനസ്രോതസ്സുകളും അടങ്ങുന്നു. ബൃഹത്തായ അനുഭവമണ്ഡലങ്ങളുള്ള ഈ ഭാഷ കേരളഭാഷയിൽ വലിയ സ്വാധീനമുണ്ടാക്കി. യൂറോപ്പിന്റെ ശക്തികേന്ദ്രമായ ഇംഗ്ലണ്ടിൽനിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു ചെന്ന് അറിവും അനുഭവവും ആർജ്ജിച്ച് കരുത്ത് നേടിയ ഇംഗ്ലീഷ് 17-ാം നൂറ്റാണ്ടു മുതൽ മലയാളത്തിനുള്ളിൽ പ്രവർത്തിക്കുകയാണ്. വികസിതഭാഷകളെല്ലാം ഇത്തരത്തിൽ സ്വാധീനിച്ചും സ്വാധീനപ്പെട്ടുമാണ് വളർന്നു പരിണമിച്ചത് എന്ന് ആർക്കാണറിയാത്തത്!

അധിനിവേശഭാഷകളെ ജന്മഭാഷയുടെ പരകീയമണ്ഡലങ്ങളിൽ പ്രതിഷ്ഠിക്കേണ്ടതിനു പകരം അവയെ കേന്ദ്രമാർഗ്ഗമായി സ്വീകരിക്കാൻ ആധുനിക വിദ്യാഭ്യാസവും സ്വാതന്ത്ര്യാനന്തര ജനായത്തഭരണവും തീരുമാനിച്ചതോടെ കേരളജനതയുടെ ഭാഷാസങ്കല്പവും പരിവർത്തിക്കപ്പെട്ടു. നാട്ടുഭാഷയിൽ നടപ്പായ വിദ്യാഭ്യാസം പോലും കാലാനുസൃതം പരിഷ്ക്കരിച്ച് ഇംഗ്ലീഷധിഷ്ഠിതമാക്കി മാറ്റി. ഫ്യൂഡൽകാലഘട്ടത്തിൽ കടന്നുവന്ന സംസ്കൃതത്തിന്റെ വ്യാപനസാഹചര്യം വ്യത്യസ്തമാണെന്നു വെക്കാം. ഇംഗ്ലീഷിന്റെ കാര്യം അങ്ങനെയല്ല. ഇംഗ്ലീഷല്ല പ്രശ്നം, ഇംഗ്ലീഷിനെ സമീപിച്ച രീതിയിലാണ് പ്രശ്നം ഉടലെടുത്തത്. കേരളത്തിന്റെ വൈജ്ഞാനിക മേഖലയിൽ സങ്കല്പനപരമായ മാറ്റങ്ങൾക്ക് കാരണമാകുന്നത്

ഈ സമീപനമാണ്. ജന്മഭാഷയെയും ഇംഗ്ലീഷിനെയും സമംവെച്ച് മൂല്യനിർണ്ണയത്തിനിറങ്ങി പുറപ്പെട്ടതോടെ മേൽ–കീഴ്ബോധവും പ്രവർത്തിച്ചുതുടങ്ങി. എന്തിനൊക്കെ, എവിടെയൊക്കെ മലയാളം എന്ന സംശയത്തിന് ഇന്നും തൃപ്തികരമായ മറുപടിയില്ല. ഇംഗ്ലീഷറിയാത്തവനും ഇംഗ്ലീഷിന്റെ വീരഗാഥകൾ പാടി നടക്കുന്നത് തദ്ദേശ സ്വയംഭരണ ഓഫീസുകളിൽ പോലും കാണാം എന്നതാണ് വൈരുദ്ധ്യം. ഒരു സമൂഹം ദീർഘനാളായി അഭ്യസിച്ചുവന്ന സ്വയം തിരസ്കരിക്കലിന്റെ ഫലമാണിതെല്ലാം.

കേരള സർക്കാറിനു കീഴിലുള്ള സ്വയംഭരണാവകാശമുള്ള പബ്ലിക് സർവീസ് കമ്മീഷനോടു മലയാളത്തിന്റെ പ്രാതിനിധ്യത്തിനുവേണ്ടി സമരം ചെയ്യേണ്ടിവന്നിടത്തോളം എത്തി നില്ക്കുകയാണ് കാര്യങ്ങൾ. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷയിൽ നിശ്ചിത ശതമാനം ചോദ്യങ്ങൾ ഭാഷയിൽ വേണമെന്നും മലയാളമാധ്യമം സ്വീകാര്യമാണെന്നും തീരുമാനിച്ചത് എത്ര വലിയ പ്രതിഷേധങ്ങൾ ക്കൊടുവിലാണ്!

ഇപ്പോഴിതാ എൽ.പി, യു.പി. അധ്യാപകരെ തെരഞ്ഞെടുക്കാനുള്ള പരീക്ഷയിലും ഉയരുന്ന അതേ തടസ്സവാദങ്ങൾ. മലയാളമാധ്യമത്തിൽ ചോദ്യങ്ങളുണ്ടാവുന്നതും മലയാളം ഭാഷയിലും സാഹിത്യത്തിലുംനിന്നു ചോദ്യങ്ങളുണ്ടാവുന്നതും രണ്ടു സമീപനങ്ങളാണെന്ന് തിരിച്ചറിയാൻ ഇനിയും പി.എസ്.സിക്കു കഴിഞ്ഞിട്ടില്ല. അതു ബോധിപ്പിക്കാനാണ് ഇപ്പോഴത്തെ സമരം. സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ ലോബിയിങ് കേരളത്തിൽ എത്രമാത്രം ശക്തമാണ് എന്നു സംശയിക്കുന്നതിലും തെറ്റില്ല.

സ്വകാര്യവിദ്യാലയങ്ങളുടെ വ്യാപനവും 1980കൾക്കുശേഷം ഭാഷാസമീപനത്തിലുണ്ടായ വ്യതിയാനവും അറിവിന്റെ ഘടന, നിർമ്മാണം, വിതരണം എന്നീ സങ്കല്പനങ്ങളിലുണ്ടായ മാറ്റവും എജ്യുക്കേഷണൽ ഗവേണൻസിലെ പോരായ്മകളും കൂടിച്ചേർന്നുണ്ടായ ദയനീയാവസ്ഥയാണ് ഭാഷയെ നിശ്ശബ്ദമാക്കിയത്. താരതമ്യാധിഷ്ഠിത മൂല്യവിചാരത്തിൽ ജന്മഭാഷയുടെ വ്യവഹാരശേഷി നിരന്തരം ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. ഭാഷയ്ക്കുവേണ്ടി സംസാരിക്കുന്നത് തികഞ്ഞ പിന്തിരിപ്പൻ വാദവും യാഥാസ്ഥിതികത്വവുമായി ചിത്രീകരിക്കപ്പെട്ടു.

'വലിയ വിജ്ഞാനങ്ങൾ' സംവേദനം ചെയ്യാൻ മലയാളം പ്രാപ്തമല്ല എന്ന് കരുതുന്ന മലയാളികളിൽ കോളേജ് – സർവ്വകലാശാലാ അദ്ധ്യാപകരും ഉൾപ്പെട്ടു. ഇംഗ്ലീഷും മലയാളവുമറിയാത്ത (എഴുതാനോ വായിക്കാനോ) മലയാളികൾ വരെ മലയാളത്തിൽ എന്തിരിക്കുന്നു എന്ന് ചോദിക്കും. ഈ അപകർഷതയെ വാണിജ്യവത്കരിച്ച അദ്ധ്യാപകരും സ്ഥാപനങ്ങളും ദേശത്തെ വൈജ്ഞാനികഭാവനകൾക്കും സൗന്ദര്യനിരീക്ഷണങ്ങൾക്കുമുള്ള ശേഷിയെ ബീജാവസ്ഥയിൽത്തന്നെ നശിപ്പിച്ചുകളഞ്ഞു.

ഇംഗ്ലീഷിലെ സാങ്കേതിക പദങ്ങൾക്ക് തുല്യമായി മലയാളത്തിൽ പദങ്ങളില്ല എന്നതാണ് ആവർത്തിച്ചുന്നയിക്കുന്ന പോരായ്മ. പദനിർമാണ പ്രക്രിയയുടെയും സങ്കല്പനമണ്ഡലരൂപീകരണത്തിന്റെയും ഭാഗമായി നിൽക്കേണ്ട ബിരുദാനന്തര ബിരുദധാരികളാണ് ഈ അതിവാദക്കാരിൽ ഏറെയും. അവർ എല്ലാ വിഷയങ്ങളിലുമുണ്ട്. ശാസ്ത്രമെന്നോ സാമൂഹ്യശാസ്ത്രമെന്നോ ഭാഷാസാഹിത്യമെന്നോ ഭേദമില്ലാതെ വിദ്യാഭ്യാസം എന്നത് എന്തോ ഫ്രാഞ്ചൈസിപ്പണിയാണെന്ന് ധരിച്ചുവശായതുപോലുണ്ട് പെരുമാറ്റം. ഇവർ മനസ്സിലാക്കാത്ത ഒരു യാഥാർത്ഥ്യമുണ്ട്; നാം നിർമ്മിക്കുന്ന ഭാഷയാണ് നമ്മെ നിർമ്മിക്കുന്നത്. ജ്ഞാനരൂപങ്ങളെ നിർമ്മിക്കാനും സംവേദനം ചെയ്യാനും ആവശ്യമായ കഴിവുനേടാൻ ഭാഷയ്ക്കുള്ളിൽ ഭാഷരുടെ നിതാന്ത ജാഗ്രത പുലരണം.

പതിമൂന്നാം നൂറ്റാണ്ടിനുശേഷമാണ് ലോകത്ത് ഇംഗ്ലീഷ് വളരുന്നത്. ലത്തീനും ഗ്രീക്കും സുറിയാനിയും മുതൽ നാനാതരം ഭാഷകളുടെ ചങ്ങാത്തത്തിലാണ് ഇംഗ്ലീഷ് വളർന്നതും ജനായത്തഭാഷയായി വികസിക്കുന്നതും. സർവ്വവിജ്ഞാനവും ഇംഗ്ലീഷിൽനിന്നു വരുന്നു എന്നു തോന്നിപ്പിക്കുമാറ് അത് പ്രചരിച്ചു. സമ്പത്തും അധികാരവും നിറവുമെല്ലാം അതിനു കമ്പടിയായിനിന്നു. ഭാഷയുടെ കാര്യത്തിൽ ഇംഗ്ലീഷ് പുലർത്തിയ ഉദാരീകരണനയത്തെ പ്രായോഗികമായി മനസ്സിലാക്കാൻ മലയാളി സമൂഹത്തിന് കഴിഞ്ഞില്ല. ഉത്തരവാദികൾ ആരുമാകട്ടെ! മലയാളത്തിനുള്ളിൽ അന്യഭാഷകൾ വരാതിരുന്നതല്ല. അവ പുതിയ അർത്ഥമണ്ഡലങ്ങളെ സൃഷ്ടിക്കാതിരുന്നതുമല്ല. ഔദ്യോഗിക – വൈജ്ഞാനികവിനിമയങ്ങൾക്ക് ഈ ഭാഷ മതിയാവില്ലെന്ന് നാം എഴുതിയുറപ്പിക്കുകയായിരുന്നു. ഭാഷയെ ആർക്കാനുംവേണ്ടിയുള്ള വക്കീൽപ്പണിയായിക്കണ്ട ഭഷാപോഷണസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തത്തിൽനിന്നു മാറാനാവില്ല. ഇംഗ്ലീഷ് പദങ്ങളെ അവർ മലയാളീകരിക്കുകയല്ല, സംസ്കൃതീകരിക്കുകയായിരുന്നു. സംസ്കൃതോച്ചാരണക്ലേശം പരിഹരിക്കാൻ ഇംഗ്ലീഷ് തന്നെ ഉത്തമമായ മാർഗമെന്ന് കണ്ടുപിടിച്ചു. അങ്ങനെ വിജ്ഞാനവിതരണം ഇംഗ്ലീഷിൽ തന്നെ മതി എന്നായി തീരുമാനം. അറിവുനിർമാണമില്ലാതെ അറിവ് വിതരണം കൊണ്ടുമാത്രം ജീവിക്കുന്ന സർവ്വീസ് സമൂഹമായി മലയാളി മാറി. ചരിത്രവും ധനതത്വശാസ്ത്രവും ഭൗതികശാസ്ത്രവും ഗണിതവും കൈകാര്യം ചെയ്യാൻ മലയാളം പ്രാപ്തമല്ലെന്ന് നാം സ്വയം വിധിച്ചു.

ജ•ഭാഷയിൽ ഒരു വസ്തുത വിശദീകരിക്കാനുള്ള കഴിവില്ലായ്മയെ മികവായി കാണാൻ നാം നിർബന്ധിതരായി. 'അഭ്യസ്തവിദ്യരായ വലിയൊരു വിഭാഗം മലയാളി അധ്യാപകരും' കഥാകാലക്ഷേപ പരിപാടി പോലെ ഇംഗ്ലീഷിനെ വരിച്ചു. ഇംഗ്ലീഷും മലയാളവും കൈവിട്ട് വിജ്ഞാനത്തെ പ്രണയിക്കാൻ നടത്തുന്ന ശ്രമത്തെ 'കഥാകാലക്ഷേപം' എന്നല്ലാതെ എന്തുവിളിക്കാൻ!

ഒരു പ്രത്യേക കാലഘട്ടത്തിൽ ഉദിച്ചുവളരുന്നതല്ല ഭാഷ. നിരന്ത



രമായ പരിവർത്തനങ്ങളിലൂടെ രൂപപ്പെടുന്നതും സമൂഹത്തിന്റെ ജാഗ്രതയിലും ഇച്ഛയിലും പരിണമിക്കുന്നതുമാണ് അത്. ഇവിടെ സംഘടിത രക്ഷാകർത്തൃത്വ അവകാശവാദങ്ങൾക്ക് പ്രസക്തിയില്ല. പിതൃത്വകല്പനകൾക്കും പ്രസക്തിയില്ല. നൂറുകണക്കിന് വർഷത്തെ നിരന്തരവും (ബോധപൂർവ്വമല്ലെങ്കിലും) പുരോഗമനപരവുമായ പ്രവർത്തനങ്ങളാണ് അതിന്റെ വർത്തമാനശില്പത്തെ രൂപപ്പെടുത്തുന്നത്.

ശാസ്ത്രവ്യവഹാരങ്ങൾക്കും തത്ത്വശാസ്ത്രകഥനങ്ങൾക്കും ഭാഷ കരുത്തുനേടുന്നത് അവയുടെ സങ്കല്പനമണ്ഡലങ്ങളെ ഭാഷയിൽ കണ്ടെത്തുകയോ വിവർത്തനം ചെയ്യുകയോ ചെയ്തുകൊണ്ടായിരിക്കണം. ഇത്തരം അറിവുമേഖലകളെ അഭിസംബോധന ചെയ്തുകൊണ്ടേ ഭാഷകൾക്ക് വളരാനാകൂ. അതിനു പകരം അപകർഷതാബോധവും ശുഭാപ്തിവിശ്വാസരാഹിത്യവും ഭാഷയെക്കുറിച്ചുള്ള ധാരണയില്ലായ്മയും കൂടിച്ചേർന്ന് ജന്മഭാഷയ്ക്കു വളരാനുള്ള വെള്ളവും വെളിച്ചവും നിഷേധിച്ചാൽ ചരിത്രത്തിൽ നമുക്ക് അടയാളപ്പെടാനുള്ള സാഹചര്യം നാം തന്നെ ഇല്ലാതാക്കുന്നതായി മാറും. അഭ്യസ്തവിദ്യരായ അദ്ധ്യാപകർ സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് വിദ്യാഭ്യാസം തൊഴിലിടങ്ങൾക്കുവേണ്ടിയുള്ള റിക്രൂട്ട്മെന്റ് സെന്ററുകളാക്കി. വിദേശത്തു ജോലികിട്ടാൻ വേണ്ടിയുള്ള ഏർപ്പാടായി. രണ്ടാം ഭാഷയായ ഇംഗ്ലീഷു വഴി കിട്ടേണ്ട അറിവുമൂല്യങ്ങളിൽ വിശ്വാസമില്ലാത്ത വിദ്യാഭ്യാസ ആസൂത്രകർ ഒന്നാം ഭാഷയായി അതിനെ പ്രതിഷ്ഠിച്ചു. ജന്മഭാഷ രണ്ടാംഭാഷയായി. ഇംഗ്ലീഷ് മാതൃഭാഷയല്ലാത്ത രാജ്യങ്ങളിൽ അതു രണ്ടാംഭാഷ മാത്രമാണെന്ന കാംബ്രിഡ്ജ് നയം പോലും നാം തിരുത്തി. ജന്മഭാഷയെ ഓടിച്ചിട്ടുതല്ലി നാടുകടത്തി എന്നു പറഞ്ഞാൽ കഴിഞ്ഞു.

ഇന്ത്യൻ കാമ്പസുകളിൽ പ്രാദേശിക ഭാഷ മാത്രമറിയാവുന്ന (പ്രത്യേകിച്ചും സംസാരിക്കാൻ) കുട്ടികൾ ഇംഗ്ലീഷ് സംസാരിക്കുന്ന കുട്ടികളിൽനിന്ന് അപകർഷത അനുഭവിക്കുന്നുവെന്ന് സൂസി താരു പറയുന്നുണ്ട്.

കേരളത്തിൽ അദ്ധ്യാപകന്റെ ശാസ്ത്രജ്ഞാനത്തെക്കാൾ ഇംഗ്ലീഷ് ഭാഷയിലുള്ള സാമാന്യപരിചയം എന്ന യോഗ്യത നിർണ്ണായകമാകുന്നതിന്റെ കൗതുകം കണ്ടറിയാവുന്നതാണ്. ഇംഗ്ലീഷെന്നാൽ വെറുതെ പറയാനുള്ള ഇംഗ്ലീഷ്. അല്ലെങ്കിൽ നിർമ്മിതപാഠങ്ങളെ ഇറക്കിവെക്കാനുള്ള ഭാഷ, അത്രതന്നെ. അങ്ങനെയങ്ങനെ വിജ്ഞാനോത്പാദനത്തിനുള്ള ഇംഗ്ലീഷ് പടികടന്നുപോവുകയും ചെയ്തു.

നമ്മുടെ ഭാഷാസമീപനത്തിലെ ഗുരുതരമായ ഒരു ന്യൂനതയാണിത്. ഭാഷയുടെ മാനവശേഷിയും, വ്യവഹാരശേഷിയും വേണ്ടത്ര തിരിച്ചറിയാതെയുള്ള ഭാഷാനയം ജന്മഭാഷയുടെ സാധ്യതകളടച്ച് ഭാവിയെ ഇരുളടഞ്ഞതാക്കുന്നു, വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. അതിനെ പ്രതിരോധിക്കാനുള്ള എളുപ്പവഴി നാം നമ്മുടെ ഭാഷയെ നിർമ്മിക്കുക എന്നതുമാത്രമാണ്.

**കുറിപ്പുകൾ**

1. റവ. ജോർജ്ജ് മാത്തൻ മാതൃഭാഷയെ 'ജന്മഭാഷ' എന്നാണ് വിളിക്കുന്നത്. ബാലാഭ്യസനം എന്ന പ്രബന്ധം കാണുക.


2. സംസ്കൃതാധിനിവേശവും ഇംഗ്ലീഷധിനിവേശവും ഭാഷയിൽ ഘടനാപരമായ പരിവർത്തനങ്ങളുണ്ടാക്കി.

# മുബൈ നഗരത്തിലെ മറുവേഷധാരി

**അനൂപ്. വി**
ശ്രീശങ്കര വിദ്യാപീഠം കോളേജ്,
ഐരാപുരം



കാലത്തിന്റെ അല്ലെങ്കിൽ നിയതിയുടെ അപരിഹാര്യമായ വിധിവശാൽ മറുവേഷധാരിയായി ഋതുപർണ്ണരാജധാനിയിലെത്തപ്പെടുന്ന നളൻ തന്റെ ഭക്തികൊണ്ടും പ്രകൃത്യാലുള്ള ഗുണങ്ങൾകൊണ്ടും തന്റെ സ്ഥാനം തിരിച്ചുപിടിക്കുന്നുണ്ട്. കഥകളിയുടെ പ്രതാപകാലത്തു തന്നെ കലാമണ്ഡലത്തിൽ മഹാരഥന്മാരുടെ അടുക്കൽ നിന്നും കഥകളിയഭ്യസിച്ച അഭ്യസന കാലത്തുതന്നെ ചെറുതെങ്കിലും നിർണ്ണായകമായ അരങ്ങുകളുടെ ഭാഗമാവാൻ കഴിഞ്ഞുവെങ്കിലും കാലത്തെ അതിജീവിക്കുവാൻ മറുവേഷധാരിയായി പഴയ ബോംബെ നഗരത്തിലെത്തപ്പെട്ട കലാമണ്ഡലം ഗോപാലകൃഷ്ണൻ എന്ന കഥകളിനടന് തന്റെ ജീവിതമെന്നതു മഹത്തായ ആ കലയിൽ തന്റെ സാന്നിദ്ധ്യം അടയാളപ്പെടുത്തുവാനുമതുവഴി ആ പുതുനഗരത്തിൽ കഥകളിയെന്ന കലയ്ക്ക് പ്രചാരമുണ്ടാക്കുവാനുമുള്ള നിരന്തര പ്രവർത്തികളായിരുന്നു.



### കഥകളിയിലേക്കുള്ള വഴി

ചില ജീവിതങ്ങൾ നിർണ്ണയിക്കപ്പെടുന്നത് ആകസ്മികതകളിലാണ്. ദക്ഷിണ റെയിൽവേ ഉദ്യോഗസ്ഥനായ മമ്മുളിക്കളത്തിൽ നാരായണമേനോന്റെയും ചേണാട്ട് ലക്ഷ്മിക്കുട്ടിയമ്മയുടെയും മകനായി ഷൊർണ്ണൂരിലെ സാധാരണകുടുംബത്തിൽ ജനിച്ച ഗോപാലകൃഷ്ണൻ എന്ന ബാലൻ കഥകളിയിലേക്ക് എത്തപ്പെട്ടത് അങ്ങിനെയാണ്. ചെറുപ്പത്തിൽ ഭാരതപ്പുഴയുടെ തീരങ്ങളിൽ ആടിതീർത്ത ബാല്യത്തിൽ കാണവാൻ സാധിച്ച അരങ്ങനുഭവങ്ങളിലെ ആകർഷണമാകാം ഗോപാലകൃഷ്ണനെ കഥകളി പഠനത്തിലേയ്ക്കെത്തിച്ചത്. കലാമർമ്മജ്ഞന്മാരായ മാതാപിതാക്കളുടെ അനുവാദം കൂടി ലഭിച്ചപ്പോൾ ഗോപാലകൃഷ്ണന്റെ ജീവിതത്തിൽ ഒരു പുതുവഴിനിർണ്ണയിക്കപ്പെടുകയായിരുന്നു. എഴുപതുകളുടെ ആദ്യപകുതിയിൽ കലാമണ്ഡലത്തിൽ പ്രവേശിച്ച ഗോപാലകൃഷ്ണൻ ഒമ്പതു വർഷക്കാലത്തോളം കലാമണ്ഡലത്തിൽ അഭ്യസിച്ചു.

പഴയ പഠനസമ്പ്രദായത്തിന്റെ ആലയിൽ സമർത്ഥന്മാരായ ആശാന്മാരുടെ ശിക്ഷണത്തിൽ പാകപ്പെടുത്തിയെടുത്ത മെയ്യും മനസ്സുമായി കലാമണ്ഡലം ഗോപാലകൃഷ്ണനായി 1982 ൽ പുറത്തിറങ്ങുമ്പോൾ അരങ്ങനുഭവവും കളരിയനുഭവവും പാകപ്പെടുത്തിയെടുത്ത കഥകളിക്കാരനായി അദ്ദേഹം മാറിയിരുന്നു. കളരിയുടെ ആദ്യകാലങ്ങളിൽ വാഴേങ്കടവിജയനാശാനും മൂന്നാം വർഷം എം.പി. എസ് ആശാനും നാലാം വർഷം മുതൽ ഗോപിയാശാനും ആറാം വർഷം മുതൽ രാമൻകുട്ടിയാശാനും അദ്ദേഹം പ്രിൻസിപ്പളായപ്പോൾ ഷാരടിയാശാനുമാണ് കലാമണ്ഡലം ഗോപാലകൃഷ്ണനെ അഭ്യസിപ്പിച്ചിരുന്നത്.

### കലാനഗരിയിൽ നിന്നു നഗരത്തിലേക്ക്

1982 ൽ കോഴ്സ് പൂർത്തിയാക്കിയ ഗോപാലകൃഷ്ണനെ സംബന്ധിച്ചിടത്തോളം കലാമണ്ഡലത്തിന്റെ ട്രൂപ്പ് കളികളിലും അല്ലാതെ തന്നെയും അത്യാവശ്യം അരങ്ങുകിട്ടിയിരുന്നെങ്കിലും അതുകൊണ്ടുമാത്രം ഭാവികരുപ്പിടിപ്പക്കത്തക്കവിധം സുഗമമായ സാഹചര്യമല്ലായിരുന്നു. മറ്റു സാധ്യതകളുടെ അന്വേഷണത്തിന്റെ ഫലമായാണ് രാമൻകുട്ടിയാശാന്റെ നിർദ്ദേശപ്രകാരം ബോംബെയിലെ കനകറെലെയുടെ നളന്ദനൃത്തകലാമഹാവിദ്യാലയത്തിൽ ട്യൂട്ടർ അക്കമ്പനിസ്റ്റ് എന്ന തസ്തികയിൽ ജോലിക്കു പ്രവേശിക്കുന്നത്. കലാനഗരിയിൽ നിന്ന് ഭിന്നമായ മറ്റൊരു സാഹചര്യത്തിലേക്കു പറിച്ചുനട്ടപ്പോൾ മനസ്സിൽ കനലായി കഥകളി എരിഞ്ഞുനില്ക്കുകയും മറ്റൊരു വലിയലോകത്തേക്ക് എത്തപ്പെടുകയും ചെയ്തു.

ബോംബെ നഗരത്തിൽ അപൂർവ്വമായി അവതരിപ്പിക്കുന്ന കഥകളിയരങ്ങുകളിൽ വേഷം കെട്ടുക, മോഹിനിയാട്ടത്തിനു വരുന്നകുട്ടികൾക്ക് സാരി, കുമ്മി മുതലായ നൃത്തങ്ങൾ, മറ്റുചലനങ്ങൾ എന്നിവ അഭ്യസിപ്പിക്കുക എന്ന രീതിയിൽ മുന്നോട്ടുപോയ ഗോപാലകൃഷ്ണന്റെ ജീവിതത്തിൽ സാരമായ മാറ്റങ്ങൾ വരുന്നത് ഇക്കാലത്താണ്.

### മോഹിനിയാട്ടവഴികൾ, കലാചിന്തകൾ

കനകറെലെയുടെ ദീർഘവീക്ഷണത്തിൽ കാവാലം നാരായണപ്പണിക്കരുമായി ചേർന്നു നടന്ന മോഹിനിയാട്ട പരിഷ്ക്കരണത്തിൽ പങ്കാളിയാവുന്നതോടെ ഗോപാലകൃഷ്ണന്റെ കലാചിന്തകൾക്കും സങ്കല്പങ്ങൾക്കും പുതിയൊരുണർവ്വ് സംഭവിക്കുന്നുണ്ട്. കലാമണ്ഡലപഠനകാലത്തിൽ നിന്ന് നളന്ദയി

ലെത്തുന്നതോടെത്തന്നെയുണ്ടായ വായനയുടെ വലിയലോകം തന്നെ കലയെ മറ്റൊരുതരത്തിൽ ചിന്തിക്കുവാൻ പ്രപ്തനാക്കിയെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ട്. നാട്യശാസ്ത്രം, കാർത്തിക തിരുനാൾ മഹാരാജാവിന്റെ ബാലരാമഭരതം പോലെ കലയുടെ സാങ്കേതികവശത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളുടെ വായന തന്റെ പ്രവൃത്തികളെ പുനർനിർമ്മിക്കുന്നതിനെ അദ്ദേഹത്തെ പ്രാപ്തനാക്കി.

മോഹിനിയാട്ടത്തിൽ കഥാഗതികളെ പരിഷ്ക്കരിച്ച കനക റെലെ ചിട്ടപ്പെടുത്തിയ മോഹിനിയാട്ട രീതികളിൽ ഗോപാലകൃഷ്ണന്റെ സജീവ പങ്കാളിത്തമുണ്ടായിരുന്നു. മോഹിനിയാട്ടത്തിൽ വ്യതിരിക്തമായ കഥാപാത്രങ്ങളെ സൃഷ്ടിച്ചതു കനക റെലെ തന്നെയാണെന്ന് ഗോപാലകൃഷ്ണൻ പറയുന്നുണ്ട്. ആശയം രൂപപ്പെടുത്തി റെലെ കാവാലം നാരായണപ്പണിക്കർക്കു അയച്ചുകൊടുക്കുകയും അദ്ദേഹം അതു കവിതാരൂപത്തിലാക്കി തിരിച്ചയക്കുകയുമാണ് പതിവ്. പിന്നീട് കൂട്ടരങ്ങുകളിലൂടെയും കൂടിയാലോചനകളിലൂടെയുമാണ് അതു ചിട്ടപ്പെടുത്തുന്നത്. ഈ അരങ്ങുകളിലെ സാന്നിദ്ധ്യവും പങ്കാളിത്തവും ഗോപാലകൃഷ്ണനിലെ കലാകരനെ പുതുക്കിയെന്നു പറയാം. കലാചിന്തകളുടേയും നാട്യത്തിന്റെയും ലോകത്തിൽ വ്യാപൃതനാവുമ്പോഴും ആയുസ്സ് നല്കി താൻ അഭ്യസിച്ച കഥകളിയിലേക്കുള്ള പിൻവിളി തന്റെ കലാപ്രവർത്തനത്തിന്റെ ദിശ നിർണ്ണയിക്കുവാൻ പ്രാപ്തനാക്കി.

## കഥകളിയുടെ പിൻവിളി

കലാമണ്ഡലം ഗോപാലകൃഷ്ണനെ സംബന്ധിച്ചിടത്തോളം തന്റെ കലാസപര്യയുടെ അടിസ്ഥാനം കഥകളിയാണെന്ന ഉറച്ച ബോധ്യമുണ്ടായിരുന്നു. കലാമണ്ഡലത്തിലെ അഭ്യാസനകാലത്തെ അരങ്ങുകളും ബോംബെയിൽ അപൂർവ്വമായി ലഭിച്ചിരുന്ന കഥകളിയരങ്ങുകളും മാത്രമാണ് കലാകാരനെന്ന നിലയിൽ അദ്ദേഹത്തിനിടപെടാനുണ്ടായിരുന്ന സാഹചര്യം. കഥകളിയെന്ന കലയെപ്പറ്റിയുള്ള അടിസ്ഥാനധാരണക്കുറവാണ് മഹാനഗരിയിലെ ആസ്വാദനകുറവിനു കാരണമെന്ന കണ്ടെത്തൽ അദ്ദേഹത്തെ ആ വഴിക്കു ചിന്തിക്കുവാൻ പ്രേരിപ്പിച്ചു. ശിക്ഷിതരായ ഒരു ആസ്വാദകസമൂഹത്തിനിടയിൽ മാത്രമെ ഇത്തരമൊരു കല വികസിക്കുകയുള്ളു എന്ന അദ്ദേഹത്തിന്റെ ദീർഘവീക്ഷണമാണ് ബോംബെപോലുള്ള നഗരത്തിൽ അദ്ദേഹത്തിന്റെ കലാപ്രവർത്തനങ്ങളെ സാർത്ഥകമാക്കിയത്. കഥകളിപരിചയവുമായി ബന്ധപ്പെട്ട നടത്തിയസോദാഹരണക്ലാസുകളിലൂടെ കഥകളിയിലേക്ക് ആസ്വാദകവൃന്ദത്തെ അടുപ്പിച്ചതിലൂടെ ഗോപാലകൃഷ്ണന്റെ സ്വപ്നങ്ങൾ ലക്ഷ്യത്തിലേയ്ക്ക് അടുക്കുകയായിരുന്നുവെന്നുപറയാം. എ.കെ.എൻ. നമ്പൂതിരി എഴുതിയ 'സത്യവാൻസാവിത്രി' എന്ന ആട്ടക്കഥയുടെ അവതരണം അദ്ദേഹത്തിന്റെ കലാജീവിതത്തിലെ പുതിയപാതയിലേക്കുള്ള പ്രവേശനമായിരുന്നുവെന്നു പറയാം. സുനന്ദനായരുൾപ്പെടെയുള്ള ഒരു സംഘം കലാകാരന്മാരാണ് അതിന് അരങ്ങൊരുക്കിയത്. അതിന്റെ ചിട്ടപ്പെടുത്തലുൾപ്പടെ സമസ്തമേഖലയിലും ആ കലാകാരന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും അടയാളപ്പെടുത്തിയിട്ടുണ്ട്.

'സത്യവാൻ സാവിത്രി'യുടെ അരങ്ങന്വേഷണവുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തിയയാത്രകളുടെ ഫലമായി കണ്ടെത്തിയ കുന്നം വിഷ്ണുവുമായി നടത്തിയചർച്ചകൾ ഡോംബിവില്ലി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'കേരള ആർട്സ് ക്ലബ് ' എന്ന സംഘടനയുമായി അടുപ്പിച്ചു. അനൗപചാരികസംഘടനയായി പ്രവർത്തിച്ച അതാണ് പിന്നീട് 'കലാക്ഷേത്ര' എന്ന പേരിൽ അദ്ദേഹത്തിന്റെ കഥകളിചിന്തകൾക്ക് ആട്ടവിളക്കു കൊളുത്തിയത്. വർഷംതോറും നടത്തിവരുന്ന പ്രസിദ്ധകഥകളി കലാകാരന്മാരെ ഉൾക്കൊളിച്ച് നടത്തിയിരുന്ന കഥകളി അരങ്ങുകളും വിരസമായ നാഗരികജീവതത്തിൽ നിന്നുവിട്ടുമാറി ഗൃഹാതുരത്വത്തോടെ കളികാണാനെത്തുന്ന സുമനസ്സുകളായ ആസ്വാദകവൃന്ദവുമെല്ലാംചേർന്ന സാംസ്കാരികാന്തരീക്ഷം കലാമണ്ഡലം ഗോപാലകൃഷ്ണനിലെ മറുവേഷധാരിയായ ബാഹുകനു തുകിൽ നല്കുകയായിരുന്നുവെന്നുപറയാം. കലാക്ഷേത്രയുടെ വളർച്ചയിലെ പ്രധാനപ്പെട്ട ചുവടുവയ്പ്പായിരുന്നു അതിനു കീഴിൽ ആരംഭിച്ച കഥകളിപഠനം.

## കളരിയൊരുങ്ങുന്നു

കലാക്ഷേത്രയുടെ കീഴിലുള്ള കഥകളിപരിശീലനം അത്രകണ്ട് സുഗമമായ ഒന്നായിരുന്നില്ല. ആയുസ്സ് പകുത്തുനല്കി കലയെ ഉപാസിക്കുന്ന ശിക്ഷണവൃത്തിയുടെ പാരമ്പര്യരീതികളിൽ നിന്നു ഭിന്നമായി നിത്യജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ നിന്നു പകുത്തുമാറ്റിയ നിമിഷങ്ങളെ കലാപഠനത്തിനായി നീക്കിവച്ച ഒരു ശിഷ്യസമൂഹത്തെ കഥകളിയുടെ മൂശയിലേക്ക് വാർത്തെടുക്കുക എന്ന ശ്രമകരമായ ജോലി അദ്ദേഹം ഏറ്റെടുത്തു. നഗരത്തിന്റെ തിരക്കുകളിൽ അനുവദിക്കപ്പെട്ട സമയം, നല്ലൊരു കളരി നിർമ്മിതിയുടെ അവിഭാജ്യഘടകങ്ങളായ മേളസംഗീതകലാകാരന്മാരുടെ അഭാവം, സ്ഥലപരിമിതി എന്നിങ്ങനെ ഗോപാലകൃഷ്ണനു മറികടക്കാനുള്ള വൈതരണികൾ അനവധിയായിരുന്നു. മേളക്കാരന്റെയും പാട്ടുകാരന്റെയും വേഷങ്ങൾ ഏറ്റെടുത്ത് അദ്ദേഹം തന്റെ കളരിയെ സജീവമാക്കി. കഥയിലേക്കുപ്രവേശിക്കുംവരെയുള്ള പ്രാരംഭചടങ്ങുകൾ ഉറപ്പിച്ചശേഷം മാത്രം പദാഭിനയത്തിലേക്ക് എന്ന പാരമ്പര്യരീതിയെ മുറുകെപിടിച്ചതാണ് ആ അഭ്യസനരീതിയുടെ ഉൾക്കരുത്ത്. കളരിയിൽ താൻ പഠിപ്പിച്ച ശിഷ്യർക്ക് കലാക്ഷേത്രയുടെ വാർഷിക അരങ്ങുകളിലും നഗരത്തിലെ മറ്റുക്ഷേത്രങ്ങളിലും നേടിയെടുത്ത അരങ്ങുകൾ എല്ലാം ആ കലാകാരന്റെ നിശ്ചയദാർഢ്യമുള്ള സ്വപ്നത്തിന്റെ ഫലമാണ്.

കലാകാരൻ പൊതുകലാചരിത്രത്തിൽ അടയാളപ്പെടുത്തുക തന്റെ പ്രവർത്തികളിലൂടെയും പിന്തുടർച്ചകളിലൂടെയുമാണെന്ന തിരിച്ചറിവ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ കാണാം. തനിക്കു നഷ്ടപ്പെട്ട കളിയരങ്ങുകളെ തന്റെ ശിഷ്യരിലൂടെ തിരിച്ചുപിടിക്കുകയാ

യിരുന്നുവെന്നുപറയാം. കൊട്ടും പാട്ടുമെല്ലാം ഒറ്റയ്ക്കുനടത്തിയിരുന്ന കളരിയിൽനിന്ന് അരങ്ങിലേക്കു പ്രവേശിക്കുമ്പോഴും അടിപതറാതെ ആട്ടവിളക്കിനുമുമ്പിൽ നില്ക്കാനുള്ള ധൈര്യം ആ കളരിപാഠത്തിന്റെ ബലമാണെന്ന് അദ്ദേഹത്തിന്റെ പ്രശസ്തശിഷ്യ പ്രിയ കോടനാട് രേഖപ്പെടുത്തുന്നുണ്ട്.

## കലാസപര്യയുടെ തുടർച്ച

അറുപതിലെത്തി നില്ക്കുന്ന കലാമണ്ഡലം ഗോപാലകൃഷ്ണന്റെ കലാജീവിതവും സമരവും ഇന്നും തുടരുകയാണ്. പക്ഷെ ഇന്ന് അദ്ദേഹം തുടങ്ങിയിടത്തെ വൈതരണികളില്ല. തുടർച്ചകളേറ്റുവാങ്ങാൻ ശിഷ്യരുണ്ട്. ഗോപാലകൃഷ്ണന്റെ കലാചിന്തകളെ അംഗീകരിച്ചുകൊണ്ട് നൃത്ത്യചൂഢാമണി, കല്പതരു കലാസമ്മാൻ, സംഗീതനാടകഅക്കാദമിയുടെ പ്രവാസികലാകാരന്മാർക്കുള്ള പുരസ്കാരം എന്നിങ്ങനെ ഒട്ടനവധിപുരസ്ക്കാരങ്ങൾ. ഒടുവിൽ തന്നിലെ കലാകാരനെ വാർത്തെടുത്ത ഗുരുവിന്റെ പേരിലുള്ള പുരസ്ക്കാരവും ഗോപാലകൃഷ്ണനെ തേടിയെത്തുകയാണ്. കലാമണ്ഡലം രാമൻകുട്ടി നായരുടെ പേരിലുള്ള സാത്വികപുരസ്ക്കാരവുമായി ബന്ധപ്പെട്ട സ്വീകരണ ചടങ്ങിൽ പ്രശസ്തകഥകളി നിരൂപകൻ ഗോപാലകൃഷ്ണനെ പരിചയപ്പെടുത്തി സംസാരിച്ചതിലൂടെ തന്റെ കലാസപര്യ അടയാളപ്പെടുത്തപ്പെട്ടതായി അദ്ദേഹം സന്തോഷിക്കുന്നു. കഥകളിയെന്ന കലയുമായി അപരിചിതമായ ഒരു നഗരത്തിലേക്കു തന്നെ അയച്ച ആശാന്റെ പേരിലുള്ള പുരസ്ക്കാരം വാങ്ങാൻ ആ കലയുടെപേരിൽ അവിടെ താൻ നടത്തിയ പ്രവർത്തനങ്ങൾക്കു സാധിച്ചതിന്റെ പേരിൽത്തന്നെ ആ കലാപ്രവർത്തനങ്ങൾ വിജയിക്കുകയാണ്.

**അവലംബം**

ശ്രീ. കലാമണ്ഡലം ഗോപാലകൃഷ്ണൻ, പ്രിയ കോടനാട് എന്നിവരുമായി നടത്തിയ അഭിമുഖസംഭാഷണം.



# 'മഴുവിന്റെ കഥ'യിലെ ആധുനികതാ വിവക്ഷകൾ

**ആത്മൻ എ.വി.**
ദേവസ്വംബോർഡ് കോളേജ്,
ശാസ്താംകോട്ട



ഒരു കാലഘട്ടത്തിന്റെ പ്രവണതകളെ പ്രതിനിധാനം ചെയ്യുന്ന കവിതകളാണ് ബാലാമണിയമ്മയുടേത്. ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത ബാലാമണിയമ്മയെ നാലപ്പാട്ട് നാരായണമേനോന്റെ ഗ്രന്ഥശേഖരമാണ് സാഹിത്യകാരിയാക്കി മാറ്റിയത് എന്ന് പറയാം. നമ്മുടെ കവികളിൽ വച്ച് ഒരു പക്ഷെ ഏറ്റവും ഗ്രന്ഥപരിചയം നേടിയിട്ടുള്ളത് ബാലാമണിയമ്മയാണെന്ന് എം.എൻ. വിജയൻ അഭിപ്രായപ്പെടുന്നു (2008:456). ആധുനികതയുടെ മുഖ്യ ചാലകശക്തിയായ പുസ്തകങ്ങളുമായുള്ള ഈ പരിചയം അവർക്ക് തുറന്ന് നല്കിയത് അറിവിന്റെ ഒരു വലിയലോകം തന്നെ ആയിരുന്നു. 1930 കളിൽ എഴുതിത്തുടങ്ങുന്ന ബാലാമണിയമ്മയ്ക്ക് കാലഘട്ടത്തിന്റെ ബലതന്ത്രങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ സാധിക്കുന്നില്ല എന്ന് അവരുടെ കവിതകൾ വ്യക്തമാകുന്നു. മലയാളത്തിൽ ആധുനികതയുടെ പ്രഭവഘട്ടമായ ഈ കാലത്തിലെ പ്രത്യയശാസ്ത്ര



ചേരുവകളെപ്പറ്റി ഡോ. പി. പി. രവീന്ദ്രൻ ഇങ്ങനെ പറയുന്നു, "ശാസ്ത്രീയ ചിന്തയിലും യുക്തിബോധത്തിലുമുള്ള വിശ്വാസം, പുരോഗതി, മാനവികത എന്നിവയ്ക്ക് ലഭിയ്ക്കുന്ന പുതിയ മാന്യത എന്നിവയ്ക്ക് പുറമെ ചിലത് കൂടി ഇവിടെ വേർതിരിച്ച് പറയാം. പാശ്ചാത്യ മൂല്യങ്ങളോടുള്ള ആദരവ്, ദേശീയത, ചരിത്രപരത തുടങ്ങിയ സങ്കല്പനങ്ങൾക്ക കിട്ടുന്ന ഊന്നൽ, ലാവണ്യാത്മകതയോടുള്ള മമത എന്നിവയാണ് അവ." (പി. പി. രവീന്ദ്രൻ 1999:110). ഈ ആശയങ്ങൾ ബാലാമണിയമ്മയുടെ കവിതകളുടെ പശ്ചാത്തലത്തിൽ ഏറെ പ്രാധാന്യമർഹിയ്ക്കുന്നു. അവരുടെ പ്രധാന കവിതകളിലൊന്നായ മഴുവിന്റെ കഥയുടെ ആഖ്യാനത്തെ മുൻനിർത്തി ഇത് വിശകലനം ചെയ്യാൻ ശ്രമിയ്ക്കുന്ന ഈ ലേഖനം.

മഴുവിന്റെ കഥയിൽ പരശുരാമൻ ആണ് നായകൻ. നായകപരികല്പന നൽകുന്ന വ്യക്തിമൂല്യങ്ങൾ ഏതർത്ഥത്തിലും ഈ കഥാപാത്രം ഉൾക്കൊള്ളുന്നു. ആധുനികനായകൻ പ്രാഥമികമായി ഒരു വ്യക്തിയാണ്. ധീരോദാത്തനായകസങ്കല്പത്തിൽ നിന്നും ഈ നായകൻ ഭിന്നനാകുന്നത് ഈ വ്യക്തിസത്തയിലൂടെ നിർമ്മിയ്ക്കപ്പെടുന്ന വേർതിരിവിൽ നിന്നാണ്. കഥയിലെ കേന്ദ്രസ്ഥാനം കയ്യാളുന്ന നായകന്റെ അഹം ആയി കഥ മാറുന്നു. ഇവിടെ ആധുനികത സൃഷ്ടിച്ച വ്യക്തിബോധം ആണ് നായകനെ നിയന്ത്രിയ്ക്കുന്നത്. അങ്ങനെ പുരാണത്തിലെ നായകൻ പുതിയകാലത്തിലെ നായകനായി അവതരിക്കുന്നു മഴുവിന്റെ കഥയിൽ. ഇതിനെ വെളിപ്പെടുത്തുന്ന നിരവധി ചിഹ്നങ്ങളെ ഈ കവിത ഉൾക്കൊള്ളുന്നു.

ബാലാമണിയമ്മ കവിത തുടങ്ങുന്നത് വളരെ ദൂരെ നിന്നുള്ള ഒരു ഉയരക്കാഴ്ചയുടെ ചിത്രത്തിലൂടെയാണ്. ഈ കാഴ്ച തന്നെ ഒരു ആധുനിക നിർമ്മിതിയാണ്. അത് ആധുനികപൂർവ്വഘട്ടത്തിൽ നിന്നും ആധുനികാനന്തരഘട്ടത്തിൽ നിന്നും തികച്ചും വ്യത്യസ്തമാകുന്നു. ഭൂമിയിൽ നിന്നുകൊണ്ടുള്ള സമാന്തരക്കാഴ്ചയിൽ നിന്നും ഏറെ ഭിന്നമാണ് ഈ ഉയരക്കാഴ്ച. സമാന്തരക്കാഴ്ചയിൽ നിന്ന് ഭിന്നമായ ഒരു വ്യാപ്തിയുടെ തലം ഉയരക്കാഴ്ചയ്ക്ക് ഉണ്ട്. ആധുനികതയുടെ നിർമ്മിതിയാണ് ഈ കാഴ്ച എന്ന് പറയാം. നാട് ഒരു ഗ്രാമമോ പ്രദേശമോ ആയിരുന്നതിൽ നിന്ന് ഭിന്നമായി ഒരു രാഷ്ട്രമായി മാറുന്നു ഇവിടെ. ഈ കാഴ്ചയിലൂടെ കവിത ചെന്നെത്തുന്നതും ഭാരതം, കേരളം തുടങ്ങിയ ദേശബോധത്തിലേയ്ക്ക് തന്നെയാണ്. കവിതയിലെ പരശുരാമന്റെ കാഴ്ച ഇതാണ്,

*പച്ച നാക്കില വെച്ച പോലൊരു*
*നാടണ്ടെൻ/കണ്ണെപ്പോഴുമോടും*
*ദിക്കിൽ*

പച്ചനാക്കില പോലുള്ള നാട് ഏതാണ്? എന്ന ചോദ്യം ആധുനികതയുടേതിൽ നിന്ന് ഏറെ ഭിന്നമായ ഈ ആധുനികാനന്തരഘട്ടത്തിൽ ഏറെ പ്രസക്തമാണ്. ആഗോളഗ്രാമം (global village) പോലുള്ള ആശയങ്ങൾ ചർച്ച ചെയ്യപ്പെടുന്ന ഘട്ടം ഈ നാട്ടുബോധത്തെ പ്രധാനമായി നോക്കുക തന്നെ ചെയ്യും. ഏതാണ് ഈ നാട്? കേരളം എന്നാണ് സ്വാഭാവികമറുപടി. ഭൗതികമായി മുകളിൽ നിന്നുള്ള നോട്ടത്തിൽ കേരളം

പച്ചനാക്കില വെച്ചത് പോലെ ആണോ? അല്ല, എന്ന് തന്നെ പറയേണ്ടി വരും. കാരണം സഹ്യപർവ്വതവും പരിസരവും പച്ച തന്നെ. ആധുനികാനന്തരഘട്ടത്തിൽ wikimapia, google earth തുടങ്ങിയ വെബ്സൈറ്റുകൾ സംശയനിവാരണത്തിന് ഉപയോഗിയ്ക്കാം. ഇവിടെ പഴയ ചോദ്യം വീണ്ടും വരുന്നു. ഈ കാഴ്ചയെ / ദേശബോധത്തെ നിർമ്മിച്ച കാഴ്ചക്കോൺ ഏതാണ്? ആധുനികയുക്തിബോധത്തിലും ദേശബോധത്തിലും അധിഷ്ഠിതമായ ബാലാമണിയമ്മ എന്ന എഴുത്തുകാരിയുടെ കാഴ്ചയാണ് ഇത് എന്ന് പറയാം. ഒന്നുകൂടി വ്യക്തമാക്കിയാൽ, ആധുനികത സൃഷ്ടിച്ച 'ഭൂപട'ത്തിന്റെ സൃഷ്ടിയാണ് ഈ കാഴ്ച. ഇൻറർനെറ്റിൽ ലഭ്യമായ സാറ്റലൈറ്റ് ചിത്രത്തിൽ നിന്ന് (ഉത്തരാധുനിക ഭൂപടത്തിൽ നിന്ന്) ഭിന്നമാണ് വ്യത്യസ്തവർണ്ണങ്ങളിൽ സംസ്ഥാനങ്ങളെ അടയാളപ്പെടുത്തുന്ന ആധുനികതയുടെ സൃഷ്ടിയായ പൊളിറ്റിക്കൽ മാപ്പ്. ഈ ഭൂപടമാണ് ബാലാമണിയമ്മയുടെ കാഴ്ചയെ രൂപപ്പെടുത്തുന്നത്. അങ്ങനെ ബാലാമണിയമ്മ എന്ന ആധുനിക വ്യക്തിയുടെ കാഴ്ചയിലൂടെ പരശുരാമനും ആധുനികനായിത്തീരുന്നു.

ഇങ്ങനെ തുടങ്ങുന്ന കവിത തുടർന്നങ്ങോട്ട് ഞാൻ, എന്റെ, എൻ, എന്നെ തുടങ്ങി പ്രഥമപുരുഷനെ/ അഹത്തെ പിൻപറ്റിയാണ് പുരോഗമിയ്ക്കുന്നത്. ആധുനികവ്യക്തിബോധത്തിന്റെ ചിത്രങ്ങളാണ് ഈ ഞാൻ ബോധത്തിന്റെ ഉടമയായ പരശുരാമനിലൂടെ ഈ കവിതയിൽ നിറയുന്നത്. (മഴുവിന്റെ കഥ എന്ന സമാഹാരത്തിലെ തന്നെ വിശ്വാമിത്രൻ, വിഭീഷണൻ തുടങ്ങി പല കവിതകളും ഇത്തരം സൂചകങ്ങളെ ഉൾക്കൊള്ളുന്നവയാണ്.) ഈ 'ഞാൻ' സംസാരിക്കുന്നത് ശാസ്ത്രീയമായാണ് എന്ന ഇ.പി. രാജഗോപാലന്റെ അഭിപ്രായം ഇതോട് ചേർത്ത് വയ്ക്കാവുന്നതാണ്, 'പറയുന്നത് ശാസ്ത്രമല്ലെങ്കിലും ശാസ്ത്രീയമായാണ് പറയുന്നത്. കേരളത്തിന്റെ രൂപീകരണം, വളർച്ച, സമകാലികാവസ്ഥ, മുൻകാലവും അതുമായുള്ള വ്യത്യാസം എന്നീ ഘടകങ്ങൾ ക്രമത്തിൽ നിരത്തി




ക്കൊണ്ട് ഒരു സയുക്തികഘടന (rationale)വളർത്തിക്കൊണ്ടു വരുന്നുണ്ട് കവിത. (2008:30)

കഥാഘടനയിൽ ഐതിഹ്യ കഥയിൽ നിന്ന് കവയിത്രി വരുത്തിയിട്ടുള്ള ഒരു മാറ്റം ഈ ആധുനികബോധത്തെ വെളിപ്പെടുത്തുന്ന മറ്റൊരു ഉദാഹരണമാകുന്നു. അമ്മയെ വധിച്ച രാമനോട് എന്ത് വരം വേണമെന്ന് ജമദഗ്നി ചോദിയ്ക്കുമ്പോൾ അമ്മയെ ജീവിപ്പിക്കണം എന്നാണ് ഐതിഹ്യത്തിൽ ആവശ്യപ്പെടുന്നത്. (വെട്ടം മാണി 2003:471, ശ്രീകണ്ഠേശ്വരം 1998:856) എന്നാൽ കവിതയിലെ വരികൾ നോക്കുക,

*മുട്ടിൽവിത്രയായ്, പാപിനിയായിട്ടല്ലെ/നമ്മ സതേ ഭവൽ സ്മൃതിയിൽ ഉജ്ജീവിയ്ക്കാവൂ!*

ഈ രണ്ട് ആവശ്യങ്ങളും തമ്മിലുള്ള അന്തരം ചെറുതല്ല. ജീവനെക്കാൾ വലുത് വിശുദ്ധി ആണെന്ന് വരുന്നു, സ്ത്രീയുടെ യഥാർത്ഥമായ ജീവനെക്കാൾ പുരുഷന്റെ മനസ്സിൽ സ്ത്രീയുടെ സ്ഥാനം പ്രധാനമാകുന്നു. കൊളോണിയൽ മോഡേണിറ്റിയിലൂടെ ഇവിടെ എത്തിയ വിക്ടോറിയൻ സദാചാരമൂല്യങ്ങൾ ചെലുത്തിയ സ്വാധീനം ഇവിടെ പ്രധാനമാകുന്നു. ആധുനികഘട്ടത്തിലെ പാശ്ചാത്യമൂല്യങ്ങളോടുള്ള ആദരവ് ഇവിടെ ഇടപെടുന്നുണ്ട്.

സ്ത്രീവാദനിലപാടുകളിൽ നിന്നുകൊണ്ട് ഈ കവിതയെ പഠിയ്ക്കുമ്പോൾ ഗീത പറയുന്നു, "സ്ത്രീയുടെ രതിചിന്തകൾനിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും പുരുഷനായിരിയ്ക്കണം. അത് അവൻ അധിപനായ കുലത്തിന്റെ നിലനില്പിനാവശ്യമാണ്. 'മനസ്സാൽ ചെയ്യട്ടെ പാപമേ ഗുരുതരം', 'കുലത്തിൻ വിശുദ്ധിയ്ക്കായ് കൊല്ലുകിപ്പതിതയെ' 'സ്ത്രീയുടെ ശുദ്ധാശുദ്ധങ്ങളും പാപപുണ്യങ്ങളും നിശ്ചയിക്കുന്നത് അവളുടെ ഭർത്താവാണ്.' (2002:158) കൂടാതെ മകന്റെ പ്രവൃത്തികൾ ഓരോന്നും അച്ഛന് വേണ്ടി ആയിരുന്നുവെന്നും അത് പുരുഷാധിപത്യവ്യവസ്ഥയിൽ പിതൃപ്രിയനായിത്തീരുന്നതിനാണെന്നും അവർ തന്റെ പഠനത്തിൽ നിരീക്ഷിയ്ക്കുന്നു. (2002:159)

പരശുരാമൻ എന്ന പുരുഷവ്യക്തിയുടെ മാനസിക സംഘർഷങ്ങളാണ് കവിതയുടെ കേന്ദ്രത്തിലുള്ളത്. സ്നേഹം, ക്രോധം, പ്രതികാരം തുടങ്ങി വ്യക്തികേന്ദ്രിതമായ അനുഭവതലങ്ങളാണ് കവിതയെ മുന്നോട്ട് നയിക്കുന്നത്. ഇവയിലൂടെ കവിത പുരാണകഥയിൽ നിന്ന് മാറി ആധുനികലോകബോധത്തിന്റെ നിർമ്മിതിയായി മാറുന്നു. വ്യക്തിയെയും ചരിത്രത്തെയും ദേശീയതയെയും കുറിച്ചുള്ള കാഴ്ചപ്പാടുകളും അവയുടെ ശാസ്ത്രീയമായ ക്രമീകരണവും ഈ നിർമ്മിതിയെ നിയന്ത്രിയ്ക്കുകയും ചെയ്യുന്നു.

### ഗ്രന്ഥസൂചി

ഗീത, 2002, ആധുനികമലയാളകവിതയിലെ സ്ത്രീപക്ഷസമീപനങ്ങൾ, ലിപി പബ്ലിക്കേഷൻസ് കോഴിക്കോട്

ഗീത പി., 1999, കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്?


പത്മനാഭപിള്ള ശ്രീകണ്ഠേശ്വരം, 1998, ശബ്ദതാരാവലി, നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം

ബാലാമണിയമ്മ, 1999, മഴുവിന്റെ കഥ, മാതൃഭൂമി ബുക്സ് കോഴിക്കോട്

മാണി വെട്ടം, 2003, പുരാണിക് എൻസൈക്ളോപീഡിയ, നാഷണൽ ബുബുക്ക് സ്റ്റാൾ കോട്ടയം

രവീന്ദ്രൻ പി.പി., 1999, ആധുനികാനന്തരം, വിചാരം, വായന ഡിസി ബുക്സ്, കോട്ടയം

വിജയൻ എം.എൻ., 2008, എം.എൻ. വിജയൻ സമ്പൂർണ്ണകൃതികൾ (വാല്യം 1) കറന്റ് ബുക്സ്, തൃശ്ശൂർ



# കോപ്പിയടിയും ഓപ്പൺ ബുക്ക് സാധ്യതകളും

**രാജു ജോൺ**
ബസേലിയസ് കോളേജ്, കോട്ടയം



കേരളത്തിൽ ഈ അടുത്ത കാലത്തുണ്ടായ കോപ്പിയടി സംബന്ധിച്ച വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഓപ്പൺ ബുക്ക് പരീക്ഷാ രീതികളുടെ സാധ്യതകൾ വിശകലനം ചെയ്യുകയാണ് ഈ ലേഖനം. കോപ്പിയടി ഏതാണ്ട് പൂർണമായി ഒഴിവാക്കാം എന്നതാണ് ഓപ്പൺ ബുക്ക് പരീക്ഷയുടെ മേന്മ. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ മാറിയ സാഹചര്യത്തിന് അനുയോജ്യമായ ഒരു പരീക്ഷാ രീതി കൂടിയാണ് ഓപ്പൺ ബുക്ക് പരീക്ഷ. പൂണെയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസേർച്ച് (ഐസർ) പുറത്തിറക്കിയ ഓപ്പൺ ബുക്ക് പരീക്ഷകളുടെ അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ലഘു വിവരണത്തിൽ ഓപ്പൺ ബുക്ക് പരീക്ഷ എന്തെന്ന് നിർവചിക്കുന്നുണ്ട്. അതിൻപ്രകാരം" പരീക്ഷ എഴുതുമ്പോൾ വിദ്യാർഥികളെ അവരുടെ പാഠപുസ്തകങ്ങൾ, ക്ലാസുകളിൽ അവർ എടുത്തിട്ടുള്ള കുറിപ്പുകൾ (Notes), മറ്റ് അംഗീകൃത പഠന വസ്തുക്കൾ (study materials) എന്നിവയുടെ സഹായം തേടാൻ അനുവദിക്കുന്ന രീതിയാണ് ഓപ്പൺ ബുക്ക് പരീക്ഷ എന്ന് ലളിതമായി പറയാം. ഇവിടെ ശ്രദ്ധേയമായ കാര്യം പരമ്പരാഗത രീതിയിലുള്ള (പഠന വസ്തുക്കൾ വെറുതെ നോക്കിയാൽ ഉത്തരം കിട്ടുന്ന) ചോദ്യങ്ങൾ ഓപ്പൺ ബുക്ക് പരീക്ഷയിൽ ചോദിച്ചിട്ടു കാര്യമില്ല എന്നതാണ്. വിദ്യാർഥികളുടെ കൈയിലുള്ള പഠന വസ്തുക്കളിലെ വിവരങ്ങളും ആശയങ്ങളും വിശകലനം ചെയ്ത്

ഉത്തരം നൽകേണ്ട ചോദ്യങ്ങൾ വേണം ഓപ്പൺ ബുക് പരീക്ഷകളിൽ ഉണ്ടാവേണ്ടത്. (ഉദാഹരണമായി ഇന്ത്യയുടെ ദേശീയ വരുമാനത്തിന്റെ പല വർഷത്തെ കണക്കുകൾ നൽകിയതിനു ശേഷം വളർച്ചാനിരക്ക് കാണാൻ ആവശ്യപ്പെടാം. എന്നാൽ ഏതെങ്കിലും ഒരു വർഷത്തെ ദേശീയ വരുമാനം എത്രയായിരുന്നു എന്ന മട്ടിലുള്ള ചോദ്യങ്ങൾ ചോദിക്കരുത്). ഒന്നിലധികം സെറ്റ് ചോദ്യപ്പേപ്പറുകൾ തയ്യാറാക്കി വിദ്യാർഥികൾക്ക് വ്യത്യസ്ത ചോദ്യങ്ങൾ നൽകിയാൽ ഈ സമ്പ്രദായത്തിൽ കോപ്പിയടി ഏതാണ്ട് പൂർണമായി തന്നെ ഇല്ലാതാക്കാനാവും.

ഓപ്പൺ ബുക് പരീക്ഷകളുടെ വിവിധ വശങ്ങളെക്കുറിച്ച് നടത്തപ്പെട്ട പഠനങ്ങൾ ഇന്റർനെറ്റിൽ നിന്നും സമാഹരിക്കാൻ ഈ ലേഖകൻ ഒരു ശ്രമം നടത്തി. 13 പഠനങ്ങൾ ശ്രദ്ധയിൽപെട്ടതിൽ രണ്ടെണ്ണം ഇന്ത്യയിൽ നിന്നാണ്. പ്രത്യേകം പരാമർശിക്കേണ്ട കാര്യം ഈ രണ്ടു പഠനങ്ങളും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, തെലങ്കാന എന്നിവിടങ്ങളിൽ നിന്നാണ് എന്നതാണ്. വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്ന കേരളത്തിൽ നിന്നും ഒരു പഠനം പോലും ഈ ലേഖകന്റെ ശ്രദ്ധയിൽ പെട്ടില്ല എന്നതു – മറ്റൊരു കൗതുകം. പരീക്ഷയിലെ കോപ്പിയടിക്കും അനുബന്ധ പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ഓപ്പൺ ബുക് രീതി നിർദേശിക്കുമ്പോൾ പ്രസ്തുത രീതി ഇതിനോടകം നടപ്പിലാക്കിയ ഇടങ്ങളിലെ അനുഭവങ്ങൾ പരിശോധിക്കുന്നത് ഉചിതമായിരിക്കും. ഈ ലേഖകൻ മേൽ വിവരിച്ച 13 പഠനങ്ങളിലെ വിവരങ്ങളിൽ ചിലത് ആ ലക്ഷ്യത്തിനായി ഇവിടെ നൽകുന്നു. ഈ പഠനങ്ങളിലെ കണ്ടെത്തലുകൾ ഓപ്പൺ ബുക് പരീക്ഷ എന്നത് വിദ്യാഭ്യാസ മേഖല പരിഗണിക്കേണ്ട ഒരു സജീവ സാധ്യതയാണ് എന്നാണ് സൂചിപ്പിക്കുന്നത്.

2012ൽ കാലിഫോർണിയയിൽ നടത്തിയ ഒരു പഠനത്തിൽ' ഓപ്പൺ ബുക് പരീക്ഷ വിദ്യാർഥികളുടെ ആശങ്ക കുറയ്ക്കാൻ കാരണമാകുന്നതായി കണ്ടെത്തി. അതേ വർഷം തന്നെ തമിഴ്നാട്ടിലെ മെഡിക്കൽ വിദ്യാർഥികൾക്കിടയിൽ നടത്തിയ പഠനത്തിൽ "ഈ പരീക്ഷാ രീതി വിവിധ വിഷയങ്ങളിലെ ആഴത്തിലുള്ള പഠനത്തിനു സഹായകമാണ് എന്നും തെളിഞ്ഞിട്ടുണ്ട്. എന്നാൽ 2004ൽ ഹോങ്കോങ്ങിൽ നടത്തിയ പഠനം പ്രസ്തുത രീതി നടപ്പിലാക്കുമ്പോൾ പഠന രീതി മാറേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുന്നു. കേവലം വിവരങ്ങൾ മനഃപാഠമാക്കുന്ന പഠന രീതി പിന്തുടരുന്ന വിദ്യാർഥികൾക്ക് ഓപ്പൺ ബുക് പരീക്ഷ പ്രയാസമായിരിക്കും. പഠന വസ്തുക്കളിലെ ആശയങ്ങളും വസ്തുതകളും വിമർശനാത്മകമായി വിശകലനം ചെയ്യാൻ പ്രാപ്തരായവർക്ക് അത് നല്ല അനുഭവമാകുകയും ചെയ്യും. അതായത് പഠനത്തിന്റെ ഊന്നൽ മനപാഠമാക്കലിൽ നിന്നു വിശകലനത്തിലേക്ക് മാറേണ്ടതുണ്ട് എന്ന് സാരം. 2016ൽ അമേരിക്കൻ എയർ ഫോഴ്സ് അക്കാദമിയിലെ വിദ്യാർഥികൾക്കിടയിൽ നടത്തിയ പഠനം "ഈ പഠനരീതി വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത" ഊന്നിപ്പറയുന്നു. താഴ്ന്ന ക്ലാസുകളിൽ ഓപ്പൺ ബുക് പരീക്ഷ ശീലിച്ച വിദ്യാർഥികൾ ഉയർന്ന ക്ലാസുകളിലേക്കും തുടർന്നുള്ള കോഴ്സുകളിലേക്കും പോകുമ്പോഴും ആ രീതി തുടരാനാവണം. ജോലികൾക്കുള്ള മത്സര പരീക്ഷകൾ എന്നിവയും ഇതേ രീതിയിലാക്കണം. അല്ലാത്ത പക്ഷം ഓപ്പൺ ബുക് രീതി ശീലിച്ച വിദ്യാർഥികൾക്ക് തുടർവിദ്യാഭ്യാസത്തിനും തൊഴിൽ കണ്ടെത്തുന്നതിനും പ്രയാസങ്ങൾ നേരിടേണ്ടിവരുമെന്ന് മേൽപറഞ്ഞ പഠനം മുന്നറിയിപ്പു നൽകുന്നു. 2019ൽ ഹൈദരബാദിലെ മെഡിക്കൽ വിദ്യാർഥികൾക്കിടയിൽ നടത്തിയ പഠനം "പരമ്പരാഗത രീതിയും ഓപ്പൺ ബുക് രീതിയും ഒരുമിച്ചു കൊണ്ടു പോയാൽ ആഴമേറിയ പഠനം സാധ്യമാകും" എന്നാണ് വിലയിരുത്തിയത്. മേൽ വിവരിച്ച പഠനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് വിദ്യാർഥികൾക്ക് ഓപ്പൺ ബുക് രീതി ഗുണപരമായിത്തീരാൻ സാധ്യത ഉണ്ടെങ്കിലും, വിദ്യാഭ്യാസ സംവിധാനത്തിലെ സമൂലമായ മാറ്റങ്ങൾ അതിന്റെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണ് എന്നാണ്. തിടുക്കപ്പെട്ട് നടപ്പിലാക്കേണ്ട ഒന്നല്ല ഈ പരീക്ഷാ രീതി.

ഇങ്ങനെയൊരു സമ്പ്രദായത്തിലേക്കു മാറുമ്പോൾ വരാനിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് കൃത്യമായ ധാരണ ആവശ്യമാണ്. ഈ ലേഖനം ആധാരമാക്കിയ പഠനങ്ങളിൽ ഓപ്പൺ ബുക് പരീക്ഷകളുടെ പ്രശ്നങ്ങളെയും പരിമിതികളെയും പറ്റി വിവരിക്കുന്നുണ്ട്. അവ എന്തെല്ലാമാണെന്നു നോക്കാം. അധ്യയനം മുതൽ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും വരെ നീളുന്ന വിദ്യാഭ്യാസ സംവിധാനത്തിലെ എതാണ്ടെല്ലാ തലങ്ങളിലും കാതലായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമെ ഈ രീതിയിൽ പരീക്ഷകൾ സുഗമമായി നടത്താനാവൂ. നേരത്തെ സൂചിപ്പിച്ചതു പോലെ പഠനരീതി മാറണം. കാണാപാഠം പഠിച്ച് ഉത്തരമെഴുതി പരീക്ഷകൾ ജയിക്കുന്ന സമ്പ്രദായവും വിശകലനം ചെയ്ത് ഉത്തരം എഴുതുന്ന രീതിയും തമ്മിലുള്ള വ്യത്യാസം വിദ്യാർഥികളെ ബോധ്യപ്പെടുത്തുക എന്നത് അനായാസമായ ഒന്നല്ല. അതിന് നിലവിലെ അധ്യയന രീതി മാറണം. നിലവിലെ സമ്പ്രദായത്തിൽ പഠിക്കുന്ന ഒരു വിദ്യാർഥി ഒരു പക്ഷേ ഓപ്പൺ ബുക് എന്നാൽ വെറുതേ പുസ്തകം തുറന്നു വെച്ച് എഴുതാവുന്ന പരീക്ഷ എന്നായിരിക്കും ചിന്തിക്കുക. ചോദ്യങ്ങൾ കണ്ടശേഷം പുസ്തകം അല്ലെങ്കിൽ പഠന വസ്തുക്കൾ നോക്കി ഉത്തരങ്ങൾ കണ്ടു പിടിച്ചാൽ മതിയല്ലോ എന്ന വിചാരത്തിൽ ഒരു പക്ഷേ നന്നായി പഠിക്കാൻ പോലും ചില വിദ്യാർഥികൾ മിനക്കെടുകയില്ല. ഇങ്ങനെ പരീക്ഷക്കെത്തുന്ന വിദ്യാർഥികൾ നന്നായി നടത്തുന്ന ഒരു ഓപ്പൺ ബുക് പരീക്ഷയിൽ പരാജയപ്പെടാനുള്ള സാധ്യത ഏറെയാണ്. പരീക്ഷക്ക് അനുവദിച്ചിട്ടുള്ള നിശ്ചിത സമയത്തിനുള്ളിൽ വിശകലനം പൂർത്തിയാക്കാനും വിദ്യാർഥികൾ പരിശീലനം നേടേണ്ടതുണ്ട്. ഉത്തരങ്ങൾ

കാണാതെ പഠിച്ച് പരീക്ഷകൾ ജയിക്കുന്ന സമ്പ്രദായവുമായി പൊരുത്തപ്പെട്ട കഴിഞ്ഞ വിദ്യാർഥികളെ ഓപ്പൺ ബുക് രീതിക്ക് വിധേയരാക്കാതിരിക്കുന്നതാണ നല്ലത്. പുതിയതായി പ്രവേശനം നേടുന്ന ഒരു ബാച്ച് വിദ്യാർഥികളിൽ ഈ രീതി ആരംഭിക്കാം. മുൻപു സൂചിപ്പിച്ച ഒരു പഠനത്തിൽ പറഞ്ഞതു പോലെ ഈ സമ്പ്രദായത്തിൽ തന്റെ വിദ്യാഭ്യാസം ആരംഭിക്കുന്ന ഒരു വിദ്യാർഥിക്ക് പ്രൊഫഷണൽ തലം വരെയുള്ള എല്ലാ തലങ്ങളിലും ഓപ്പൺ ബുക് സൗകര്യം ഉറപ്പാക്കാനാകുമോ എന്ന് ദീർഘവീക്ഷണത്തോടെ ആലോചിച്ച വേണം ഈ രീതി സാർവത്രികമാക്കാൻ. ഇതു പെട്ടെന്ന സാർവത്രികം ആക്കുന്നതിനു പകരം തിരഞ്ഞെടുത്ത വിഷയങ്ങളിലെ പരീക്ഷകൾ (ഉദാ: അനുയോജ്യമായ ഒരു വിഷയത്തിൽ മാത്രം) ഓപ്പൺ ബുക് ആയി നടത്തിയതിനു ശേഷം അതിൽ നിന്നുണ്ടായ അനുഭവങ്ങളെ വിശകലനം ചെയ്ത് ഘട്ടം ഘട്ടമായി ഈ രീതി സാർവത്രികമാക്കുന്നതാണ് ഉചിതം.

ഓപ്പൺ ബുക് രീതി നടപ്പിലാക്കുമ്പോൾ പഠന രീതിയെന്ന പോലെ പരീക്ഷാ നടത്തിപ്പിലും മാറ്റങ്ങൾ വരേണ്ടതുണ്ട്. ഒരു ചോദ്യബാങ്കിൽ നിന്നും ചോദ്യങ്ങൾ തിരഞ്ഞെടുത്ത് താരതമ്യേന എളുപ്പത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്ന രീതി ഓപ്പൺ ബുക്കിൽ പ്രയാസമാണ്. അറിവിനേയും ആശയങ്ങളേയും വിശകലനം ചെയ്യാനുള്ള അവസരം വിദ്യാർഥികൾക്ക് നൽകുന്ന ചോദ്യങ്ങൾ തയ്യാറാക്കുക എന്നത് അനായാസമല്ല. ആയതിലേക്ക് അധ്യാപകർക്ക് പരിശീലനം നൽകേണ്ടതാണ്. സാമ്പ്രദായികമായ മട്ടിലുള്ള ഒരു പരീക്ഷാകേന്ദ്രം ഓപ്പൺ ബുക്കിന് അനുയോജ്യമായി മാറ്റിയെടുക്കുക എന്നതും എളുപ്പമല്ല. കേവലം ഹാൾ ടിക്കറ്റും പേനയും മാത്രമായി വിദ്യാർഥികൾക്ക് ഈ രീതിയിലുള്ള പരീക്ഷകൾ എഴുതാനാവില്ല. തങ്ങൾ അതു വരെ ശേഖരിച്ച വച്ച മുഴുവൻ പഠനോപാധികളും വിദ്യാർഥികൾ പരീക്ഷക്ക് കൊണ്ടുവന്നാൽ കൂടുതൽ പരീക്ഷാ ഹാളുകളും, കൂടുതൽ അധ്യാപകരെയും പരീക്ഷാ ജോലികൾക്ക് ആവശ്യമായ് വരും. - ഇങ്ങനെയുള്ള പ്രശ്നങ്ങളെ ഒരു പരിധി വരെ മറികടക്കാൻ "ഓപ്പൺ ബുക്-ഓപ്പൺ വെബ്" എന്ന പരീക്ഷാ രീതി കൊണ്ടു സാധിക്കും. ഓപ്പൺ ബുക് പരീക്ഷ ഓൺലൈനായി കുട്ടികൾ വീട്ടിൽ ഇരുന്ന് എഴുതുന്ന രീതിയാണ് ഇത്. കോവിഡ് കാലത്ത് ഓൺലൈൻ പഠനം വ്യാപകമായി കഴിഞ്ഞു. എല്ലാ വിദ്യാർഥികൾക്കും ഓൺലൈൻ ബോധനരീതികളുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്ന സംശയം ന്യായമാണ്. എങ്കിലും ഓൺലൈൻ വിദ്യാഭ്യാസ രീതി വിദ്യാർഥി സമൂഹം കൂടുതലായി പരിചയിച്ച വരികയാണിന്ന്. ഈ മാറിയ സാഹചര്യത്തിൽ "ഓപ്പൺ ബുക്-ഓപ്പൺ വെബ്" എന്ന പരീക്ഷാ രീതിയെ ഒരു സജീവ സാധ്യതയായി പരിഗണിക്കവുന്നതാണ്. മുൻപ് ഓപ്പൺ ബുക്കിനെ പറ്റി പറഞ്ഞത് ഇതിനും ബാധകമാണ്. ഒരു സുപ്രഭാതത്തിൽ ഇത് വ്യാപകമായി നടപ്പിലാക്കാൻ സാധിക്കില്ല. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം നടപ്പിലാക്കി പോരായ്മകൾ പരിഹരിച്ച് സാവധാനം സാർവത്രികമാക്കുകയാണ് ഉചിതം.

പറഞ്ഞു വന്നത് കോപ്പിയടി ഉയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാഭ്യാസ മേഖലയിലെ മാറിയ സാഹചര്യത്തിൽ ഒരു സജീവ സാധ്യതയായി ഓപ്പൺ ബുക്ക് പരീക്ഷകളെ പരിഗണിക്കണം എന്നാണ്. ഈ രീതി സാർവത്രികമാക്കാൻ മേൽ വിവരിച്ചതുൾപ്പെടെ ധാരാളം പരിമിതികൾ ഉണ്ട്. പക്ഷേ അവയുടെ പേരു പറഞ്ഞ് "സുന്ദരമായ നടക്കാത്ത സ്വപ്നമായി ഇത്തരം പരീക്ഷകളെ എഴുതിത്തള്ളുന്നത് ഉചിതമല്ല. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി പിഴവുകൾ പരിഹരിച്ച് ഓപ്പൺ ബുക് പരീക്ഷകൾ സാവധാനം സാർവത്രികമാക്കാനായാൽ കേവലം കോപ്പിയടിക്കു മാത്രമല്ല പരിഹാരം ഉണ്ടാവുക. കാണാതെ പഠിക്കലിൽ നിന്ന് വിദ്യാർഥികളെ അറിവുകളുടെയും ആശയങ്ങളുടെയും വിശകലനത്തിന് പ്രാപ്തരാക്കുന്ന വിദ്യാഭ്യാസത്തിലേക്കുള്ള മാറ്റം കൂടിയാണ് ഉണ്ടാവുക. ആ മാറ്റം സാവധാനത്തിലെങ്കിലും കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ അനിവാര്യമാണ്

References

1. Afshin Gharib and William Phillips, Test Anxiety and Performance on Open Book and Cheat Sheet Exams in Introductory Psychology, Dominican University of California, San Rafael, CA 94901, DOI: 10.7763/IPEDR. 2012. V53. 1

2. Jamunarani Srirangaramasamy et al. Open book examination as an effective tool for reviewing the subject and reinforcement of the concepts in medical education - IInd MBBS student's perspective. International Journal of Recent Trends in Science and Technology. March 2016; 18(2): 281-285

3. The use of open-book examinations to motivate students: a case study from Hong Kong, Ming-Yin Chan & Kwok -Wai Mui, World Transactions on Engineering and Technology Education © 2004

4. UICEE | Vol. 3, No.1, 2004 Green, S. G., Ferrante, C. J., & Heppard, K. A. (2016). Using Open-Book Exams to Enhance Student Learning, Performance, and Motivation. The Journal of Effective Teaching, 16(1), 19-35

5. A Study to Evaluate the Effectiveness of Open Book Tests Over Close Book Tests and Perception of Medical Students in Physiology by G. Vidya International Journal of Physiology, April-June 2019, Vol. 7, No. 2 DOI Number: 10.5958/2320-608X.2019.00038.6

6. Open Book Examinations, K. P. Mohanan, http://www.iiserpune.ac.in/~mohanan/educ/openbook.pdf Accessed on 14 June 2020

# കേരളത്തിലെ പാരിസ്ഥിതിക ചലനങ്ങൾ

**ഡോ. സന്തോഷ് കുമാർ വള്ളിക്കാട്**
എൻ.എസ്.എസ്. കോളേജ് മഞ്ചേരി



മനുഷ്യൻ അധിവസിക്കുന്ന ഭൂമിക്കും അവന്റെ നിലനില്പിനാധാരമായ വായു, ജലം തുടങ്ങിയവയ്ക്കും ആധുനിക പരിഷ്കൃതി മൂലമുണ്ടാകുന്ന സ്ഥൂലവും സൂക്ഷ്മവുമായ ആഘാതങ്ങളാണ് എഴുപതുകളിലെ പരിസ്ഥിതി ബോധത്തിനും പരിസ്ഥിതി പ്രസ്ഥാനത്തിനും പിറവി നല്കിയത്. പഴയ സംസ്കാരം പ്രാദേശികമാണെങ്കിൽ, ആധുനിക സംസ്കാരം തികച്ചും ആഗോളമാണ്. പഴയ പരിഷ്കാരങ്ങൾ കുറേയൊക്കെ നിന്ന നിലയ്ക്ക് നിൽക്കുന്നവയായിരുന്നു. മാറ്റത്തിനോട് അതിന് വലിയ താല്പര്യം ഇല്ലായിരുന്നു. ആധുനിക പരിഷ്കാരം മാറ്റത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. ഈ മാറ്റത്തെ പുരോഗതിയെന്നും ചരിത്രമെന്നും പറയുന്നു.


ഭൂമിയുടെയും ജീവജാലങ്ങളുടെയും നിലനിൽപിന് പരിസ്ഥിതി ബോധം കൂടിയേ തീരൂ. ഭൂമി മനുഷ്യന്റേതു മാത്രമാണെന്നും മറ്റെല്ലാ ജീവജാലങ്ങളും മനുഷ്യന്റെ സുഖത്തിന് ഉപയുക്തമാണെന്നുമുള്ള

പരിഷ്കൃത ചിന്തയ്ക്കെതിരെയാണ് പരിസ്ഥിതി ബോധം ഉടലെടുക്കുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യമാണ് പരിസ്ഥിതി ബോധത്തിന്റെ പൊരുൾ.

പ്രകൃതിയും മനുഷ്യനുമായുള്ള പാരസ്പര്യത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. പ്രാധാന്യവുമുണ്ട്. എന്നാൽ ഒരു മനുഷ്യന്റെ വികലവും ദീർഘദർശന രഹിതവുമായ വികസന പ്രവർത്തനങ്ങൾ ഈ പാരസ്പര്യത്തിന് പലപ്പോഴും ഭീഷണിയാവുന്നു. പ്രകൃതിയെ തൊട്ടറിഞ്ഞു ജീവിച്ച മനുഷ്യൻ. ഉപഭോഗ തൃഷ്ണയ്ക്ക് വിധേയമായി സഹജീവനത്തിൽ നിന്ന് അകന്നു പോയിരിക്കുന്നു. ഇവിടെയാണ് പരിസ്ഥിതി പ്രതിസന്ധികൾ ആരംഭിക്കുന്നത്. നാം നിൽക്കുന്ന ഇടമാണ് പരിസ്ഥിതി എന്നതിനാൽ എല്ലാ പരിസ്ഥിതി പ്രശ്നങ്ങളും നമ്മുടെ നിലനിൽപ്പിനെയും ബാധിക്കുന്നു.

പ്രകൃത്യാനുസാരിയായ ഒരു സംസ്കാരം ഭൂമിയുടെ സുസ്ഥിരതയ്ക്ക് പുറത്തിറക്കിയ അത്യാന്താപേക്ഷിതമാണ്. മനുഷ്യന്റെ നിലനിൽപ്പ് എന്നും പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഭൂമിയുടെ സുസ്ഥിരത നിലനിർത്തുന്നതിൽ മനുഷ്യന്റെ പങ്ക് നിർണായകമാണ്. ഭൂമിയുടെ നാശം മനുഷ്യവർഗത്തിന്റെയും നാശമാണെന്ന് തിരിച്ചറിവിൽ നിന്നാണ് പാരിസ്ഥിതിക ബോധം പിറന്നത്. ഈ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങൾക്കും കൂടിയുള്ളതാണ് ഈ ഭൂമിയെന്നും, മനുഷ്യന്റെ സ്വകാര്യ സ്വത്തല്ല ഇവിടം എന്നുമുള്ള തിരിച്ചറിവ് ആഗോള വ്യാപകമായ ഒരു സമീപന വ്യതിയാനം പ്രകൃതി-മനുഷ്യ ബന്ധത്തിലുണ്ടാക്കി. നാം നേരിടുന്ന പല പാരിസ്ഥിതിക പ്രശ്നങ്ങളും ഭൂമിയുടെ മാത്രമല്ല സകല ചരാചരങ്ങളുടെയും നിലനിൽപ്പിനെ ബാധിക്കും എന്ന തിരിച്ചറിവ് ലോകത്തിനു നൽകാൻ പരിസ്ഥിതി ചിന്തകൾക്ക് കഴിഞ്ഞു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്ന് ദശകങ്ങളിൽ പരിസ്ഥിതിവാദം രാഷ്ട്രീയ ദർശനത്തിന്റെ പ്രധാന ഭാഗമായി മാറി. പരിസ്ഥിതി ചിന്തകൾ




സാഹിത്യത്തിൽ ഒരു പുതിയ സൗന്ദര്യ ശാസ്ത്രമേഖലയ്ക്ക് വഴിതുറന്നു. പ്രകൃതിയുടെ ദുരന്തം ലോകത്തിനു മുമ്പിൽ ആദ്യമായി ചിത്രീകരിച്ചത് 1962ൽ റയ്ച്ചൽ കാഴ്സന്റെ നിശ്ശബ്ദവസന്തം (Silent Spring) എന്ന കൃതിയാണ്. കീടനാശിനികൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രതിസന്ധിയുടെ രൂക്ഷത വിവരിക്കുന്ന ആ കൃതി ആഗോളതലത്തിൽ തന്നെ പരിസ്ഥിതിയെ കുറിച്ചുള്ള ചർച്ച തുടങ്ങിവെച്ചു. പക്ഷികൾ പാടാത്ത പൂക്കൾ ചിരിക്കാത്ത നിശ്ശബ്ദ വസന്തത്തെക്കുറിച്ചുള്ള അറിവ് ഒരു വൻ ഞെട്ടലോടെയാണ് മനുഷ്യരാശി ഏറ്റുവാങ്ങിയത്. മനുഷ്യ കേന്ദ്രിതത്വത്തിൽ നിന്ന് ജൈവ കേന്ദ്രിതത്വത്തിലേക്കുള്ള ഒരു വീക്ഷണ വ്യതിയാനം സാഹിത്യത്തിലും ദൃശ്യമായിത്തുടങ്ങി.

പരിസ്ഥിതിയും വികസനവും തമ്മിൽ ഒരു സന്തുലിതാവസ്ഥ സൃഷ്ടിച്ച് കൊണ്ട് ശാഖകളും ഉപശാഖകളുമായി വളർന്നു കൊണ്ടിരിക്കുന്ന വിശാലമായ ദാർശനിക മേഖലയാണ് ഇന്ന് പരിസ്ഥിതി ദർശനം. ഗഹന പരിസ്ഥിതിവാദം (Deep Ecology) സാമൂഹിക പരിസ്ഥിതിവാദം (Social Ecology). പാരിസ്ഥിതിക മാർക്സിസം (Eco Marxism). പാരിസ്ഥിതിക സ്ത്രീവാദം (Eco Feminism) തുടങ്ങിയ പ്രധാന ദർശന മേഖലകൾക്കൊപ്പം പരിസ്ഥിതി അധ്യാത്മികത (Eco Spirituality), പരിസ്ഥിതി സൗഹൃദം (Eco Friendliness) തുടങ്ങിയ സൈദ്ധാന്തിക സമീപനങ്ങളും സാഹിത്യ ദർശനങ്ങൾ തുടങ്ങിയിട്ടുണ്ട്. എഴുപതുകളുടെ തുടക്കത്തിലാണ് മലയാള സാഹിത്യത്തിൽ പ്രത്യേകിച്ച് കവിതാരംഗത്ത് ഇത്തരത്തിലുള്ള പരിസ്ഥിതി ബോധത്തിന്റെ അനുരണനങ്ങൾ തുടങ്ങിയത്.

സൈലന്റ് വാലി പദ്ധതിക്കെതിരെ മലയാളത്തിലെ കവികൾ സംഘടിച്ച് ഒരു പ്രകൃതി സംരക്ഷണ സമിതി രൂപീകരിച്ചു. 'പ്രകൃതിയുടെ സംരക്ഷണത്തിന് വേണ്ടി ജീവന്റെ നിലനിൽപ്പിന് വേണ്ടി' ഇതായിരുന്നു സമതിയുടെ മുദ്രാവാക്യം. പരിസ്ഥിതിദർശനത്തിന്റെ ആശയങ്ങൾ അടങ്ങുന്ന കവിതകൾ സമാഹരിച്ച് സമിതി 1983ൽ 'വനപർവ്വം' എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഈ സംരംഭം മലയാള കവിതാരംഗത്ത് സമാന ആശയമുള്ള കവിതകളുടെ പിറവിക്ക് പ്രചോദനമായി. മാത്രമല്ല പരിസ്ഥിതി സംരക്ഷണം എന്ന ആശയം മറ്റ് ആശയമണ്ഡലങ്ങളിലേക്ക് വ്യാപിക്കാനും ഇടയാക്കി.

പ്രകൃതിക്ക് ഒരു സന്തുലിതാവസ്ഥയുണ്ട്. അതിന് ഭംഗം സംഭവിക്കുമ്പോൾ പ്രകൃതിയുടെ താളം തെറ്റുന്നു. ആ താളപ്പിഴ പ്രകൃതിക്ക് മാത്രമല്ല മനുഷ്യനും ഭീഷണിയാവുന്നു. മനുഷ്യന്റെ നിലനിൽപ്പിനെക്കുറിച്ച് ചിന്തിക്കുന്ന ഏവരെയും ഈ തിരിച്ചറിവ് അസ്വസ്ഥമാക്കുന്നു. പരിസ്ഥിതി പ്രകരണങ്ങൾ തങ്ങളുടെ പ്രവർത്തന മേഖലയിൽ നിന്ന് അകറ്റി നിർത്താൻ കഴിയുന്നതല്ലെന്ന് അവർ തിരിച്ചറിയുന്നു. സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മേഖലകളെ ഈ പുതിയ അവബോധം ബാധിച്ചപ്പോഴാണ് പരിസ്ഥിതി ശാസ്ത്രവും ദർശനങ്ങളും രൂപപ്പെട്ടത്. ഈ വൈജ്ഞാനിക ശാഖ പ്രകൃതിയിലെ മനുഷ്യകേന്ദ്രിതമായ ഒരു ദർശനത്തിന് വഴി തുറക്കുകയും ചെയ്തു. പരിസ്ഥിതി വിജ്ഞാനീയം വിവിധ ദർശനങ്ങളായും സൗന്ദര്യശാസ്ത്രമായും വളർച്ച നേടിയതിന്റെ ചരിത്രം മനുഷ്യവർഗത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ

ചരിത്രം കൂടിയാണ്.

മനുഷ്യാവസ്ഥകളെ കാലദേശ സാഹചര്യങ്ങളോടു ബന്ധപ്പെടുത്തിയ ഒരു ലാവണ്യസിദ്ധാന്തം രണ്ടായിരം വർഷം പഴക്കമുള്ള ദ്രാവിഡീയമായ തിണ സങ്കല്പനത്തിൽ കാണാൻ കഴിയും. ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ ആധികാരിക രേഖയായി കണക്കാക്കപ്പെടുന്ന തൊൽക്കാപ്പിയം പൊരുളധികാരത്തിൽ മനുഷ്യജീവിതത്തെ അതിന്റെ പശ്ചാത്തലവും പ്രേരകശക്തിയുമായ പ്രകൃതിയോടും കാലാവസ്ഥകളോടും ബന്ധപ്പെടുത്തുന്ന ഒരു സാകല്യദർശനമാണ് കാണാൻ കഴിയുന്നത്. വിവിധ ഭൂവിഭാഗങ്ങളായി കണക്കാക്കപ്പെടുന്ന തിണകൾ അടിസ്ഥാനമായിട്ടുള്ള ദ്രാവിഡ കാവ്യമീമാംസയിൽ സാഹിത്യത്തെ രണ്ടു മുഖ്യധാരയായി വിഭജിച്ചിരിക്കുന്നു. ആത്മനിഷ്ഠവും വൈയക്തികവും വികാര പ്രധാനവുമായ ഭാവഗീതവിശേഷങ്ങൾ ഉൾക്കൊള്ളുന്ന 'അകം' കവിതകൾ ഒരു വിഭാഗം. വസ്തുനിഷ്ഠവും സാമൂഹികവും വിവരണപ്രധാനവുമായ ആഖ്യാനവിശേഷങ്ങൾ ഉൾക്കൊള്ളുന്ന 'പുറം' കവിതകൾ മറ്റൊരു വിഭാഗം. ഇവയ്ക്കാധാരമായ തിണകൾക്ക് 'അകത്തിണ'കളെന്നും 'പുറത്തിണ'കളെന്നും പേരിട്ടിരിക്കുന്നു.

വ്യത്യസ്ത ഭൂപ്രദേശങ്ങളെയും അവയ്ക്ക് ഓരോന്നിനും സങ്കല്പിച്ച വ്യവഹാരസവിശേഷതകളെയുമാണ് 'തിണ' എന്നു പറയുന്നത്. ഓരോ തിണയ്ക്കും സ്ഥലം, കാലം തുടങ്ങിയ 'മുതൽപ്പൊരുള്'കളും ദൈവം ജനങ്ങൾ, ആഹാരം, വാദ്യം, മരം, പക്ഷി, പൂവ്, മൃഗം, തൊഴിൽ, രാഗം തുടങ്ങിയ 'കരുള'പ്പൊരുളുകളും ഉണ്ട്. വൈകാരികാവസ്ഥയാണ് 'ഉരി'പ്പൊരുൾ, കരുപ്പൊരുൾ ഒരു തിണയിൽ വരുന്നവ മറ്റൊരു തിണയിൽ വർണ്ണിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഭാവപ്രധാനമായ ഉരിപ്പൊരുൾ നിയതമാണ്. അകം കവിതകളിലും പുറം കവിതകളിലും പ്രധാനമായും ഏഴു തിണ വീതമാണുള്ളത്. കൈക്കിളൈ, കുറിഞ്ചി, മുല്ലൈ, പാലൈ, മരുതം, നെയ്തൽ, പെരുന്തിണൈ എന്ന് അകതിണകൾക്കും വെട്ചി, വഞ്ചി, ഉഴിഞ്ഞൈ, തുമ്പൈ, വാകൈ, കാഞ്ചി, പാടാൺ എന്നിങ്ങനെ പുറത്തിണകൾക്കും കൃതിയുമായി മനോഭാവങ്ങളുമായി ബന്ധപ്പെടുത്തുകയാണ് ഇവിടെ. കുറിഞ്ചി, മുല്ലൈ, പാലൈ, മരുതം, നെയ്തൽ എന്നിവയാണ് 'ഐന്തിണ' എന്ന് അറിയപ്പെടുന്നത്.

കുറിഞ്ചി: മലയും മലയോര പ്രദേശങ്ങളും ഉൾപ്പെട്ട നിലമാണു കുറിഞ്ചിനിലം. മലനിവാസികളെ മലയർ, അഥവാ കുറവർ എന്നു പറയുന്നു. കാന്തൾപ്പൂവാണ് കുറിഞ്ചിനിലത്തെ പുഷ്പം. വേങ്ങയെ പ്രധാനമരമായും മയിലിനെ പ്രധാന പക്ഷിയായും ഈ നിലക്കാർ കാണുന്നു. മുരുകനാണ് ഈ നിലത്തിന്റെ ദേവത. കുറിഞ്ഞിപ്പൺ, തോൽപ്പാറ, തംബുരു എന്നിവയാണ് ഇവരുടെ വാദ്യങ്ങൾ. മലനാട്ടിലെ യുവതീയുവാക്കളുടെ രഹസ്യപ്രേമവും ഒളിച്ചുകൂടലും അനന്തരഫലമായ വേർപാടും ദുഃഖവുമാണ് കുറിഞ്ഞിക്കവിതകളിലെ ആധികാരിക പ്രമേയം. കുറിഞ്ഞിക്കു ബന്ധം മഴയോടും പാതിരാത്രിയോടുമാണ്.

മുല്ലൈ: കാടും പരിസരഗ്രാമങ്ങളും



അടങ്ങിയ പ്രദേശമാണ് മുല്ലനിയം, ആയർ, മന്നാടികൾ, കുറുമ്പർ എന്നിവരാണ് ജനങ്ങൾ. പാല്, നെയ്യ്, ഉഴുന്ന്, മലക്കറി എന്നിവ മുല്ലനിലക്കാരുടെ നിത്യഭക്ഷണത്തിൽപ്പെട്ടിരുന്നു. വനവാസികളുടെ പ്രത്യേക വാദ്യം മുല്ലയാഴ്, ഓടക്കുഴൽ എന്നിവയാണ്. സംയോഗവിയോഗാവസ്ഥകളാണ് മുല്ലപ്പാട്ടുകളിൽ പ്രധാനം. മഴക്കാലവും അന്തിമയങ്ങിയ നേരവുമാണ് മുല്ലക്കവിതയുടെ ശൃംഗാരവർണ്ണനകൾക്കു പറ്റിയ പ്രദേശമായിട്ടാണ് മുല്ലനിലങ്ങളെ കവികൾ കരുതിവന്നത്.

പാലൈ: എക്കാലവും ഉണങ്ങിവരണ്ട്, ജലദാരിദ്ര്യം ബാധിച്ച മണൽക്കാടും കുറ്റിക്കാടും കട്ടപ്പനകളും കലർന്ന പ്രദേശമാണ് പാലനിലം. യുദ്ധദേവതയായ കൊറ്റവൈ അഥവാ കാളിയുടെ ആവാസകേന്ദ്രമാണിത്. മറവരും എയിനരുമാണ് ഇവിടെ വസിക്കുന്നത്. കൊള്ളയടിക്കലാണ് ഇവരുടെ പ്രധാന തൊഴിൽ. പെരുംപറയാണ് ഇവരുടെ പ്രധാന വാദ്യം. വേനൽക്കാലവും നട്ടുച്ചയുമാണ് പാലനിലപ്പാട്ടുകളിലെ പശ്ചാത്തല കാലം. രാജാജ്ഞ, യുദ്ധം, ധനസമ്പാദനം എന്നിവയിൽ ഏതെങ്കിലും കൊണ്ടു നാടും വീടും വെടിഞ്ഞു പോയിരിക്കുന്ന തങ്ങളുടെ പുരുഷന്മാരെയോർത്തു ഗൃഹിണിമാർക്കുണ്ടാകുന്ന വിഷാദവും അതിനെത്തുടർന്നുണ്ടാകുന്ന വിലാപവുമാണ് പാലപ്പാട്ടുകളുടെ ഉരിപ്പൊരുൾ. ഇഷ്ടപ്പെട്ട പെണ്ണിനെ കട്ടുകൊണ്ടു പോകുക എന്ന ഏർപ്പാടും പാലപ്പാട്ടുകളിലെ പ്രമേയമാണ്.

മരുതനിലം: പുഴയും ചിറയും കുളവും തോടും വയലും തോപ്പുകളും എല്ലാം ഉൾക്കൊള്ളുന്ന നാട്ടിൻപുറമാണ് മരുതനിലം. മദിരോത്സവത്തിലും മാരോത്സവത്തിലും മുങ്ങി മദിച്ചു ജീവിക്കുന്ന ധനികരാണ് മരുത നിലത്തിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങൾ. കൈവീണയും കുഴലും മൃദംഗവും പൂത്തിരിയും ചീനപ്പടക്കവും ഒക്കെക്കൂടി ഉത്സവമയമാണ് ഈ നിലം. സമൃദ്ധമായ വിളവെടുപ്പും സുഖമായ ഭൗതിക ജീവിതാന്തരീക്ഷവും ഇവിടെയുണ്ട്. ഒളിമാരന്മാരെത്തേടി വീട്ടുപടിക്കലും കവലമുക്കിലും കറങ്ങുന്ന സൈ്വരിണിമാരും സംഗമസ്ഥലം തേടിപ്പോകുന്ന അഭിസാരികമാരും ഇവിടുത്തെ സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരിക്കുന്നു. ഇവരുടെ അതിചാപലവിലസിതമായ നോട്ടവും പെരുമാറ്റവും മരുതനിലത്തിന്റെ ദേവത. രാത്രിയുടെ ആദ്യഭാഗവും വെളുപ്പാൻകാലവുമാണ് മരുതനിലപ്പാട്ടിന്റെ സമയപശ്ചാത്തലം. പിണക്കവും സൗന്ദര്യകലഹവുമാണ് ഉരിപ്പൊരുൾ.

നെയ്തൽ: കടലോര ഭാഗമാണ് നെയ്തൽ നിലം. കരുണരസത്തിനാണ് നെയ്തലിന്റെ പ്രാധാന്യം. ഇതിലെ സ്നേഹ വിരഹഭാവങ്ങൾ അഗാധവും തീവ്രവുമാണ്. വിയോഗത്തിന്റെ ദേവിയായ സന്ധ്യയാണ് പശ്ചാത്തലം. പരവരാണ് മുഖ്യ നിവാസികൾ. നായികയുടെ ഏകാന്ത വിലാപമാണ് ഉരിപ്പൊരുൾ. ആറ്റുഉറവും പകലിന്റെ അവസാന ഭാഗവും നെയ്തൽപ്പാട്ടിൽ വിവരിക്കുന്നു. നിലദേവത വരുണനാണ്.

മുതൽപ്പൊരുൾ, ഉരിപ്പൊരുൾ, കരുപ്പൊരുൾ എന്നിവയുടെ സമന്വയമായ തിണയിൽ ഉരിപ്പൊരുളിനാണ് പ്രാധാന്യം. മുതൽപ്പൊരുളും കരുപ്പൊരുളും അന്യോന്യം പകരുകയും മാറുകയും ചെയ്യാം. ഒരു തിണയിലെ കരുക്കൾ മറ്റൊരു തിണയിൽ വന്നാൽ അതിനെ 'തിണമയക്കം' എന്നും തിണകൾ ഇണങ്ങാതെ നിന്നാൽ 'തിണപ്പിണക്കം' എന്നും പറയാം. എന്നാൽ ഉരിപ്പൊരുളിന് മാറ്റം വന്നുകൂടാ.

മേല്പറഞ്ഞ വിശകലനത്തിൽ നിന്നു ബോദ്ധ്യമാകുന്ന പ്രധാന വസ്തുത ഇതാണ്. മുതൽ, കരു, ഉരി എന്നീ മൂന്നു പൊരുളും ഒന്നിക്കുമ്പോഴേ തിണയാകുന്നുള്ളൂ. ജീവിതത്തെ ഒരു പരിസ്ഥിതി വ്യൂഹമായി നോക്കിക്കാണുന്ന ഈ രീതി ആധുനിക ശാസ്ത്രത്തിലെ 'സിസ്റ്റംസ്' സമീപനത്തോട് ഏറ്റവും അടുത്തു വർത്തിക്കുന്നു എന്ന് എം. ലീലാവതി അഭിപ്രായപ്പെടുന്നുണ്ട്. മുതൽ-കരു-ഉരിപ്പൊരുളുകളുടെ അടിസ്ഥാനത്തിലുള്ള സാഹിത്യരൂപവിഭജനത്തിന്റെ ശാസ്ത്രീയതയും സമഗ്രതയും സമീചീനതയും ശ്രദ്ധാർഹമാണ്. 'ബാഹ്യവും ആന്തരവുമായ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പ്രകൃതി മനുഷ്യബന്ധത്തിന്റെ സൂക്ഷ്മാവബോധത്തിലൂടെ വ്യക്തമാകുന്ന ഒരു പരിസ്ഥിതികാവ്യമീമാംസ ഈ രൂപവിഭജനത്തിൽ തെളിഞ്ഞുവരുന്നുണ്ട്. എന്ന് അയ്യപ്പപ്പണിക്കരും പറയുന്നു. സാഹിത്യരൂപവും മനുഷ്യന്റെ മാനസികാവസ്ഥയും സാമൂഹിക ബോധവും പ്രകൃതി പരിസ്ഥിതിഘടകങ്ങളും തമ്മിൽ ജൈവമായ ബന്ധമുണ്ടെന്ന് ഇവിടെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. കാലദേശബന്ധിയായ മനുഷ്യജീവിതം പരിസ്ഥിതിയുമായി ബന്ധപ്പെട്ടാൽ മാത്രമേ മൂർത്തമായ അനുഭവ ചിത്രീകരണം സാധ്യമാകൂ എന്നാണ് പൊരുളതികാരത്തിന്റെ വിവക്ഷ. മനുഷ്യപ്രകൃതിയും ബാഹ്യപ്രകൃതിയും ഒരേ പ്രപഞ്ചസത്തയുടെ ആവിഷ്കാരങ്ങളാണെന്ന അവബോധത്തിൽ നിന്നാണ് പരിസ്ഥിതി ശാസ്ത്രവീക്ഷണത്തിനു സമാനമായ ഈ ചിന്താപദ്ധതി ദ്രാവിഡ ദേശത്തു രൂപം പൂണ്ടത്.

പ്രകൃതിയേയും ജൈവവൈവിധ്യത്തേയും പരിരക്ഷിക്കാൻ നമുക്ക് സ്വന്തമായ മാർഗ്ഗങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായിരുന്നു എന്നു കാണാം. ദ്രാവിഡസംസ്കാരം പ്രകൃത്യഭിമുഖമായിരുന്നു. അവരുടെ പ്രകൃത്യാരാധനയിൽ വലിയൊരു തിരിച്ചറിവിന്റ തത്ത്വം ഉൾച്ചേർന്നിട്ടുണ്ട്. പ്രകൃതിയിൽനിന്ന് വേറിട്ട് മനുഷ്യനു നിലനില്പില്ലെന്ന തിരിച്ചറിവ്. വന്യതയിലാണ് ജീവന്റെ നിലനിൽപ് എന്ന പ്രാചീന വിവേകം അവർക്കുണ്ടായിരുന്നു. പ്രകൃതിയിൽ നിന്നുതന്നെ പഠിച്ച പാഠങ്ങളുടെ വെളിച്ചമാണ് അവരെ നയിച്ചിരുന്നത്. നിയമങ്ങളായിരുന്നില്ല ഈ ഭൗമസദാചാരത്തെ പ്രാവർത്തികമാക്കിയത്. ദൈനംദിന ജീവിതത്തിലെ ആചാരങ്ങളായി, വിശ്വാസങ്ങളായി അവ നിലനിന്നു പോന്നു. ബാഹ്യപ്രകൃതിയും അന്തർലോകവും അവരെ സംബന്ധിച്ചിടത്തോളം വിരുദ്ധ ശക്തികളായിരുന്നില്ല.

പ്രതികൂലമായ ജീവിതസാഹചര്യങ്ങളോട് ഏറ്റുമുട്ടിയ പ്രാചീന മനുഷ്യൻ മൂർത്തമായ പ്രകൃതി



ശക്തികളെ ആരാധിക്കാൻ തുടങ്ങി. അതോടു കൂടിയാണ് ഗോത്ര ചിഹ്നോപാസന രൂപമെടുത്തത്. ഒരു വൃക്ഷത്തെയോ മൃഗത്തെയോ സങ്കല്പിച്ചുകൊണ്ടുള്ള മനുഷ്യന്റെ പ്രാചീനതമമായ ഈ ആരാധനാരീതിയെ പ്രകൃതിയുമായി തന്മയീഭവിക്കാനുള്ള ശ്രമമായി കരുതാവുന്നതാണ്. പ്രകൃതിയുടെ വരദാനമായ ജലവും മറ്റു വിഭവങ്ങളും ഉപയോഗിച്ചു നൈസർഗിക ജീവിതം നയിച്ചുവന്ന ഒരു ജനത പ്രകൃതി സാമഗ്രികളെ ആരാധിച്ചു വന്നതു സ്വാഭാവികം മാത്രം. ഈ ഗോത്ര ചിഹ്നങ്ങൾ തങ്ങളുടെ രക്ഷാകവചമാണെന്ന് അവർ കണക്കാക്കി. പ്രാചീന സംഘ കാലത്ത് ഏഴിമല രാജാവായിരുന്ന നന്നന്റെ കാവൽമരം അഥവാ ഗോത്രചിഹ്നം വേപ്പായിരുന്നു. ഒരു വേപ്പുമരം മുറിച്ചതിനുശേഷം ശത്രുരജാവിന് നന്നനെ വധിക്കാൻ കഴിഞ്ഞുള്ളൂ എന്ന സംഘകാലകൃതിയിൽ കാണുന്നു. ചേര രാജാവായ ഇമയവരമ്പൻ നെടുംചേരലാതനെ പ്രകീർത്തിച്ചുകൊണ്ടു കുമട്ടൂർ കണ്ണനാർ എന്ന കവിയെഴുതിയ പതിറ്റുപ്പത്ത് രണ്ടാം പത്തിൽ 'പകവീരന്മാരെ പോരിൽ വെട്ടിവീഴ്ത്തി അവരുടെ ആക്രമണം തകർത്ത് മുന്നോട്ടുകടന്ന്, ദുർമ്മോഹികളായ രാജാക്കന്മാരെയും അവരുടെ കാവൽമരമായ കടമ്പിനെ ചുവടോടെ വെട്ടിമുറിച്ചിട്ട ചേരനാഥാ, അങ്ങയുടെ കോപവും ധൈര്യവും അസാധാരണമാണ്' എന്ന് അർത്ഥം വരുന്ന ഒരു പാട്ടുണ്ട്. ഗോത്ര ചിഹ്നം അവർ എങ്ങനെ കണക്കാക്കിയിരുന്നു എന്ന് ഇതിൽ നിന്നു വ്യക്തമാണ്.

പഞ്ചുരുളി എന്ന തെയ്യം ആൽമരത്തിൽ കുടികൊള്ളുന്നു എന്ന് അതിന്റെ പുരാവൃത്തം വ്യക്തമാക്കുന്നു. ഈ തെയ്യത്തിന്റെ പ്രാഥമികമായ ചടങ്ങ് 'മരത്തിൽ നിന്നിറക്ക'ലും അവസാനത്തെ ചടങ്ങ് 'മരത്തിൽ നിന്നികറ്റ'ലും ആണ്. മന്ത്രമൂർത്തിയായ അമ്മദൈവമാണ് പഞ്ചുരുളി. ഈ ദേവതയും വനവുമായുള്ള ബന്ധം അഭേദ്യമാണ്. 'മുത്തപ്പൻ' തെയ്യൻ മലയിൽ വസിക്കുന്നു എന്നതാണു വിശ്വാസം. അത്തി, ഇത്തി, പേരാൽ, അരയാൽ എന്നീ നാല്പാമരങ്ങളെ വിശുദ്ധ വൃക്ഷങ്ങളായി കണക്കാക്കിപ്പോന്നു. ഈ 'ക്ഷീര'വൃക്ഷങ്ങളെ ആരും മുറിക്കാറില്ല. പാൽമരങ്ങളെയും അമ്മയെയും ഒന്നായിക്കണക്കാക്കുന്ന മനോഭാവം പ്രാകൃത വിശ്വാസങ്ങളിലുണ്ട്.

മനുഷ്യോർവരതയും പ്രകൃത്യുർവരതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നും ഒന്ന് മറ്റേതിനെ സ്വാധീനിക്കുന്നു എന്നും പ്രാചീന സമൂഹം വിശ്വസിച്ചിരുന്നു. മണ്ണിന്റെയും മനുഷ്യന്റെയും ഫലസമൃദ്ധിയുടെ ഹേതു ഒന്നാണെന്നായിരുന്നു അവരുടെ വിശ്വാസം. പുളിമരം ഉർവരതയുടെ പ്രതീകമാണെന്ന വിശ്വാസം കേരളത്തിലുണ്ട്. 'പുളികുടി' എന്ന അനുഷ്ഠാനം ഇതിൽ നിന്നാണുത്ഭവിച്ചത്.

പ്രകൃതിയിലെ വസ്തുക്കളെ ഉർവരതയുടെ പ്രതീകമായി കണക്കാക്കുന്ന പതിവ് കേരളത്തിൽ ഇന്നും നിലനിൽക്കുന്നുണ്ട്. പൂക്കൾ, കമുകിൻ പൂക്കുല, തെങ്ങിൻ പൂക്കുല എന്നിവ

ഇത്തരത്തിലുള്ള പ്രതീകങ്ങളാണ്. പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കാനുള്ള ശ്രമം കേരളത്തിലെ എല്ലാ ഉർവരതാചടങ്ങുകളിലും കാണാം. നിറ, പുത്തരി, ഓണം, തിരുവാതിര, വിഷു, പൂരം തുടങ്ങിയ ഉത്സവങ്ങൾ ഉദാഹരണമാണ്. ഉർവരതാശക്തിക്കായി കാട്ടുവള്ളികളും ഇലകളും നെൽക്കതിരും വീട്ടിൽ കൊണ്ടുവന്നു കെട്ടുന്ന ചടങ്ങാണ് 'നിറ'. ഓണം, തിരുവാതിര, പൂരം എന്നിവയിൽ പൂക്കൾ പ്രധാന ഘടകമാണ്.

പ്രകൃതിയും മനുഷ്യനും തമ്മിൽ ഗോത്രസംസ്കാരത്തിന്റെ കാലത്തു നിലനിന്നിരുന്ന പാരസ്പര്യത്തിന് മാറ്റം വന്നതു ബ്രാഹ്മണരുടെ കുടിയേറ്റത്തോടെയാണ്. മഴക്കാടുകൾ തെളിച്ച് അവർ ക്ഷേത്രങ്ങളും കൃഷിയിടങ്ങളും സൃഷ്ടിച്ചു. എങ്കിലും കാർഷികസംസ്കാരം പ്രകൃതിയോട് അടുത്തതായിരുന്നു.

കെട്ടുകഥകളും മായികകഥകളും കൊണ്ടുനിറഞ്ഞ മലയാളിയുടെ അവബോധത്തിന് പ്രകൃതിയുമായുള്ള സഹജീവനത്തിന്റെ പുരാവൃത്തങ്ങളുണ്ട്. നമ്മുടെ കാവുകളും കുളങ്ങളും ജൈവാരാധനയും ഇതിന്റെ ഉദാഹരണമാണ്. ദൈവങ്ങളുടെ ആസ്ഥാനമായി സങ്കല്പിച്ച് ഒരു പുല്ലുപറിക്കാൻ പോലും അനുവദിക്കാതെ കാത്തുസൂക്ഷിച്ചിരുന്ന കാവുകളും മലദൈവങ്ങളുടെ ആസ്ഥാനങ്ങളും പൂങ്കാവനങ്ങളും ജൈവവൈവിധ്യത്തിന്റെ ഉത്തമനിദർശനങ്ങളത്രേ. കാവു തീണ്ടല്ലേ, കുടിവെള്ളം മുട്ടും എന്ന പഴമൊഴിയുടെയും കാവിൽ ഇരുമ്പുകൊണ്ട് പോകരുത്, കാവിലെ വിറകു കത്തിക്കരുത് മുതലായ നാടോടിവിലക്കുകളുടെയും പൊരുൾ ശാസ്ത്രത്തിലൂടെയും നാം ഇപ്പോൾ അറിഞ്ഞു തുടങ്ങിയിരിക്കുന്നു.

കേരള ചരിത്രത്തിലെ പ്രധാന കണ്ണിയാണ് സർപ്പങ്ങളും സർപ്പാരാധനയും. ഒരു കാലത്തു കാവുകളും നിബിഡവനങ്ങളും നിറഞ്ഞിരുന്ന ഈ ഭൂമിയിൽ സർപ്പാരാധന ഉടലെടുത്തതു സ്വഭാവികം മാത്രം. ഈ ആരാധനയുമായി ബന്ധപ്പെട്ടു നിലനിന്നിരുന്നതു കേരളത്തിലെ കാലാവസ്ഥയുടെ ശാലീനതയാണ്; സംസ്കാരത്തിന്റെ കലവറയാണ്; പ്രകൃതിയുടെ വരദാനമായ അനേകായിരം വൃക്ഷങ്ങളാണ്; സസ്യലതാദികളാണ്; ജന്തുക്കളാണ്.

പ്രകൃതിയോടു സമരസപ്പെട്ട ഒരു വാസ്തുവിദ്യാപാരമ്പര്യമാണ് കേരളീയർക്കുണ്ടായിരുന്നത്. കാലാവസ്ഥയെയും ഭൂപ്രകൃതിയേയും കേരളീയർ പരിഗണിച്ചിരുന്നു. മനുഷ്യരുടെ സഹവാസം, അഭിരുചി എന്നിവ കണക്കിലെടുത്തിരുന്നു. പഴയ കേരളീയ ക്ഷേത്രങ്ങൾ അവയുടെ പരിസരങ്ങളുടെ അദ്വേദ്യാംശങ്ങളായിരുന്നു. അവ ഒരു നദിയുടെ തീരത്തായാലും കുന്നിൻ തലപ്പിലായാലും അവയുടെ രൂപവിന്യാസം താഴ്‌വരയുടെ ബാഹ്യാകാരത്തെയോ, കുന്നിന്റെ ചായ്മാനത്തെയോ അനുചിതമായി വിഘ്നപ്പെടുത്തിയിരുന്നില്ല. മണ്ണിൽ കുരുത്തത് എന്നു തോന്നിക്കുന്ന ശില്പകലാബോധം ഇവയിലെല്ലാം പ്രകടമായിരുന്നു.

ഗൃഹനിർമ്മാണത്തിലാണെങ്കിൽ വീടുവയ്ക്കുന്ന സ്ഥലവും അതിന്റെ ചരിവുകളും പരിഗണിച്ചിരുന്നു. വീടുവയ്ക്കാൻ ഗുണകരമായ ഭൂമിയെപ്പറ്റി ഇവിടെ പ്രചാരത്തിലുള്ള ഒരു പദ്യശകലം ഇങ്ങനെയാണ്:

"പശുക്കളും നല്ല മനുഷ്യർ പൂമരം

ഫലദ്രുമം പാൽമരമുള്ള ഭൂമിയും

കിഴക്കുചാഞ്ഞിട്ടു നിരന്നമാർദ്ദവം

മുഴക്കവും നീർവലമായ ഭൂമിയും

ബീജങ്ങളുത്രാശുമുളയ്ക്കുമേടവും

ഖാത്വാനിറച്ചീടുകിലേറ്റമുള്ളതും

ശീതോഷ്ണയോരാർത്തികുറഞ്ഞ ദേശവും

വേനൽക്കുനീരുള്ളതു നല്ല ഭൂമിയാം...

തിരഞ്ഞെടുക്കുന്ന ഭൂമിയുടെ നം ഗൃഹത്തിന്റെ ഐശ്വര്യത്തിനു ഹേതുവായി അവർ പരിഗണിച്ചിരുന്നു. കിഴക്ക് ഭാഗത്തു ഇലഞ്ഞിയും തെക്കുഭാഗത്ത് പുളിയും പടിഞ്ഞാറുഭാഗത്ത് ആഞ്ഞിലിയും വടക്കു ഭാഗത്തു പ്ലാവും നല്ല തറവാടിന്റെ ലക്ഷണമായി പരിഗണിച്ചിരുന്നു. മണ്ണിന്റെ ഗുണവും ഋതുചലനങ്ങളും വൃക്ഷത്തിന്റെ മഹത്വവും ഉൾക്കൊള്ളാൻ നമ്മുടെ പൂർവികർക്കു സാധിച്ചു. കേവലം പുസ്തകജ്ഞാനമായിരുന്നില്ല. അനുഭവജ്ഞാനമായിരുന്നു അവരുടെ സമ്പത്ത്.

വാസ്തുശാസ്ത്രത്തിൽ നാലുകെട്ടിന്റെ നടുമുറ്റത്തു തുടങ്ങുന്ന വൃക്ഷപരിപാലന നിർദ്ദേശം വളപ്പ്, ഗ്രാമം, ഗ്രാമക്ഷേത്രംഎന്നിങ്ങനെ നീണ്ടു പോകുന്നു. നടുമുറ്റത്തൊരു മുല്ലത്തറയും മുല്ലയും വാസ്തുശാസ്ത്രം നിർദ്ദേശിക്കുന്നു. മുല്ലയുടെ സ്ഥാനം പിൽക്കാലത്ത് തുളസിക്കായി. ഓരോ ജംനക്ഷത്രത്തിനും അനുഗുണമായി ഒരു വൃക്ഷമുണ്ടെന്ന വിശ്വാസം വൃക്ഷപരിപാലന വ്യഗ്രതക്കുകൂടി നിദർശനമാണ്. നക്ഷത്രവൃക്ഷങ്ങൾ ഏതെന്നു വ്യക്തമാക്കുന്ന ഒരു ചൊല്ല് ഇങ്ങനെയാണ്.

"അശ്വതി മുതലായ് കൊൾക കാഞ്ഞിരം നെല്ലിയും ക്രമാൽ

അത്തി, ഞാവൽ, കരിങ്ങാലി, പിന്നെ കരിമരം മുള

അരയാൽ നാഗവും പേരാൽ പ്ലാശത്തിയമ്പഴം തഥാ

നൽക്കുവളം നീർമരുത് വൈയങ്കത ഇലഞ്ഞിയും

വെട്ടിയും പൈനും പ്ലാവെരിക്കും ചണ്ട വഹ്നിയും

ഇവ നക്ഷത്രവൃക്ഷങ്ങൾ നന്നു നട്ടു വളർത്തിയാൽ"

വഴിയോരത്തു തണൽ വൃക്ഷങ്ങൾ നടുന്നതിലും ശാസ്ത്രീയമായ കാഴ്ചപ്പാടുണ്ട്. വഴിപോക്കനു വിശന്നാൽ ഭക്ഷണത്തിനു മാങ്ങ നൽകുന്ന മാവാണ് അതിൽ പ്രധാനം. വേനലിൽ തളിർക്കുന്ന ഉങ്ങ്, കടുക്ക, പ്ലാവ് എന്നിവയും നട്ടിരുന്നു.

കേരളത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകത ആവാസവ്യവസ്ഥ നിർണ്ണയിക്കുന്നതിലും സംസ്കാരം രൂപപ്പെടുത്തുന്നതിലും മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. കടലും കായലും കുളങ്ങളും ചിറകളും കിണറുകളും എല്ലാം ചേരുന്ന ജലശൃംഖലയാണ് കേരളത്തിനു ഹരിതാവരണം നൽകുന്നത്. പടിഞ്ഞാറ് അതിരായി വർത്തിക്കുന്ന അറബിക്കടൽ; കടലുമായി ബന്ധപ്പെട്ടു കിടക്കുമ്പോഴും ഉൾനാടുകളിലേക്ക് വ്യാപിച്ചിരിക്ക


ന്ന നാല്പത്തി ഒന്ന് നദികൾ നദിയുടെ പോഷകസ്രോതസ്സുകളായ നിരവധി തോടുകൾ; സമൃദ്ധമായ മഴ; ഭൂഗർഭനീരുറവകൾ, കിണറുകൾ, കുളങ്ങൾ ഇങ്ങനെ ജലത്തിന്റെ ഈ ധാരാളിത്തം നമ്മുടെ ജീവിതരീതിയെയും ചരിത്രത്തെയും രൂപപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിച്ചു.

പർവ്വതനിരകളാലും സമുദ്രത്താലും ചൂഴപ്പെട്ട് അനുകൂല പ്രകൃതിസാഹചര്യങ്ങളിൽ പ്രകൃതിയോടു ബന്ധപ്പെട്ട ആചാരനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കാത്തുസൂക്ഷിച്ചു പോന്ന ജനതയായിരുന്നു കേരളീയർ. കേരളീയരുടെ വിശ്വാസങ്ങൾ പലതും അന്ധവിശ്വാസങ്ങളിലേയ്ക്കു ചെന്നെത്തിയ കാലത്താണ് കോളനിവാഴ്ചയും ശാസ്ത്രത്തിന്റെ നവദർശനവും പുത്തൻ വികസന സങ്കല്പങ്ങളും ഇവിടുത്തെ ജീവിതത്തിലേക്ക് കടന്നുവന്നത്. ഇതാകട്ടെ, ജീവിതശൈലിയിലും പ്രകൃതിയോടുള്ള സമീപനത്തിലും സാരമായ മാറ്റം വരുത്തി. പരിസ്ഥിതി പ്രതിസന്ധിയിലേക്ക് താമസിയാതെ കേരളീയരും എത്തിച്ചേർന്നു.

1970-കളിൽ ആണ് കേരളത്തിൽ ആദ്യമായി പരിസ്ഥിതി ബോധത്തെക്കുറിച്ചുള്ള ചിന്തകളും ചർച്ചകളും ആരംഭിച്ചത്. സൈലന്റ്‌വാലി പ്രക്ഷോഭം അതിനൊരു പ്രധാന കാരണമായിരുന്നു. സൈലന്റ് വാലിയിലെ വനസമ്പത്തിനും പ്രഖ്യാപിക്കപ്പെട്ടപ്പോൾ അത് കേരളീയ സമൂഹത്തിൽ വലിയ വിവാദങ്ങൾ സൃഷ്ടിച്ചു. പ്രകൃതിയെയും പരിസ്ഥിതിയെയും ബാധിക്കുന്ന ഈ പദ്ധതി ഉപേക്ഷിക്കണമെന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ മനുഷ്യനേക്കാൾ വലുതല്ല പരിസ്ഥിതിയെന്ന മറ്റൊരു കൂട്ടർ വാദിച്ചു. പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള വികസന പദ്ധതിയുമായി ആദ്യം മുന്നോട്ടു വന്നത് ശാസ്ത്രസാഹിത്യ പരിഷത്താണ്. വികസനവും പരിഷ്കാരവും തമ്മിലുള്ള ബന്ധത്തെ വിമർശനാത്മകമായി വീക്ഷിക്കാനും മനുഷ്യ-പ്രകൃതി ബന്ധത്തിൽ പുതിയ മാനങ്ങൾ കെത്താനുമുള്ള ശ്രമങ്ങൾ അതോടെയാണ് കേരളത്തിലും ശക്തമായത്. വ്യവസായ വല്ക്കരണത്തിന്റെ ദോഷഫലങ്ങളും കമ്പോള സംസ്കാരത്തിന്റെ അധിനിവേശവും പരിസ്ഥിതി പ്രതിസന്ധികളായി സമൂഹം തിരിച്ചറിഞ്ഞു. പുഴകളുടെ നാടായ കേരളത്തിലെ പുഴകളെല്ലാം തന്നെ വ്യവസായ മലിനീകരണത്തിന്റെയും ചൂഷണത്തിന്റെയും ഇരകളായിത്തീർന്നു. മനുഷ്യന്റെ നിലനില്പിനെത്തന്നെ അപകടപ്പെടുത്തുന്ന തരത്തിലുള്ള ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളെ ഇന്ന് ആഴമായി പഠിച്ചു തുടങ്ങിയിട്ടുണ്ട്.

കേരളീയ സാംസ്കാരിക രംഗത്ത് പുതിയ ഒരു പാരിസ്ഥിതിക ഭാവുകത്വം സൃഷ്ടിച്ച ആ പ്രതിരോധ പ്രസ്ഥാനത്തിന്റെ പിന്തുടർച്ചയെന്നോണം കേരളത്തിൽ വ്യാപകമായ പരിസ്ഥിതി പ്രവർത്തനങ്ങളെക്കുറിച്ച് ജി.മധുസൂദനൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"പ്രതിരോധ സംഘങ്ങളുടെയും, പരിസ്ഥിതി പ്രവർത്തനങ്ങളുടെയും, ചെറിയ ചെറിയ കൂട്ടായ്മകളുടെയും, പാഠഭേദവും സൂചിമുഖിയും പോലുള്ള ചെറു മാസികകളുടെയും ഒരു സമരമുഖം തന്നെ രൂപപ്പെട്ടുവന്നു. ഫുക്കുവോക്കയുടെ 'ഒറ്റവൈക്കോൽ വിപ്ലവ'ത്തിന്റെ വിവർത്തനം, നാടുഗദ്ദികയെന്നൊരു നാടകം,




കനവ് എന്നൊരു ബദൽ വിദ്യാഭ്യാസ സംരംഭം, സാരംഗ് പോലുള്ള ജൈവകൃഷി പരീക്ഷണങ്ങൾ എന്നിങ്ങനെ പരിണാമത്തിന് പ്രേരകമായ നിരവധി പ്രവർത്തനങ്ങൾ അക്കാലത്തു നടന്നു".


ഇന്ന് പരിസ്ഥിതി സംരക്ഷണം എന്നത് ഭൂമിയുടെ സംരക്ഷണമാണെന്ന വിശാല വീക്ഷണം ഉൾക്കൊ് സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ പരിസ്ഥിതി ബോധവൽക്കരണവും സംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നു എന്നത് ഈ രംഗത്തെ ആശാവഹമായ പുരോഗതിയെ സൂചിപ്പിക്കുന്നു.

വ്യവസായ വിപ്ലവത്തിന്റെയും തെറ്റായ വികസന സങ്കൽപ്പങ്ങളുടെയും മറ്റും ഫലമായി ആഗോളതലത്തിലുണ്ടായ പാരിസ്ഥിതിക പ്രശ്നങ്ങളെ വെളിച്ചത്തു കൊണ്ടുവരാനും അതിനെ പ്രതിരോധിക്കുവാനുള്ള ശ്രമങ്ങൾ സാഹിത്യത്തിലും സൈദ്ധാന്തികതലത്തിലും രാഷ്ട്രീയത്തിലും എല്ലാം എത്രത്തോളം ഉണ്ടായിട്ടുണ്ടെന്ന് സാമാന്യമായി മുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിലും ഇതോടൊപ്പം പാരിസ്ഥിതികപ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതിന്റെ പ്രതിരോധങ്ങൾ പ്രക്ഷോഭരൂപത്തിലും ഇവിടെ നടന്നിട്ടുണ്ട്. ഈ പ്രക്ഷോഭങ്ങളുടെയും കേരളത്തിലെ പാരിസ്ഥിതിക ചലനങ്ങളുടെയും ചരിത്രം താഴെ സംഗ്രഹിക്കുന്നു.

1970-80കാലഘട്ടത്തിൽ സൈലന്റ്‌വാലി പ്രക്ഷോഭത്തോടുകൂടിയാണ് കേരളത്തിൽ പരിസ്ഥിതി ഒരു സജീവ സാന്നിധ്യമാകുന്നത്. മലയാളത്തിലെ എഴുത്തുകാർ തങ്ങളുടെ കൃതികളിൽകൂടിയും സാമൂഹികപരമായ ഇടപെടലിൽ കൂടിയും പാരിസ്ഥികമായ ആക്ടിവിസത്തിന്റെ ഭാഗമായി മാറുന്നത് സൈലന്റ്‌വാലി സംരക്ഷണത്തിന്റെ ഭാഗമായാണ്. സർഗ്ഗാത്മകതയുടെയും ആക്ടിവിസത്തിന്റെയും രംഗങ്ങളിലെല്ലാം എഴുപതുകളിൽ ഒരു കുതിച്ചുചാട്ടം തന്നെ നടന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി തന്നെയാണ് പാരിസ്ഥിതികമായ ഭാവുകത്വം മലയാളത്തിൽ വേരുറപ്പിക്കുന്നത് സാഹിത്യത്തിൽ അതിനു മുമ്പ് പരിസ്ഥിതി പ്രത്യക്ഷപ്പെടുന്നത് ബോധപൂർവമായതല്ലാതെയാണെങ്കിൽ സൈലന്റ്‌വാലി പ്രക്ഷോഭത്തിനുശേഷം വിശദമായി തന്നെ മലയാളത്തിൽ പാരിസ്ഥിതിക സാഹിത്യം കടന്നുവന്നു. പ്രതിരോധസംഘങ്ങളുടെയും പരിസ്ഥിതി പ്രവർത്തനങ്ങളുടെയും ചരിത്രം തന്നെ എഴുപതുകൾക്കു ശേഷം മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. സൂചിമുഖി, പാഠഭേദം തുടങ്ങിയ ജേർണലുകൾ ഒറ്റവൈക്കോൽ വിപ്ലവത്തിന്റെ (മസനോബു ഫുക്കുവോക്ക) പരിഭാഷ, നാട്ടുഗദ്ദിക (നാടകം-കെ.ജെ.ബേബി) ജൈവകൃഷി പരീക്ഷണങ്ങൾ, കനവ്, സാരംഗ് തുടങ്ങിയ ബദൽവിദ്യാലയങ്ങൾ, വനപർവ്വം എന്ന കവിതാ സമാഹാരം തുടങ്ങിയവയൊക്കെ പാരിസ്ഥിതിക മലയാളത്തിന്റെ സാക്ഷ്യപത്രങ്ങളാണ്. 1979ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന സൈലന്റ് വാലിയെ സംരക്ഷിക്കുക എന്ന ലേഖനം (പ്രൊഫസർ എം.കെ.പ്രസാദ് ജൂൺ 9 ലക്കം 1979) വലിയ ചലനം തന്നെയാണ് സാഹിത്യ സാംസ്കാരിക രംഗത്ത് സൃഷ്ടിച്ചത്. സുഗതകുമാരി എൻ.വി. കൃഷ്ണവാര്യർ, വൈക്കം മുഹമ്മദ് ബഷീർ തുടങ്ങിയവരൊക്കെ സമരത്തിന്റെ മുന്നണിപ്പോരാളികളായി.

മേൽ സൂചിപ്പിച്ച ലേഖനം വായിച്ചു സമര പോരാട്ടം തുടങ്ങിയ സുഗതകുമാരി തോറ്റ് പോയാലും ഈ സമരരംഗത്ത് മുന്നണി പോരാളികളാവാൻ കേരളത്തിലെ എഴുത്തുകാരെയും പരിസ്ഥിതി സ്നേഹികളെയും ക്ഷണിച്ചു. സമരത്തിൽ തന്നെയും ചേർക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് വൈക്കം മുഹമ്മദ് ബഷീർ സുഗതകുമാരിക്ക് കത്തും പണവും അയച്ചു. എന്നാൽ സൈലന്റ്‌വാലി പ്രക്ഷോപം അവസാനിച്ചത് വിജയഗാഥയോടെയാണ്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത വനഭൂമിയാണ് സൈലന്റ്‌വാലി. ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയുടെ ഉത്ഭവം ഇവിടെയാണ്. ഈ വെള്ളച്ചാട്ടത്തിന് കുറുകെ ജലവൈദ്യുതപദ്ധതി സ്ഥാപിക്കാനാണ് ഇലക്ട്രിസിറ്റി ബോർഡ് ഉദ്ദേശിച്ചത്. ഏഴു കൊല്ലം കൊണ്ട് പണിതീർക്കാം എന്നു കരുതിയി









രുന്ന ജലവൈദ്യുത പദ്ധതി ഉത്തരകേരളത്തിലെ ഊർജ്ജ പ്രതിസന്ധി കുറക്കുമെന്നും 10000 ഹെക്ടർ ഭൂമിയിലെങ്കിലും ജലസേചനം നടത്താൻ ഉപയുക്തമാകും എന്നും മറ്റും വാഗ്ദാനം ചെയ്യപ്പെട്ടെങ്കിലും പാരിസ്ഥിതിക പ്രാധാന്യമുള്ള പല വസ്തുക്കളും സൈലന്റ്‌വാലിക്ക് ഉണ്ടായിരുന്നു. പശ്ചിമഘട്ടത്തിലെ നിത്യഹരിത വൃഷ്ടി വനങ്ങളിൽ ഒടുക്കത്തെതായിരുന്നു. സൈലന്റ്‌വാലി ഏതാണ്ട് 50 ദശലക്ഷം വർഷങ്ങളുടെ പഴക്കമുള്ള ഇവിടെ സസ്യപ്രകൃതിയുടെയും ജന്തുപ്രകൃതിയുടെയും വൈവിധ്യങ്ങളുടെ കലവറതന്നെ ഉണ്ടായിരുന്നു. മനുഷ്യരാശിയുടെ ഇടപെടൽ ഏറ്റവും കുറച്ചുമാത്രം ഉണ്ടായിട്ടുള്ള സൈലന്റ്‌വാലി അനന്തസാധ്യതകളുള്ള ഒരു ജീൻകലവറയും ഔഷധ ഉദ്യോനവും ഒക്കെയായിരുന്നു. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന സിംഹവാലൻ കുരങ്ങുകളും മറ്റ് അനേകം ഉരഗജീവികളും ഇവിടെ ഉണ്ടായിരുന്നു. സൈലന്റ്‌വാലി ഒരു ബയോസ്ഫിയർ ആയി സൂക്ഷിക്കണമെന്നും അത് വെറുമൊരു നിത്യഹരിതവനം അല്ലെന്നും ഭൂമിയിലെ ഏറ്റവും സമ്പന്നവും കടുത്ത അപായഭീഷണി നേരിടുന്നതും ഏറ്റവും കുറച്ചുമാത്രം പഠിക്കപ്പെട്ടിട്ടുള്ളതുമായ ആവാസവ്യവസ്ഥയുടെ ഒരു ഉത്തമ ഉദാഹരണം ആണ് എന്നും പരിസ്ഥിതി ഗവേഷകർ അഭിപ്രായപ്പെട്ടു.

ശാസ്ത്രസാഹിത്യപരിഷത്ത് സൈലന്റ്‌വാലി പ്രക്ഷോഭത്തിൽ കാര്യമായ പങ്കു വഹിച്ചിരുന്നു. പദ്ധതിയെ എതിർക്കുന്ന കാര്യത്തിൽ ഏകാഭിപ്രായം ഉണ്ടായിരുന്നില്ലെങ്കിലും പരിഷത്തിന്റെ അഞ്ചംഗ സമിതി സൈലന്റ്‌വാലിയെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ട് 1979മാർച്ചിൽ മലയാളത്തിലും പിന്നീട് ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു. സമരത്തിന്റെ ഭാഗമായി എഴുത്തുകാർ രൂപം നൽകിയ വനപർവ്വം എന്ന കവിതാസമാഹാരം (20 കവികളുടെ 30 കവിതകൾ) കേവലം മരക്കവിതകൾ ആയിരുന്നില്ല. മലയാളത്തിന്റെ പാരിസ്ഥിതിക സാഹിത്യത്തിന്റെ വിളമ്പരം തന്നെയായിരുന്നു. മനുഷ്യകേന്ദ്രവും ഉപഭോഗാധിഷ്ഠിതവുമായ സംസ്കാരത്തിനപ്പുറത്ത് സസ്യജന്തു നിബിഡവും വന്യവുമായ പ്രകൃതിയുടെ സാന്നിദ്ധ്യമുണ്ടെന്നും അതിനെ സംരക്ഷിക്കേണ്ടത് ധാർമികമായ കർത്തവ്യം എന്നതിനപ്പുറം നി

ലനിൽപ്പിന്റെ അനിവാര്യതയാണെന്നും കേരളം തിരിച്ചറിഞ്ഞത് സൈലന്റ്‌വാലി പ്രക്ഷോഭഫലമായാണ് (ആത്മാരാമൻ 2002)

പുഴകളും മരങ്ങളും സംരക്ഷിക്കാനും കാടിന്റെ സംഗീതം നിലയ്ക്കാതിരിക്കാനും ഫാക്ടറി മാലിന്യങ്ങൾ വരുത്തുന്ന ദുരിതങ്ങൾ ഇല്ലാതാക്കാനും കേരളത്തിൽ സൈലന്റ്‌വാലി പ്രക്ഷോഭത്തിനുശേഷം ഒരുപാട് പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. മാവൂർ ഗോളിയോർ ഫാക്ടറിയ്ക്ക് എതിരെ നടന്ന സമരം കാസർഗോട്ടെ എൻഡോസൾഫാനെതിരെ നടന്ന പോരാട്ടം. കരിമണൽ ഖനനത്തിനും മറ്റുമെതിരെ നടന്ന സമരങ്ങൾ തുടങ്ങി പ്ലാച്ചിമടയിലെ ജലചൂഷണത്തിനെതിരെ നടന്ന സമരവും ഏറ്റവും പുതിയ കാലത്ത് വളന്തക്കാട് വരാൻ പോകുന്ന വ്യവസായത്തുന്നനേർക്ക് പുതുതായി രൂപം കൊണ്ടിരിക്കുന്നു. പ്രക്ഷോഭത്തിൽ എത്തിനിൽക്കുന്നു. സുനാമിപോലും തടഞ്ഞുനിർത്താൻ ശേഷിയുള്ള പാരിസ്ഥിതിക പ്രധാന്യമുള്ള കണ്ടൽക്കാടുകൾ നിറഞ്ഞ വളന്തക്കാട് തണ്ണീർ പ്രദേശത്തെ നശിപ്പിക്കാനുള്ള അധികാരി വർഗ്ഗത്തിന്റെ ആസൂത്രണത്തെ എതിർക്കാൻ 2010 ൽ പരിസ്ഥിതി രാഷ്ട്രീയം തന്നെ വേണ്ടിവന്നു. 1970കൾക്കുശേഷം ആദിവാസി ദളിത് വിഭാഗങ്ങൾ അവരുടെ നിലനിൽപ്പിനു വേണ്ടി നടത്തികൊണ്ടിരിക്കുന്ന പോരാട്ടങ്ങളുടെയും, മുത്തങ്ങ, ചെങ്ങറ, അതിരപ്പിള്ളി ഒക്കെ അടങ്ങിയ സമരങ്ങൾ പാരിസ്ഥിതിക പ്രതിരോധങ്ങൾ ആയിത്തന്നെ അടയാളപ്പെടുത്തുന്നുണ്ട്. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നിഷേധിക്കുന്നതിന്റെ പ്രധാന തടസ്സം അവിടെ വസിക്കുന്ന ആദിവാസി വിഭാഗത്തിൽ പെട്ടവരാണെന്ന സത്യം കൂടി തിരിച്ചറിയേണ്ടതുണ്ട്. ആദിവാസി ദളിത് രാഷ്ട്രീയവും അരികുവൽക്കരിക്കപ്പെടുന്ന ഓരോരുത്തരുടെയും രാഷ്ട്രീയവും ചേർത്തു തന്നെയാണ് കേരളത്തിൽ പാരിസ്ഥിതിക രാഷ്ട്രീയത്തിന്റെ സ്വത്വബോധം ശക്തിയാർജിക്കാൻ പോകുന്നത്.


## ജനകീയ പ്രസ്ഥാനങ്ങൾ

എഴുപതുകൾക്കു ശേഷമുള്ള കാലഘട്ടം കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിലും സമരങ്ങളുടെയും ചെറുത്തുനില്പ്പിന്റെയും കാലഘട്ടമായിരുന്നു. ചാലിയാറിലെ മലിനീകരണത്തിനെതിരെ മാവൂരിലെ ജനങ്ങളുടെ സമരം എൺപതുകളിൽ തുടങ്ങി. വൻകിട ഫാക്ടറികളും പദ്ധതികളും സൃഷ്ടിക്കുന്ന കുടിയൊഴിപ്പിക്കലുകളുടെയും മലിനീകരത്തിന്റെയും ഇരകളായ  മനുഷ്യർ കേരളത്തിനു വെളിയിൽ ദീർഘമായ ചെറുത്തുനില്പ്പുകൾ നടത്തി. ഒറീസ്സയിലെ ബലിയപാൽ എന്ന സ്ഥലത്ത് മിസ്സൈൽ താവളം സ്ഥാപിക്കുന്നതിനെതിരെ അന്നാട്ടിലെ ഒരു ലക്ഷത്തോളം വരുന്ന താമസക്കാർ സമരം ചെയ്തു. നർമ്മാ നദിയിൽ അണക്കെട്ടു സ്ഥാപിക്കുന്നതിനെതിരായി മേധാപട്കർ നയിക്കുന്ന സമരപരിപാടിയായി ഇന്നും തുടരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രമുഖ നദികളെല്ലാം തന്നെ വ്യവസായമലിനീകരണത്തിന്റെയും ചൂഷണത്തിൻരെയും ഇരകളായി മാറിയിരിക്കുന്നു. മണൽവാരൽ അനിയന്ത്രിതമായതോടെ നദികളുടെ ഘടന തന്നെ മാറിപ്പോകുന്നതായി നമുക്കറിയാം. മനുഷ്യജീവിതത്തിന്റെ വിവിധ തലങ്ങളെ സ്പർശിക്കുന്ന ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളെ ഇന്ന് വളരെ ഗൗരവത്തിലും ആഴത്തിലും പഠിച്ചു തുടങ്ങിയിരിക്കുന്നു.

## നവോത്ഥാനത്തിന്റെ സ്വാധീനം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം ഒരു നവഭാവുകത്വത്തിന്റെ അടയാളം മലയാള കവിതയിലേക്കു കൊണ്ടുവന്നു. 19-ാം നൂറ്റാണ്ടിന്റെ





മധ്യത്തിനുശേഷം ഭാരതത്തിലും കേരളത്തിലും രൂപപ്പെട്ടു തുടങ്ങിയ സവിശേഷമായ ആശയകാലാവസ്ഥയാണ് ഈ നവഭാവുകത്വം സാധ്യമാക്കിയത്. ഈ അന്തരീക്ഷം കോളനി വാഴ്ചയുടെയും ജാതി വ്യവസ്ഥയുടെയും ഇരയായിരുന്ന ഭാരതത്തെ ആധുനികീകരിച്ചു. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിനു ശേഷമുണ്ടായ സാംസ്കാരിക നവോത്ഥാനമായിരുന്നു അതിന്റെ ആധാരം. ബംഗാളായിരുന്നു അതിന്റെ പ്രഭവസ്ഥാനം.

പാശ്ചാത്യസംസ്കാരവും വിദ്യാഭ്യാസവുമായുള്ള പരിചയമാണ് നവോത്ഥാനത്തെ ത്വരിതപ്പെടുത്തിയ ഘടകങ്ങളിലൊന്ന്. അതേസമയം തദ്ദേശീയ സ്വത്വത്തിന്റെ ഉണർച്ചയ്ക്കും ഹിന്ദുമത നവീകരണത്തിനും ഊന്നൽ കൊടുത്തുകൊണ്ട് ഭാരതീയ നവോത്ഥാനം വികസിച്ചത്. ജാതിഭേദത്തിനും സതിക്കും എതിരായി പ്രവർത്തിക്കുകയും ആധുനിക വിദ്യാഭ്യാസത്തിനും ദേശീയ ഐക്യത്തിനും വേണ്ടി വാദിക്കുകയും ചെയ്ത നവോത്ഥാന പ്രസ്ഥാനങ്ങൾ വ്യക്തിസ്വത്വത്തിന് പ്രാധാന്യം നൽകി. യൂറോപ്യൻ ബോധോദയത്തിന്റെ ഫലമായ ആധുനികതയുടെ സ്വാധീനം ഭാരതീയ നവോത്ഥാനത്തെ രൂപപ്പെടുത്തുന്നതിൽ ഗണ്യമായ പങ്കു വഹിച്ചു.

കൊളോണിയൽ ആധുനികതയുമായി ബന്ധപ്പെട്ടാണ് കേരളത്തിലും നവോത്ഥാന ശ്രമങ്ങൾ നടന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും അച്ചടിയുടെയും പ്രചാരം സാമൂഹികമായ മാറ്റങ്ങൾക്ക് വഴി തുറന്നു. എന്നാൽ സവർണവിഭാഗങ്ങൾ മാത്രമായിരുന്നു ഈ മാറ്റങ്ങളുടെ പ്രധാന ഗുണഭോക്താക്കൾ. ശ്രീനാരായണ ഗുരുവിന്റെ പ്രവർത്തനങ്ങൾ കീഴാള, ദളിത ജന വിഭാഗങ്ങളുടെ ഉണർവ്വിനും നവീകരണത്തിനും മാത്രമല്ല, കേരളീയ സമൂഹഘടനയുടെ പരിവർത്തനത്തിനും കാരണമായി. യഥാർത്ഥത്തിലുള്ള ഒരു കേരളീയ നവോത്ഥാനമാണിവിടെ സാധ്യമായത്.

ആംഗലവിദ്യാഭ്യാസം പ്രചരിച്ചതും സാക്ഷരത കൂടിയതും പാശ്ചാത്യ സ്വാധീനം വർദ്ധിച്ചതുമൊക്കെ സാഹിത്യം വളരുന്നതിനും സഹായകമായി. കാല്പനികതയെ പിന്തള്ളി ജീവൽ സാഹിത്യം ആരംഭിച്ചു. മത-പുരാഗാഥകളും രാജസ്തുതികളും ഉപേക്ഷിച്ച് സാഹിത്യം ജീവിത യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാൻ തുടങ്ങി. സാഹിത്യത്തിൽ ഒരു ആധുനിക ഘട്ടം ആരംഭിച്ചു.

നവോത്ഥാനാധുനികത, വൈയക്തികത, തദ്ദേശീയത, ജാതിവ്യവസ്ഥാ വിരുദ്ധത തുടങ്ങിയ കാര്യങ്ങളിലാണ് പ്രധാനമായും ശ്രദ്ധ പതിപ്പിച്ചത്. കവിതയുടെ ഗതിമാറ്റത്തിൽ ഈ ആശയ മണ്ഡലങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. ഭൂതകാലത്തെ ഉപേക്ഷിച്ചുകൊണ്ട് ഭാവിയിലേക്കു നോക്കുന്ന ഒരു സൈദ്ധാന്തിക പശ്ചാത്തലം മലയാള കവിതയിലുണ്ടായി.

"നവോത്ഥാനാധുനികതയുടെ ഫലമായി യാഥാസ്ഥിതികത്വത്തിൽ നിന്നും മുക്തമായി ജാതി വ്യവസ്ഥയ്ക്കും കോളനിവാഴ്ചക്കുമെതിരായ സമരങ്ങളിലൂടെയും സാമൂഹിക പരിഷ്കരണങ്ങളിലൂടെയും രൂപപ്പെട്ട കേരളീയ പൗരസമൂഹത്തിലെ പുതിയ കർതൃത്വം സാഹിത്യ

ത്തിൽ പ്രവേശിച്ചതിൽ ഈ ഭാവി ദർശനത്തിനു വലിയ പങ്കുണ്ട്. കുമാരനാശാനെയും വി.സി. ബാലകൃഷ്ണപണിക്കരെയും സി.എസ്. സുബ്രഹ്മണ്യൻ പോറ്റിയെയും വർഷങ്ങൾക്കുശേഷം ചങ്ങമ്പുഴ കൃഷ്ണപിള്ളയെയും വൈലോപ്പിള്ളി ശ്രീധരമേനോനെയും സാധ്യമാക്കിയത് ആ ഭാവിബോധമായിരുന്നു."

ഇരുപതാം നൂറ്റാണ്ട് മനുഷ്യജീവിതത്തിന്റെ വിവിധ മേഖലകളിൽ പരിവർത്തനമുണ്ടാക്കി. അതിന്റെ അലകൾ മനുഷ്യൻ എന്ന സങ്കല്പത്തെ തന്നെ മാറ്റിമറിച്ചു. ശാസ്ത്രവും സാങ്കേതികതയും അത്ഭുതകരമായ വികസനഘട്ടങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ടിരുന്നു. എഴുത്തുമായി ബന്ധപ്പെട്ട് ആശയവിനിമയ രംഗത്തുണ്ടായ വളർച്ച എഴുത്തുകാരുടെയും കലാപ്രവർത്തകരുടെയും മാധ്യമബോധത്തെയും ആവിഷ്കാര തന്ത്രത്തെയും സ്ഥലകാല ഭാവനകളെയും നിർണ്ണായകമായ മാറ്റങ്ങൾക്കു വിധേയമാക്കി. നവോത്ഥാനത്തിന്റെ മൂല്യങ്ങൾ ഈ സാഹചര്യത്തിൽ ദുരുപയോഗപ്പെടുത്താനുള്ള സാധ്യതകളേറി. എങ്കിലും നവോത്ഥാന ആധുനികതയിൽ നിന്ന് 70-കളിൽ ഒരു പ്രതിരോധത്തിന്റെ സംസ്കാരം വളർന്നുവന്നു. പിൽക്കാലത്തു സഹിത്യത്തിലും സമൂഹത്തിലും ശക്തി പ്രാപിച്ച പാരിസ്ഥികാവബോധത്തെ ഈ പ്രതിരോധത്തിന്റെ സംസ്കാരം വളരെയധികം സ്വാധീനിച്ചു. കേരളീയ നവോത്ഥാനത്തിൽ സ്വാതന്ത്ര്യം എന്നതിന്റെ അർത്ഥം വ്യക്തിഗത സ്വാതന്ത്ര്യം എന്നല്ല, ഒരു സമൂഹത്തിന്റെ സ്വാതന്ത്ര്യം എന്നാണ് എന്ന എം.എൻ. വിജയന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്.

## സഹായക ഗ്രന്ഥങ്ങൾ

1. അച്യുതൻ,എം., 'ഹരിതദർശനം' ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശൂർ.

2. അയ്യപ്പപ്പണിക്കർ, തിണവ്യവസ്ഥയും രൂപമഞ്ജരിയും' ഇന്ത്യൻ സാഹിത്യസിദ്ധാന്തം - പ്രസക്തിയും സാധ്യതയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999.

3. അരവിന്ദാക്ഷൻ , കെ., ഗാന്ധിയുടെ ജീവിത ദർശനം, ഡി.സി ബുക്സ്,കോട്ടയം,1996.

4. ആഷാ മേനോൻ., ' പുതിയ കല: സമീപനങ്ങൾ' , ഹരിത നിരൂപണം മലയാളത്തിൽ, മധുസൂദനൻ.ജി (എഡി.), കറന്റ് ബുക്സ്, തൃശൂർ, 2000.

5. ഉണിത്തിരി, എൻ.വി.പി.(എഡി.), പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001.

6. ഉണിത്തിരി എൻ.വി.പി., 'വൈദിക ദേവതകൾ' സംസ്കൃത സാഹിത്യചരിത്രം, ഒന്നാം ഭാഗം, എഡിറ്റർമാർ കെ. കുഞ്ചുണ്ണി രാജ, എം.എസ്. മേനോൻ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1990.

7. ഔസേപ്പ് പി.വി., 'പരിസ്ഥിതി പരിപാലനം പാരമ്പര്യത്തിൽ, വിജ്ഞാന കൈരളി , സെപ്തംബർ 1997.

8. കൃഷ്ണവാര്യർ എൻ.വി., 'പച്ചകൾ', മനനങ്ങൾ നിഗമനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 1981.

9. കൃഷ്ണവാര്യർ എൻ.വി., (വിവർത്തനം) അകം കവിതകൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1981.

10. ഗാന്ധി എം.കെ., 'സത്യത്തിന്റെ സ്വരം' മഹാത്മാഗാന്ധിയുടെ തെരെഞ്ഞെടുത്ത കൃതികൾ, വാല്യം 5, നവജീവൻ മുദ്രാലയ, അഹമ്മദാബാദ് , 1997.

11. ജോർജ്ജ് അലക്സ് ,കെ., ഹരിതരാഷ്ട്രീയം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, ഡി.സി, ബുക്സ്, കോട്ടയം, 2003.

12. ഡോവിഡ് ജി. ഹോൾമൻ, (എഡിറ്റർ), പരിസ്ഥിതി ദൈവശാസ്ത്രം, ഒന്നാം ഭാഗം, ദി തിയോളജിക്കൽ ലിറ്ററേച്ചർ കൗൺസിൽ, കേരള, 1997.

13. ദാമോദരൻ കെ., 'ഉപനിഷത്തുകൾ' ഭാരതീയ ചിന്ത, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,

തിരുവനന്തപുരം, 1984.

14. നമ്പ്യാർ എ.കെ., 'പരിസ്ഥിതിയും ഫോക്‌ലോറും,' പരിസ്ഥിതിയുടെ രാഷ്ട്രീയം, (എഡിറ്റർ) സി. റഹിം, ഫാബിയൻ ബുക്സ്, നൂറനാട് , 2003.

15. നാരായണൻ കെ.സി., മലയാളികളുടെ രാത്രികൾ, ഡി.സി ബുക്സ് , കോട്ടയം ,2004.

16. നിസാർ അഹമ്മദ് കെ., 'ഹരിത രാഷ്ട്രീയം', സാഹിത്യലോകം, 2006 സെപ്തംബർ- ഒക്ടോബർ, പുസ്തകം 32, ലക്കം 5

17. പരമേശ്വരൻ, എം.പി., 'ശാസ്ത്ര സാഹിത്യ പരിഷത്തും കേരള സമൂഹവും', നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, വാല്യം 3, വിജയൻ, എം.എൻ. (എഡി.),കേരള സാഹിത്യ അക്കാദമി, തൃശൂർ, 2002.

18. പീറ്റേഴ്സൺ,എൻ.എം., 'പാരിസ്ഥിതിക മാർക്സിസം' പരിസ്ഥിതി പ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും, ഡി.സി ബുക്സ്, കോട്ടയം, 2005.

19. പീറ്റേഴ്സൺ, എൻ.എം., ഇക്കോഫെമിനിസം, ഇക്കോടൂറിസം, മാർക്സിസം, കറന്റ് ബുക്സ്, തൃശൂർ, 2003.

20. പൊതുവാൾ, പി.പി.കെ., പരിസ്ഥിതിബോധവും സംസ്കാരവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്,2007.

21. പ്രസാദ് സി.ആർ., ഹരിതദർശനം ആധുനികാനന്തര കവിതയിൽ, സെഡ് ലൈബ്രറി, തിരുവനന്തപുരം, 2007.

22. മധുസൂദനൻ.ജി., ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശൂർ, 2000.

23. മധുസൂധനൻ ജി., 'കാട്ടാളന്റെ കല്പനയും വികസനഗാഥകളും', കഥയും പരിസ്ഥിതിയും, കറന്റ് ബുക്സ്, തൃശൂർ, 2000.

24. മസനോബുഫുക്കുവോക്ക, ഒറ്റവൈക്കോൽ വിപ്ലവം, വിവർത്തനം സി.പി. ഗംഗാധരൻ, ആൾട്ടർ മീഡിയ തൃശ്ശൂർ; 1999, നാലാം പതിപ്പ്

25. മാർക്സ്, ഏംഗൽസ്, തിരഞ്ഞെടുത്ത കൃതികൾ, വാല്യം 3, എഡിറ്റർ സി.ഉണ്ണി രാജ, പ്രഭാത് ബുക്സ്, 1974.

26. മോഹനൻ. കെ.പി., 'പരിസ്ഥിതി പ്രശ്നത്തിന്റെ പ്രതിഫലനങ്ങൾ മലയാള സാഹിത്യത്തിൽ', ഗ്രന്ഥാലോകം, കേരള ഗ്രന്ഥശാലാ സംഘം, തിരുവനന്തപുരം, 2005 നവംബർ, വാല്യം 57, ലക്കം 11.


27. രാജശേഖരൻ, എസ്., ' മനുഷ്യനും പ്രകൃതിയും', സാഹിത്യലോകം മാസിക, കേരള സാഹിത്യ അക്കാദമി ,തൃശ്ശൂർ, 2006.

28. രാമകൃഷ്ണൻ, ദേശംമംഗലം., 'കൃതിയും പ്രകൃതിയും' വിജ്ഞാന കൈരളി, മെയ് 1996.

29. വിജയൻ,എം.എൻ.(എഡി,), 'നവോത്ഥാനത്തിന്റെ പാഠങ്ങൾ', നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, വാല്യം2, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2000.

30. വന്ദന ശിവ, ജൈവചോരണം, പി.എസ്. മനോജ് കുമാർ (വിവ:) ഗയ ബുക്സ് , തൃശ്ശൂർ 2003.

31. ശ്രീധരൻ കെ.(എഡി.), പരിസ്ഥിതി വിജ്ഞാനകോശം, കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം, 2000.




# പവർപോയിന്റ് ടിപ്പുകളും ട്രിക്കുകളും


പവർ പോയിൻറ് പ്രസന്റേഷൻ നടത്തുമ്പോൾ ബ്ലാക്ക് ബോർഡ് പെട്ടെന്ന് ഉപയോഗിക്കേണ്ടി വന്നാൽ, അതിന്റെ ഏതെങ്കിലും ഒരു ഭാഗം സൂം ചെയ്ത് കാണിക്കേണ്ടി വന്നാൽ, സ്ക്രീനിൽ തന്നെ ലൈവ് ആയി ടൈപ്പ് ചെയ്യേണ്ടി വന്നാൽ എന്താണ് ചെയ്യുക? ഇതിനൊക്കെ ഉള്ള ചില ടിപ്പുകളാണ് ഈ ലക്കം അവതരിപ്പിക്കുന്നത്.

ഇതിലെ ചില രീതികൾ വളരെ എളുപ്പമാണ്. പവർ പോയിന്റ് ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് ചെയ്യേണ്ട ചില ഷോട്ട് കട്ടുകൾ ആണ് അവ.  പക്ഷേ മറ്റ് ചിലത് പവർ പോയിന്റിൽ നമ്മൾ നേരത്തെ സെറ്റ് ചെയ്ത് വെക്കേണ്ട ചില മാറ്റങ്ങളും.

## പവർ പോയിന്റിലെ അനോട്ടേഷൻ ടൂളുകൾ


പവർ പോയിന്റ് കാണിക്കുന്ന സമയത്ത് തന്നെ അവയിൽ എഴുതുന്നതിന്, എന്തെങ്കിലും പ്രത്യേകിച്ച് സൂചിപ്പിക്കുന്നതിന്, ഹൈലൈറ്റ് ചെയ്യുന്നതിന് ഈ ടൂളുകൾ ഉപയോഗപ്പെടുത്താം.


അവയിൽ എഴുതാൻ ഉപയോഗിക്കുന്ന പെൻ, പോയിന്റ് ചെയ്യാനുപയോഗിക്കുന്ന ലേസർ പോയിന്റ്, എന്തെങ്കിലും ഹൈലൈറ്റ് ചെയ്ത് കാണിക്കാൻ ഉപയോഗിക്കുന്ന ഹൈലൈറ്റർ, ഇറേസ് ചെയ്യാനുപയോഗിക്കുന്ന ഇറേസർ എന്നിവയാണ് പ്രധാനം.




**Dr. KS Sajan**
NSS Training College, Ottappalam






**പവർ പോയിന്റിനുള്ളിൽ ഒരു ബ്ലാക്ക് ബോർഡ്**



ഇപ്പോൾ ചിത്രത്തിൽ കാണുന്നത് പോലെ പവർ പോയിന്റിനുള്ളിൽ ഒരു ബ്ലാക്ക് ബോർഡ് ഉപയോഗിക്കാൻ വേണ്ടി എന്ത് ചെയ്യണം എന്നുള്ളതാണ് വിശദീകരിക്കുന്നത്.

**പവർ പോയിൻറ് പ്രസന്റേഷൻ സ്ക്രീനിൽ എത്തുക**

അതായത് സ്ലൈഡ് ഷോ തുടങ്ങുക

സ്ലൈഡ് ഷോയുടെ എവിടെവച്ചാണ് നമുക്ക് ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് അന്നേരം നമുക്ക് ടൂളുകൾ ലിസ്റ്റിൽനിന്ന് 2) പെൻ ടൂൾ എടുക്കുക.

നിറം മഞ്ഞ നിറമോ വെള്ള നിറമോ ആണ് നല്ലത്

3) അതിനുശേഷം കീബോർഡിൽ B എന്ന ലെറ്റർ അമർത്തുക.

അപ്പോൾ മുഴുവൻ ശൂന്യമായ് കറുത്ത നിറമുള്ള ഒരു പ്രതലം പ്രത്യക്ഷപ്പെടും

രണ്ട് ആവശ്യങ്ങൾക്ക് വേണ്ടി ഇത് പ്രയോജനപ്പെടുത്താം

ഒന്ന് ഒരു പവർ പോയിന്റിലേക്ക് ഉള്ള പ്രേക്ഷകരുടെ ശ്രദ്ധ മാറ്റി നമ്മളെ ശ്രദ്ധിക്കുന്നത് വേണ്ടി പവർ പോയിൻറ് ബ്ലോക്ക് ചെയ്യാൻ ഈ ബ്ലാക്ക് സ്ക്രീൻ സഹായിക്കും.

അതേപോലെ ഒരു ബ്ലാക്ക് ബോർഡ് ആയി ഉപയോഗിക്കാനം ഇത് പ്രയോജനപ്പെടുത്താം നമ്മുടെ കയ്യിലുള്ള മഞ്ഞനിറത്തിലോ വെള്ളനിറത്തിലുള്ള പെൻ ഉപയോഗിച്ചുകൊണ്ട് ഇവിടെ നമുക്ക് എഴുതാൻ കഴിയും.
ഇതുതന്നെ W എന്ന കീ ആണ് ഉപയോഗിക്കുന്നതെങ്കിൽ വൈറ്റ് ബോർഡ് ആണ് കിട്ടുക. അപ്പോൾ നമ്മൾ എടുക്കേണ്ട പെന്നിന്റെനിറം കറുപ്പോ നീലയോ ആയിരിക്കുന്നതാണ് നല്ലത്. (ചിത്രം നിരീക്ഷിക്കുക)

**പവർ പോയിന്റ് ഏതെങ്കിലും ഒരു ഭാഗം സൂം ചെയ്യുന്ന വിധം**

പവർ പോയിന്റ് സൂം ചെയ്യാൻ രണ്ടു വഴികളാണ് ഉള്ളത്

സ്ലൈഡ് ഷോ നടക്കുന്ന സമയത്ത് പ്ലസ് ബട്ടൺ അമർത്തുക. സൂം ആയി വരും അതിനുശേഷം മൈനസ് ബട്ടൻ അമർത്തിയാൽ പഴയ രീതിയിലേക്ക് മാറും.




രണ്ടാമതൊരു വഴി കൺട്രോൾ ബട്ടൻ അമർത്തിപ്പിടിച്ച്





മൗസിലെ സെൻട്രൽ വീലും മുന്നോട്ടും പിന്നോട്ടും കറക്കുകയും ചെയ്യുക സൂം ആകുന്നത് കാണാൻ കഴിയും.

ഇനി പവർ പോയിന്റ് സ്ലൈഡ് ഷോ നടക്കുമ്പോൾ സ്ക്രീനിൽ നേരിട്ട് ടൈപ്പ് ചെയ്യാനുള്ള വഴിയാണ് വിശദീകരിക്കുന്നത്.

ഇതിന് പവർ പോയിന്റ് ഓപ്ഷനിൽ ഒരു ചെറിയ മാറ്റം വരുത്തേണ്ടതുണ്ട്.  പവർ പോയിൻറ് ടൂൾബാർ കാണിക്കുന്ന റിബണിൽ റൈറ്റ് ക്ലിക്ക് ചെയ്തു കസ്റ്റമൈസ്ഡ് റിബൺ എന്ന ഓപ്ഷൻ എടുക്കുക.

അതിലെ മെയിൻ ടാബുകളിൽ ഡെവലപ്പർ എന്ന് പറയുന്ന ഒരു ബോക്സ് അൺ ടിക്ക് ചെയ്തു കിടക്കുന്നത് കാണാം. അതിൽ ടിക്ക് ചെയ്ത് ok ബട്ടൺ അമർത്തുക.






അപ്പോൾ നമ്മുടെ മെനുകളിൽ ഡെവലപ്പർ എന്ന് പറയുന്ന ഒരു പുതിയ മെനു കാണാവുന്നതാണ്.




പവർ പോയിന്റ് എഡിറ്റ് ചെയ്യുന്ന ഭാഗത്ത് വെച്ച് ഇതിലെ എന്ന A അല്ലെങ്കിൽ എബിസി എന്ന ടെക്സ്റ്റ് ബോക്സിൽ അമർത്തി ലേബൽ അല്ലങ്കിൽ ടെക്സ്റ്റ് ബോക്സ് ഇൻസർട്ട് ചെയ്ത് വെക്കാം.




ഇങ്ങനെ ചെയ്താൽ പവർ പോയിന്റ് പ്രസന്റ് ചെയ്യുന്ന സമയത്ത് നമുക്ക് നേരിട്ട് സ്ക്രീനിൽ ടൈപ്പ് ചെയ്യാവുന്നതാണ്.




പ്രയോഗിച്ചു നോക്കുക. സ്ഥിരമായി ഉപയോഗിക്കാൻ ശീലിക്കുക. നന്ദി.



# നിങ്ങൾ പറഞ്ഞത്


**ഡോ. ഡി.ബി. ധ്വജം**
സെന്റ് മൈക്കിൾസ് കോളേജ്,
ചേർത്തല



നീലാകാശത്തിൽ പ്രാവുകളെ പറക്കാൻ വിട്ടിട്ട് ചാരുകസേരയിൽ മലർന്നുകിടന്ന് അവയെ നിരീക്ഷിക്കുന്നതാണ് തമ്പിയുടെ ഏറ്റവും പ്രിയപ്പെട്ട വിനോദം. അറുപതിലധികം പ്രാവുകൾ ഉണ്ടെങ്കിലും ഓരോന്നിനെയും തമ്പിക്ക് തിരിച്ചറിയാം.

ഒരു ദിവസം രാവിലെ ചില പ്രാവുകൾ വല്ലാതെ ചിറകടിച്ച് ശബ്ദമുണ്ടാക്കി... പോയി നോക്കുമ്പോൾ, കമ്പിവല കെട്ടി മറച്ച കൂടുകൾക്കുള്ളിൽ മൂന്നെണ്ണം തലയില്ലാതെ കിടക്കുന്നു... കൂടാസകലം തൂവലുകൾ ചിതറിക്കിടക്കുന്നു.. ഒൻപതെണ്ണത്തെ കാണാനില്ല.. ഒരെണ്ണം ശ്വാസമെടുക്കാൻ വല്ലാതെ കഷ്ടപ്പെട്ട് ഞരങ്ങുന്നു... തമ്പി വന്ന് എണ്ണി നോക്കി.. ആകെ പന്ത്രണ്ടെണ്ണം നഷ്ടമായിരിക്കുന്നു. ഞരങ്ങിക്കൊണ്ടിരുന്നതിനെ തമ്പി കയ്യിലെടുത്തു.. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

"ചേര കയറിയതായിരിക്കും... "



അമ്മ പറഞ്ഞു.

"ഇതും കുട്ടി പതിമൂന്നെണ്ണം.."
അവൻ ഇടറുന്ന ശബ്ദത്തിൽ പി
റുപിറുക്കുന്നത് പുറകിൽ നിന്നും
ഞാൻ കേട്ടു.

"അതിന് ജീവനുണ്ടല്ലോ.. ഒന്നും
ചെയ്യാൻ പറ്റില്ലേ, രക്ഷപ്പെട്ടു
ത്താൻ?" എന്റെ ചോദ്യം കേട്ട്
അവൻ കുറച്ച് വെള്ളം അതിന്റെ
വായിലേക്ക് ഒഴിച്ചുകൊടുത്തു...
അത് അതിന്റെ കഴുത്തിലൂടെ
പുറത്തേക്കൊഴുകി. കൂടെ അവന്റെ
കണ്ണുനീരും...

അന്ന് വൈകുന്നേരം വീട്ടിലെത്തി
യപ്പോഴും അവൻ ആ കൂടിനടുത്ത്
തന്നെ നിൽക്കുകയായിരുന്നു... പ്രാ
വിന്റെ സുഖവിവരമൊന്നും ചോദി
ക്കാൻ ഞാൻ മെനക്കെട്ടില്ല.. ചായ
കുടിക്കുന്ന സമയത്തും അവൻ
അവിടെത്തന്നെയായിരുന്നു....

ഒന്നര വർഷത്തിനുശേഷം ഒരു
വൈകുന്നേരം വീട്ടിലെത്തുമ്പോൾ,
ഒരു ട്രോഫിയും നീലപ്പട്ടുതുണി
യിൽ സ്വർണ്ണ നിറത്തിൽ വരകളു
ള്ള ഒരു ഷാളുമായി അവൻ എന്നെ
കാണാൻ കാത്തുനിൽക്കുകയാ
യിരുന്നു.. അന്നത്തെ പതിമൂന്നാം
പ്രാവ് പതിനാറ് മണിക്കൂർ പറന്ന്,
മത്സരത്തിൽ ട്രോഫി കിട്ടിയെന്ന്
പറഞ്ഞവൻ തുള്ളിച്ചാടുമ്പോൾ,
കീറിപ്പോയ കഴുത്ത് തുന്നിക്കെട്ടു
മ്പോൾ അതിന്റെ ദേഹം വിറച്ചത്
ഞാൻ ഓർത്തു... സുവോളജി
ലാബിൽ തവളയുടെ തുറന്ന വയ
റിനെ തുന്നുന്ന ലാഘവത്തോടെ
യാണ് ഞാൻ അത് അന്ന് ചെയ്തു
കൊടുത്തത്.

നീലാകാശത്തിൽ ആ പ്രാവ് പറ
ന്ന് വിഹരിക്കുന്നത് ഞാൻ കണ്ടു
നിന്നു....

സ്നേഹം.. അത് ജീവിപ്പിക്കും...

ഒരു ഞരക്കം മാത്രമാണ് അവശേ
ഷിപ്പിക്കുന്നതെങ്കിലും... താങ്ങാ
നൊരു കൈയ്യുണ്ടെങ്കിൽ.....

മഞ്ഞക്കിളിയ്ക്കായിരുന്നു ഏറ്റവും
സൗന്ദര്യം. ഏറെ താലോലിക്ക
പ്പെട്ടതും അതായിരുന്നു. വിശാ
ലമായ കൂട്ടിൽ അവയിങ്ങനെ
പാറിക്കളിക്കുന്നതും പാടുന്നതും
കണ്ടുനിൽക്കുമ്പോഴാണ് മോളുടെ
സ്കൂൾബസ് വന്ന് ഗേറ്റിനടുത്ത്
നിന്നത്. അവളെ ബസ്സിൽ കയറ്റി
വിടുമ്പോൾ കിളി വിളിച്ചുപറഞ്ഞു.:

"ചേച്ചീ, അങ്ങ് തുറന്ന് വിട്ടേക്ക്...
പാവങ്ങളെ ഇങ്ങനെ കൂട്ടിലാക്കീ
ട്ട് കണ്ട് നിന്ന് ചിരിക്കാതെ...
ദൈവം പോലും പൊറുക്കൂല്ലാ.. ഒന്നു
മില്ലേലും ഞാനുമൊരു കിളിയാ
ണേ.... ചേച്ചീടെ മോളെ ബസ്സിൽ
സുരക്ഷിതമായി എത്തിക്കുന്ന
കിളി..."

ഡബിൾ ബെല്ലടിച്ച് ഡോർ
അടച്ച് ബസ് മുന്നോട്ടുപോയ
പ്പോൾ മോളെ നോക്കി അവൻ
കണ്ണിറുക്കിയത് ഞാൻ കണ്ടിട്ടും
കണ്ടില്ലാന്ന് ഭാവിച്ചു.... മോൾക്ക്
റ്റാറ്റ പറഞ്ഞപ്പോൾ അവളുടെ പു
ഞ്ചിരി ഹൃദ്യമായിരുന്നു... ഏൽപിച്ച
ജോലി കിളിയങ്കിൾ ഭംഗിയായി
ചെയ്തതിന്റെ സംതൃപ്തിയായിരുന്നു
ആ പുഞ്ചിരിയിൽ..

വൈകുന്നേരം ഒഴിഞ്ഞ കിളിക്കൂട്
കണ്ട് അവൾ കൊഞ്ചി: "മഞ്ഞ
ക്കിളി അമ്മയോടെന്തെങ്കിലും പറ
ഞ്ഞിട്ടാണോ പോയത്?"

"ഏയ്... " ഇല്ലാന്ന് തലയാട്ടുമ്പോൾ
അവൾ എന്നെ നോക്കി കണ്ണിറു
ക്കി കാണിച്ചു.

അവളുടെ പുസ്തകത്താളുകൾക്കിട
യിൽ ഒളിപ്പിച്ചിരുന്ന മഞ്ഞത്തൂവലു
കൾ സ്വാതന്ത്ര്യത്തിന്റെ പാട്ടുകളാ
ണപ്പോൾ പാടിയത്...

മോളത് ഏറ്റു പാടിയപ്പോൾ
ഞാനും അതിൽ ലയിച്ചുനിന്നു...
മോൾ ഒരു മഞ്ഞക്കിളിയാണെ
ന്നും ഒരു നാൾ ഈ കൂട് വിട്ടവൾ
പോകുമെന്നും ആ പാട്ട് എന്നെ
ഓർമിപ്പിച്ചു.

*******

ചുവന്ന മീനിന്റെ പേര് സോഡ്ടെ
യിൽ എന്നാണെന്ന് അമ്മാമ്മയ്ക്കു
പറഞ്ഞുകൊടുത്തത് മൂന്നാംക്ലാ
സ്സിൽ പഠിക്കുന്ന മകനാണ്. എനി
ക്കതിനോട് വെറുപ്പായിരുന്നു..
എന്താണ് കാരണമെന്ന് ഇതുവ
രെയും എനിക്ക് തിരിച്ചറിയാൻ
സാധിച്ചിട്ടില്ല....

അകാരണമായ ഒരുതരം വെറുപ്പ്...

പകൽ സമയത്ത് ഈ വലിയ
വീട്ടിൽ അമ്മാമ്മയ്ക്ക് കൂട്ട് ആ
മീനാണ്... അമ്മാമ്മയുടെ വിറയ്ക്കുന്ന
ശബ്ദം ആ മീൻ നന്നായി തിരിച്ചറി
യുന്നുണ്ട്.

ഇന്ന് ഒരു മാസമായി അമ്മാമ്മ
പോയിട്ട്... തുറന്ന ടോയ്‌ലറ്റിന്റെ
വാതിൽക്കൽ വീണുകിടക്കുകയാ
യിരുന്നു.... കണ്ടയുടനെ ആശുപ
ത്രിയിൽ എത്തിച്ചെങ്കിലും, എല്ലാം
കഴിഞ്ഞിട്ട് രണ്ട് മണിക്കൂറെങ്കിലും
ആയിക്കാണുമെന്നാണ് ഡോക്ടർ
പറഞ്ഞത്....

സോഡ്ടെയിലുമായി മോൻ
ഇപ്പോൾ വളരെ ചങ്ങാത്തത്തിലാ
ണ്.. അമ്മാമ്മയുടെ ശബ്ദം അവൻ
വളരെ നന്നായി അനുകരിക്കുന്നു
ണ്ട്.

അമ്മാമ്മ പോയപ്പോൾ ഉണ്ടായ
ശൂന്യത നികത്താൻ അവനാൽ
സാധിക്കുന്നത് അവൻ ചെയ്ത
പ്പോൾ ചുവപ്പൻ വാലിളക്കി വെള്ള
ത്തിൽ നീന്തിത്തുടിച്ചു.. അമ്മാമ്മേ
എന്നാണവൻ ചുവപ്പനെ ഇപ്പോൾ
വിളിക്കുന്നതെന്ന് അറിഞ്ഞപ്പോൾ,
ആ വലിയ വീടും ഫിഷ് ടാങ്കും
സമാനമായിരുന്നെന്ന ചിന്തയിൽ
ഞാൻ നീറിപ്പുകഞ്ഞു....

ചുവപ്പ് ചോരയുടെ നിറമല്ലേ..
അതായിരിക്കാം, എനിക്കാ ചുവപ്പ
നോട് ആ പഴയ വെറുപ്പ് ഇപ്പോൾ
ഇല്ല.

സർവ്വീസ് സെൽ

അധ്യാപകരുടെ സർവീസ് സംബന്ധമായ സംശയങ്ങൾ ഇമെയിൽ ആയി അറിയിക്കുക
pramodnarayan07@gmail.com

# പ്രസവാവധി

കേരള സർവീസ് റൂൾസ് (KSR) അനുസരിച്ചാണ് കേരളത്തിലെ കോളേജ് അദ്ധ്യാപികമാർക്ക് പ്രസവാവധി ലഭിക്കുന്നത്. KSR ചട്ടം 100 ,101 ,102 എന്നിവയിലാണ് ഇത്തരം അവധികളെ കുറിച്ച് പ്രതിപാദിക്കുന്നത്.

- പ്രസവാവധി പൂർണ്ണ ശമ്പളത്തോടുകൂടി പരമാവധി 180 ദിവസം ആണ്.
- പ്രസവ ശേഷം 180 ദിവസത്തിനകം പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഒരാൾക്കു ശേഷിക്കുന്ന ദിവസം പ്രസവാവധി ആയി എടുക്കാവുന്നതാണ്.
- പ്രസവാവധി ലഭ്യമാക്കുന്നതിന് പ്രസവ ദിവസം സൂചിപ്പിക്കുന്ന ഡോക്ടർ സർടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതിയാകും.
- പൊതുഅവധിയും വെക്കേഷനും ഉൾപ്പെടെയാണ് 180 ദിവസം പ്രസവാവധി ലഭിക്കുന്നത്.
- പ്രസവാവധിയോടു ചേർത്ത് മറ്റേതു അവധിയും (Earned Leave, Half Pay, LWA) എടുക്കാവുന്നതാണ്.
- പ്രസവാവധിയോടു ചേർന്ന് 60 ദിവസത്തേക്കു മറ്റേതുതരം ലീവ് എടുക്കുന്നതിനും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
- പ്രസവാവധി എല്ലാ ആവശ്യങ്ങൾക്കും പരിഗണിക്കുന്ന ഡ്യൂട്ടിയായി കണക്കാക്കുന്നതിനാൽ പ്രൊബേഷനിൽ ഉള്ള ഒരാൾ പ്രസവാവധി എടുത്താൽ ഈ കാലയളവ് പ്രൊബേഷന് ഉൾപ്പെടുത്തി കണക്കാക്കുന്നതാണ്.
- കോളേജ് അധ്യാപികമാർക്ക് പ്രസവാവധി കാലയളവ് യുജിസി റെഗുലേഷൻ പ്രകാരം CAS നുള്ള പെർഫോമയിൽ ടീച്ചിങ് ഡ്യൂട്ടി ദിവസങ്ങളായി പരിഗണിക്കുന്നതാണ് .
- KSR പ്രകാരം സർവീസ് കാലാവധിയിൽ പരമാവധി എത്ര പ്രാവശ്യം പ്രസവാവധി ലഭിക്കും എന്നതിന് പരിധി ഇല്ല.
- അബോർഷൻ ഉൾപ്പടെയുള്ള 'miscarriage' സംഭവിക്കുന്നവർക്ക് പരമാവധി 6 ആഴ്ച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി അവധി എടുക്കാവുന്നതാണ്.
- ഗർഭപാത്ര നീക്കം ചെയ്യൽ ശസ്ത്രക്രിയക്ക് (Hysterectomy) വിധേയമാകുന്ന അധ്യാപികമാർക്ക് പരമാവധി 45 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി ലീവ് നേടാവുന്നതാണ്.

**ഡോ. പ്രമോദ് എൻ.**
വി.ടി.എം.എൻ.എസ്.എസ്. കോളേജ്, ധനുവച്ചപുരം
(കൺവീനർ, സർവ്വീസ് സെൽ)








# നാഗാ നാട്ടിലൂടെ

**ജോയ്സ്കുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം



മനുഷ്യരുടെ തല കൊയ്ത്ത് കൊണ്ടുവന്ന് വീരന്മാരാകുന്ന നാഗാ ആണുങ്ങളെക്കുറിച്ചും ഏറ്റവും കൂടുതൽ തല വെട്ടുന്ന വീരന്മാരെ കല്യാണം കഴിക്കുന്ന നാഗാ പെണ്ണുങ്ങളെക്കുറിച്ചും വീരന്മാർ കൊണ്ടുവരുന്ന തലകൾ കൊണ്ട് ഗ്രാമവാതിലുകൾ അലങ്കരിക്കുന്ന നാഗാഗ്രാമങ്ങളെക്കുറിച്ചും വായിച്ചറിഞ്ഞിരുന്നതുകൊണ്ട്നിഥിൻ സണ്ണി നാഗാലാന്റിൽ പോകാമെന്ന നിർദ്ദേശംവച്ചപ്പോൾ അല്പം പേടി ഉണ്ടായിരുന്നുവെന്ന് സമ്മതിച്ചേ പറ്റൂ. അരുണാചൽപ്രദേശിൽ എൽ.എൽ.ബിയ്ക്ക് പഠിക്കുന്ന മാന്നാനം കെ.ഇ. കോളേജിൽ എന്റെ വിദ്യാർത്ഥിയായിരുന്ന നിഥിന്റെ ചില നാഗാ സുഹൃത്തുക്കളുടെ ഗ്രാമങ്ങളിൽ താമസിക്കാനാണ് ഉദ്ദേശമെന്നറിഞ്ഞപ്പോൾ സംശയം ബലപ്പെട്ടു. ചുളുവിൽ വീരന്മാരാകാനുള്ള നാഗന്മാരുടെ സൈക്കോളജിക്കൽ മൂവായിരിക്കുമോ? ഒരു ബലത്തിനു വേണ്ടി എന്തി







നം പോന്ന യുക്തിവാദികളായ (അവർക്കാകുമ്പോൾ ഒന്നിനേം പേടിയില്ലല്ലോ) സുധാകരൻ മാഷിനേയും ജോൺസൺ മാഷിനെയും കൂടെക്കൂട്ടി.

നാഗാലാന്റിലെ പ്രമുഖമായ 16 ആദിവാസി ഗോത്രങ്ങളിൽ ഏറ്റവും പ്രബലമായ അംഗാമിഗോത്രത്തിന്റെ മൂന്ന് ഗ്രാമങ്ങളാണ് വിശദമായി സന്ദർശിക്കാൻ തിരഞ്ഞെടുത്തത്. തെക്കൻ അംഗാമി ഗ്രാമങ്ങളായ കിഗ്വെമ, വിശ്വേമ എന്നിവയും പടിഞ്ഞാറൻ ഗ്രാമമായ കൊനോമയും.കിഗ്വെമയിൽ നാലു ദിവസവും കൊനോമയിൽ രണ്ടു ദിവസവും താമസിച്ചു.

നാഗാലാന്റിലെ ഗ്രാമങ്ങൾ ഒരു സംഭവമാണ്. ഓരോരോ ഗ്രാമങ്ങളും ഒരു പരിധി വരെ ഓട്ടോണമസ്സ്വഭാവമുള്ളവയാണ്. നമ്മുടെ നാടുമായി താരതമ്യം ചെയ്താൽ, ഓരോ പഞ്ചായത്തുകളാണ് ഓരോ ഗ്രാമവും. നമ്മുടെ പഞ്ചായത്ത് പ്രസിഡന്റിനേക്കാൾ അധികാരമുള്ള ഗ്രാമമുഖ്യനെ ഗോത്രരീതിയനുസരിച്ചാണ് തിരഞ്ഞെടുക്കുന്നത്. ഗ്രാമമുഖ്യനെ സഹായിക്കാനായി ഗ്രാമ കൗൺസിലുകളുണ്ട്. ഈ വില്ലേജ് കൗൺസിലുകളേയും തികച്ചും ജനാധിപത്യ രീതിയിലല്ല തിരഞ്ഞെടുക്കുന്നത്. ആർട്ടിക്കിൾ 371(A) പ്രകാരം ഈ വില്ലേജ് കൗൺസിലുകൾക്ക്പരമാധികാരമാണുള്ളത്. അതൊരു ഗവൺമെന്റു തന്നെയാണ്. ഗ്രാമത്തിലെ ക്രമസമാധാനം, നികുതി പിരിയ്ക്കൽ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, റോഡുകളുടെ പരിപാലനം തുടങ്ങിയവയെല്ലാം ഈ വില്ലേജ് കൗൺസിലുകളാണ് ചെയ്യുന്നത്. വില്ലേജ് കൗൺസിലുകളുടെകീഴിൽ ഇത്തരം കാര്യങ്ങളിൽ വൈദഗ്ധ്യമുള്ളവരെചേർത്ത് ഗ്രാമവികസന ബോർഡുകൾ (VDB) ഉണ്ട്. ആകെ 1243 ഗ്രാമവികസന ബോർഡുകൾ നാഗാലാന്റിലുണ്ടെന്നാണ് കണക്ക്. പഞ്ചായത്തിന്റെവാർഡുകൾ എന്നപോലെ ഗ്രാമങ്ങളെ പല ഖേലുകളായി (Khel) തിരിച്ചിരിക്കുന്നു. വിദ്യാലയങ്ങളും ആശുപത്രികളും കൃഷിയിടങ്ങളുമൊക്കെ ഗ്രാമങ്ങൾക്ക് സ്വന്തമായുണ്ട്. വലിയ വനങ്ങൾ പോലും സ്വന്തമായുള്ള ഗ്രാമങ്ങളുണ്ട്.

ഗ്രാമങ്ങളിൽ വ്യക്തികൾക്കും സ്വന്തമായി കൃഷിയിടങ്ങൾ ഉണ്ടാവും. അത് പരമ്പരാഗതമായി കൈമാറി കിട്ടുന്നതാണ്. മിക്കവാറും അത് അളന്ന് തിട്ടപ്പെടുത്തിയിട്ടൊന്നുമുണ്ടാവില്ല. നെല്ലാണ് പ്രധാന കൃഷി.പരമ്പരാഗതകൃഷിരീതികളാണിക്കയിടത്തും. മലഞ്ചെരിവുകൾ തട്ടുതട്ടായി തിരിച്ചാണ് മിക്കവാറും വയലുകൾ ഉണ്ടാക്കിയിരിക്കുന്നത്. പുഴകളിൽ നിന്നോ ഉറവകളിൽ നിന്നോ വെള്ളം ചാലുകീറിവയലുകളിലെത്തിക്കുന്നു. നിലം ഉഴാൻ യന്ത്രങ്ങളോ എന്തിന് കാളകളെപ്പോലും പല ഗ്രാമങ്ങളും ആശ്രയിക്കുന്നില്ല. നിലംകൊത്തിയിളക്കി ഞവരിക്ക് വലിച്ചാണ് വിത്തു വിതയ്ക്കാൻ തയ്യാറാക്കുന്നത്. കൊയ്ത്ത്, മെതിഎന്നിവയെല്ലാം പരമ്പരാഗത രീതികളാണ്. മിക്ക വീടുകളിലും നെല്ല് സൂക്ഷിച്ചു വച്ചിരിക്കുന്ന

വലിയ മുളവട്ടികൾ കാണാം.

ചോറും കറികളുമാണ് നാഗന്മാരുടേയും പ്രധാന ആഹാരം. കറികളിൽ മാംസ കറികൾ നിർബന്ധം. ഇറച്ചിയിൽ പന്നിയോടാണ് പ്രിയം. മിക്ക വീടുകളിലും പന്നി കൂടുകൾ കാണാം. നമ്മൾ പട്ടിക്കൂട് വയ്ക്കുന്നതു പോലെ വീടിന്റെ മുൻവശത്തു തന്നെയാവും പന്നിക്കൂടുകൾ. വീടുകളിലേക്ക് കയറി ചെല്ലുമ്പോൾ നമ്മെ എത്തി നോക്കുന്ന പന്നിക്കുട്ടന്മാരെ കാണാം. ഈ പന്നികളുടെ വിസർജ്യമാണ് കൃഷിയ്ക്കുള്ള പ്രധാന വളം. പന്നി കഴിഞ്ഞാൽ പിന്നെ ഇഷ്ടം കോഴിയിറച്ചിയോടാണ്. കന്നുകാലിവളർത്തലും മാട്ടിറച്ചി ഉപഭോഗവും ഞങ്ങൾ സന്ദർശിച്ചിടങ്ങളിൽ തീരെ കുറവാണ്. പച്ചക്കറികളിൽ ഒരിനം ചെറിയ കുമ്പളങ്ങയും (squash) ചെറിയമത്തങ്ങയുമാണ് കൂടുതലും കണ്ടത്. സ്ക്വാഷ് പടർന്നു കയറിയ പന്തലുകൾ മിക്ക വീടുകളിലും ഉണ്ടാവും.

അംഗാമി ഗോത്രത്തിന്റെ ഏറ്റവും പഴയ ഗ്രാമങ്ങളിലൊന്നാണ് കിഗ്വെമ. ജാപ്പുമലനിരകളുടെ താഴ്വാരത്തിലുള്ള ഇവിടെ നാലായിരത്തോളം ആളുകളാണ് ഉള്ളത്. നാഗാലാന്റിലെ ഏറ്റവും വലിയ ഉത്സവമായ ഹോൺബിൽ ഫെസ്റ്റിവൽ ഈ ഗ്രാമത്തിന്റെ സമീപത്താണ് നടത്തുന്നത്. രണ്ടാംലോകയുദ്ധത്തിൽ സഖ്യസേനയെ നേരിടാനായി ജാപ്പനീസ് കമാണ്ടർ കൊടോകു സാറ്റോ പടയാളികളുമായി വന്ന് താമസിച്ചത് ഇവിടെയാണ്. ഗ്രാമത്തിന് തൊട്ടുപുറത്ത് സഖ്യസേനയും നിലയുറപ്പിച്ചു. അല്പമകലെ സുഭാഷ്ചന്ദ്രബോസിന്റെ ഐ.എൻ.എയുമുണ്ടായിരുന്നതായിപറയപ്പെടുന്നു. ഇതിന് സാക്ഷ്യം വഹിച്ചിരുന്നവരിൽ ഏതാനും ചിലർ ഇപ്പോഴും ഇവിടെ ജീവിച്ചിരിക്കുന്നതായി ഈ ഗ്രാമക്കാരനായ ഞങ്ങളുടെ ഗൈഡ് നൊവ്യു പറഞ്ഞു.

അംഗാമികളിലെ ഏറ്റവും വലിയ അഭ്യാസികളാണ് വിശ്വേമഗ്രാമക്കാർ. നാഗാലാന്റിലെ ഏറ്റവും വലിയ ഗ്രാമങ്ങളിലൊന്നാണിത്. അവരുടെ ആകെ എണ്ണം ഇരുപതിനായിരത്തോളമാണ്. മണിപ്പൂരികളുമായുംബ്രിട്ടീഷുകാരുമായും നിരന്തരം പോരാടിയ ചരിത്രമാണ് ഇവർക്കുള്ളത്. നാഗാലാന്റിനെ തന്നെ നിയന്ത്രിക്കുന്ന ഗ്രാമമാണിത്. നാഗാലാന്റിലെ മുഖ്യമന്ത്രിയായിരുന്ന വിസോൾ അംഗാമിവിശ്വേമക്കാരനാണ്.

ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻ വില്ലേജായി അറിയപ്പെടുന്നത് കൊനോമയാണ്. ഇവിടെ കൃഷി പൂർണമായും ഓർഗാനിക് രീതിയിലാണ്. ഗ്രാമത്തിന് സ്വന്തമായി വലിയൊരു കാടും വിശാലമായ കൃഷിയിടങ്ങളുമുണ്ട്. ഇതൊരു സമ്പന്ന ഗ്രാമമാണ്. സംസ്ഥാന പക്ഷിയായ ബ്ലൈത്ത്സ്ട്രാഗോപൻ കൊനോമ കാടുകളിൽ കണ്ടുവരുന്ന പക്ഷിയാണ്.

ഈ ഗ്രാമങ്ങളിൽ 98 ശതമാനം പേരും ക്രിസ്ത്യാനികളാണ്. ഇന്ത്യയിലെ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടുത്തെ ക്രി









സ്ത്യാനികളിൽ ബഹുഭൂരിപക്ഷവും ബാപ്റ്റിസ്റ്റുകളാണ്. ബാക്കി റിവൈവൽ ചർച്ചും പെന്തക്കോസ്ത് വിഭാഗങ്ങളുമാണ്. അംഗാമികളെ പോരാടി തോൽപ്പിക്കാൻ പറ്റാതായപ്പോഴാണ് മതം തന്ന് കീഴടക്കിയതെന്ന് ഞങ്ങളുടെ ഗൈഡ് ഇടയ്ക്ക് ഓർമിപ്പിച്ചു. ക്രിസ്ത്യാനിറ്റി സ്വീകരിച്ചെങ്കിലും ഗോത്ര സ്വഭാവം പൂർണമായും ഇവർ കൈവിട്ടിട്ടില്ല. ആചാരങ്ങൾ, ഉത്സവങ്ങൾ, ഭക്ഷണം ഇവയിലെല്ലാം ഗോത്ര സ്വഭാവം തെളിഞ്ഞു കാണാം. ഇവർ ഇവരുടെ മരിച്ചവരെ സംസ്കരിക്കുന്നത് വീടിന്റെ മുൻ മുറ്റത്തു തന്നെയാണ്. വീടിനെ നിയന്ത്രിക്കുന്നത് പലപ്പോഴും സ്ത്രീകളാണ്.

ഈ ഗ്രാമങ്ങൾ പലതിനും സ്വന്തമായി ഭാഷയുണ്ടായിരുന്നു. ഇന്ന് ഇത്തരം ഭാഷകൾ പലതും അംഗാമി ഭാഷയായി ഏകീകരിക്കപ്പെട്ടു. എങ്കിലും ചിലയിടങ്ങളിൽ ഭാഷാഭേദങ്ങളായി ഗ്രാമഭാഷകൾ നിലനിൽക്കുന്നുണ്ട്. കൊനോമയിലെ Khwunoയും കിഗ്വെമയിലും വിശ്വേമയിലുമുള്ള Visweയും അത്തരത്തിലുള്ളതാണ്. അംഗാമി ഭാഷയ്ക്ക് മൊഴിയേ ഉള്ളൂ. ലിപി ഇല്ല. ഇംഗ്ലീഷ് ലിപിയാണ് ഇവർ ഉപയോഗിക്കുന്നത്. ചില ഗ്രാമങ്ങൾക്ക് സ്വന്തമായി കലണ്ടർ പോലുമുണ്ട്.

ഗ്രാമങ്ങൾ പലതിനും സ്വന്തമായി കലാരൂപങ്ങളും പാട്ടുകളും മറ്റുമുണ്ട്. (ഇത്തരം കലാരൂപങ്ങളും മറ്റും പരിചയപ്പെടാനുള്ള ഏറ്റവും നല്ല അവസരം  ഡിസംബർ 1-10 വരെ നടക്കുന്ന ഹോൺബിൽ ഫെസ്റ്റിവലാണ്) കാട്ടുപൂക്കൾ കൊണ്ട് വീട് അലങ്കരിക്കുന്ന തെക്കൻ അംഗാമികളുടെ Te-l khukhu എന്ന ഉത്സവം നമ്മുടെ ഓണത്തോട് സാദൃശ്യമുള്ളതാണ്.

മനുഷ്യത്തലകളും കൊമ്പുകളും മറ്റും കൊത്തിവെച്ച വലിയ അലങ്കാര വാതിലുകൾ ഓരോ ഗ്രാമത്തിനുമുണ്ട്. ഒരാരോ ഗ്രാമത്തിന്റെ ഐഡന്റിറ്റിയും സമ്പന്നതയും പാരമ്പര്യവുമൊക്കെ ഈ വാതിൽ ചിത്രങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. മുമ്പ് ഈ വാതിലുകളിൽ ഇവർ കൊയ്തെടുത്ത മനുഷ്യത്തലകൾ കൂടി കെട്ടിത്തൂക്കുമായിരുന്നുവത്രേ! മരത്തിലും മുളയിലും മണ്ണിലും ശില്പങ്ങളുണ്ടാക്കുന്നതിൽ ഈ മനുഷ്യർക്ക് നല്ല കഴിവുണ്ട്. റിയലിസ്റ്റിക് സ്വഭാവം തീരെ കുറഞ്ഞ ഇവരുടെ ശില്പങ്ങൾ പൊതുവെ ഗോത്ര സ്വഭാവം പ്രകടിപ്പിക്കുന്നത് തന്നെയാണ്.

മരം കൊണ്ടോ തകരഷീറ്റ് കൊണ്ടോ ഭിത്തി വെച്ച് തകരഷീറ്റ് മേഞ്ഞ കുഞ്ഞൻ വീടുകളാണ് ഗ്രാമങ്ങളിൽ മിക്കതും. പന്നി, കോഴി, പക്ഷി ഇവയുടെ കൂടുകൾ മിക്ക വീടുകളിലുമുണ്ട്. വിറകടുപ്പുകളാണ് ഗ്രാമീണർ കൂടുതലും ഉപയോഗിക്കുന്നത്. വിറക് ശേഖരിച്ച് അട്ടിയടുക്കി വെച്ചിരിക്കുന്നത് ഗ്രാമങ്ങളിൽ പലയിടത്തും കാണാം. ഗ്രാമീണർക്ക് കൂടിയിരുന്ന് വർത്താനം പറയാനും പന്തുകളിക്കാനുമൊക്കെയുള്ളസ്ഥലങ്ങൾ ഗ്രാമങ്ങളിലുണ്ട്. (ഇടയ്ക്ക് പറയട്ടെ, വോളിബോൾ ആണ് ഇവരുടെ പ്രധാന കളി) ഇവിടുത്തെ വൃദ്ധർക്കുവരെ കേരളത്തെക്കുറിച്ച് ചിലതെങ്കിലുമറിയാം. മലയാളിയോട് ഒരു പ്രത്യേക സ്നേഹവും ബഹുമാനവും പൊതുവെ ഉണ്ട്. കേരളത്തോട് ആരാധനയുള്ളവരും ഉണ്ട്. കേരളത്തിൽ ഒരിക്കലെങ്കിലും വരണമെന്ന് യുവജനങ്ങളിൽ പലരും അഭിലഷിക്കുന്നു.

എല്ലാ ഗ്രാമങ്ങളിലും അവിടുത്തെ സ്റ്റുഡന്റ്സ് യൂണിയൻ വളരെ സജീവമാണ്. മിക്കവാറും ഗ്രാമത്തിലെ എല്ലാ സർഗ്ഗാത്മകപ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് ഇത്തരം യൂണിയനുകളാണ്. പുറം നാടുകളിൽ പോയി വിദ്യാഭ്യാസം നേടി വരുന്ന ഈ പുതിയ തലമുറയിലാണ് നാഗാലാന്റിലെ ഗ്രാമങ്ങളുടെ പ്രതീക്ഷയത്രയും. പുതിയ തലമുറ ഗോത്ര ജീവിതത്തെ ഇഷ്ടപ്പെടുന്നുവെന്നാണ് പഴമക്കാർ പറയുന്നത്. ഒരു പക്ഷേ, വേറൊരിടത്തും കിട്ടാത്ത സുരക്ഷിതത്വം ഗ്രാമങ്ങൾ അവർക്ക് നൽകുന്നുണ്ടാവാം.

ഇന്ത്യയിലെ പല ഗ്രാമങ്ങളെയും അടുത്തറിഞ്ഞിട്ടുള്ള എന്നെ ഈ നാഗാഗ്രാമങ്ങൾ അമ്പരപ്പിച്ചു കളഞ്ഞു.

## തീൻ വൈചിത്ര്യങ്ങൾ

ഒരു നാടിനെ അടുത്തറിയണമെങ്കിൽ അവരുടെ ഭക്ഷണത്തെ അറിയണമെന്ന് പൊറ്റക്കാട് എഴുതിയത് എത്ര ശരിയെന്ന് ഓരോ യാത്രയും എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നാട്ടിലെ ജീവിതത്തെയും കാലാവസ്ഥയെയും ഭൂപ്രകൃതിയെയും ഒരുമിച്ച് മനസിലാക്കാൻ ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന അവരുടെ ചന്തയിൽ പോയാൽ മതിയെന്നാണ് അദ്ദേഹം പറയുന്നത്. കിഴക്കൻ ഏഷ്യൻ ജനജീവിതത്തിന്റെയും ഭൂപ്രകൃതിയുടെയും എല്ലാ വൈചിത്ര്യങ്ങളും നാഗാലാന്റിലെ ഭക്ഷണത്തിൽ കാണാം.

പറക്കുന്നതിൽ വിമാനവും ഇഴയുന്നതിൽ തീവണ്ടിയും വെള്ളത്തിലുള്ളതിൽ കപ്പലുമൊഴികെ എന്തിനെയും നാഗന്മാർ ശാപ്പിട്ടുകളയുമെന്ന് പറഞ്ഞ മാന്നാനം കെ.ഇ. കോളേജിലെ എന്റെ സഹ അധ്യാപകനും പത്ത് വർഷത്തിലേറെ നാഗാലാന്റിലെ വിവിധ

പ്രദേശങ്ങളിൽ ജീവിച്ചയാളുമായ വിൽഫ്രഡ് എബ്രാഹാമിനെ കെട്ടിപ്പിടിച്ച് അഭിനന്ദിക്കുവാൻ തോന്നിപ്പോകും നാഗാലാന്റിൽ ചെല്ലുമ്പോൾ. പുഴു, ഒച്ച്, ഈച്ച, ഈയൽ, എലി, തവള, പട്ടി, പാമ്പ് ഇവയൊന്നും നാഗന്മാരുടെ കൈ (വാ) യിൽ നിന്ന് ജീവനോടെ രക്ഷപെടില്ല. ഇതിനെയൊക്കെ പുഴുങ്ങിയും കറിവെച്ചും അച്ചാറാക്കിയുമൊക്കെ അവർ തിന്നുകളയും. ഫ്രൈ ചെയ്യുന്ന പരിപാടി തീരെ കുറവാണ്. പാകം ചെയ്യാൻ സമയം തീരെ കിട്ടിയില്ലെങ്കിൽ ജീവനോടെ എടുത്ത് കടിച്ചരച്ച് അകത്താക്കി കളയും. ഈയലിനെയും മറ്റും പച്ചയ്ക്ക് തിന്നുമ്പോഴാണ് ടേസ്റ്റ് എന്നാണ് കേൾവി. മിക്കവാറും എല്ലാ തീറ്റ ജീവികളേയും ജീവനോടെയാണ് ഇവർ വിൽക്കുന്നത്. അതുകൊണ്ട് ഇവരുടെ ചന്തകൾ നല്ല ലൈവാണ്. വിൽക്കാനിരിക്കുന്നവർ (മിക്കവാറും സ്ത്രീകൾ) ഒഴികെ ചന്തയിലെ വിൽക്കപ്പെടുന്നവരെല്ലാം ശബ്ദിച്ചുകൊണ്ടിരിക്കും. മാർക്കറ്റ് കണ്ട് സ്ഥലകാലബോധമില്ലാതെ നടന്നാൽ പാമ്പിന്റേയോ പട്ടിയുടെയോ കടിയോ കുളവിയുടെ കുത്തോ ഉറപ്പായും കിട്ടും.

നാഗാലാന്റുകാരുടെ പന്നി പ്രിയം പ്രസിദ്ധമാണ്. ഒരു പന്നിയെ കൈക്കൂലി കൊടുത്ത് നാഗാലാന്റിൽ ഏതു കാര്യവും സാധിച്ചെടുക്കാമെന്ന് പറയാറുണ്ട്. കിഗ്വെമയിലെ ഒരു വീട്ടിൽ പന്നി പുകച്ചതും മുളങ്കുരുന്നിട്ട് കറിവെച്ചതും കഴിച്ചു കൊണ്ടിരുന്നപ്പോൾ ആതിഥേയ ഒരു ചമ്മന്തി കൊണ്ടു വന്നപ്പോൾ ഇതും പന്നിയാണോ എന്ന് സുധാകരൻ മാഷ് ചോദിച്ചത് ഒരു തമാശയായി പോലും അപ്പോൾ തോന്നിയില്ല. ഇറച്ചിയും മീനുമെല്ലാം അടുപ്പിനു മുകളിൽ കെട്ടിത്തൂക്കി പുകച്ച് തിന്നാനാണ് അവർക്കിഷ്ടം. ഏതു വീട്ടിലെ അടുക്കളയിലും എപ്പോഴുമെരിയുന്ന അടുപ്പും അടുപ്പിനു മുകളിൽ കെട്ടിത്തൂക്കിയിട്ട ഇറച്ചിത്തുണ്ടുകളും ഉറപ്പായും ഉണ്ടാവും. (നാഗന്മാരുടെ അടുക്കള തന്നെയാണ് അവരുടെ ഭക്ഷണമുറിയും ലിവിംഗ്റൂമും.) അതുകൊണ്ട് നാഗന്മാരുടെ വീടിന് മിക്കവാറും അല്പം ചീഞ്ഞ് പുകഞ്ഞ പന്നിയിറച്ചിയുടെ ഗന്ധമുണ്ടാവും.

മുളങ്കുരുന്ന് മാന്തിയെടുത്ത്അതിന്റെ കൂമ്പ് പുളിപ്പിച്ചത് പന്നിയിറച്ചി കറിയിലൊഴിച്ച് വേവിച്ചാലെ ഒരു ശരാശരി നാഗന് തൃപ്തിയാവുകയുള്ളൂ.

പറ്റിച്ച് വേവിച്ച പച്ചരിച്ചോറും കറികളുമാണ് നാഗാലാൻറുകാരുടെ പ്രധാന ഭക്ഷണം. കറികളിൽ ഒരു ഇറച്ചിക്കറിയും (മിക്കവാറും പന്നി) ഒന്നോ രണ്ടോ പച്ചക്കറി കറികളും ഒരു ചമ്മന്തിയും (മിക്കവാറും പുകച്ചുണക്കിയമീൻ) ഒരിനം പച്ചിലയും ചേർന്നതാണ് ഒരു 'സ്റ്റാൻഡാർഡ്' ഭക്ഷണം. പച്ചക്കറികളിൽ സ്ക്വാഷ് എന്ന ഒരിനം കുമ്പളങ്ങയോടും ചെറിയ ഒരിനം മത്തങ്ങയോടും പ്രിയം കൂടുതലാണ്. നാവിൽ വെച്ചാൽ പൊള്ളിപ്പോകുന്ന മുളക് ചമ്മന്തിയും പച്ചയോ പഴുത്തതോ ആയ മുളകും എപ്പോഴും ഭക്ഷണ മേശയിലുണ്ടാവും. എരിവുണ്ടാകും എന്ന ആതിഥേയയുടെ മുന്നറിയിപ്പ്, ഞാൻ മണ്ണിനോടും ആറിനോടും കാടിനോടും പടവെട്ടി വളർന്ന പാരമ്പര്യമുള്ള മണ്ണാർക്കാട്ടു (മണ്ണ്+ ആറ് + കാട്)കാരനാ എന്ന അഹങ്കാരവുമായി നിഥിൻ സണ്ണി ഒരു മുളകെടുത്ത് കടിച്ച് നോക്കിയതാ, പിന്നെ നാഗാലാന്റിൽ നിന്ന് പോരുന്നതുവരെ മുളകിരിക്കുന്ന ദിക്കിലോട്ട് നോക്കുകയോ മണ്ണാർക്കാടിനെക്കുറിച്ച് അഹങ്കാരം പറയുകയോ ചെയ്തിട്ടില്ല. കണ്ടാൽ സുന്ദരനാണെങ്കിലും ആ മുളക് ഒരു കൊടുംഭീകരനാണെന്ന് പിന്നീടാണ് അറിഞ്ഞത്. രാജാമിർച്ചിയെന്നും കിംഗ് ചില്ലിയെന്നുംവിളിപ്പേരുള്ള പുള്ളിക്കാരൻ ലോകത്തിലെ തന്നെ ഏറ്റവും എരിവുള്ള മുളകന്മാരിൽ ഒരുവനാണ്. നാഗന്മാർ ഈ മുളകുതീറ്റ മത്സരം പോലും വെക്കാറുണ്ട്. ഹോൺബിൽ ഫെസ്റ്റിവലിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന മത്സരശേഷം മിക്കവാറും വിജയികൾക്ക്, നിലവിളി ശബ്ദമിട്ട് ഒരുക്കി നിറുത്തിയിരിക്കുന്ന ആമ്പുലൻസിൽ കയറ്റി ആശുപത്രിയിലെത്തിച്ച് രാജകീയമായാണ് ട്രോഫിയും ജെണ്ടും നൽകാറുള്ളതെന്ന് പറഞ്ഞു കേൾക്കുന്നു!

വേവിച്ച് ഉണക്കിയ ചോറും ഒരിനം കാട്ടുവഴുതനങ്ങയും ചേർത്ത് പുളിപ്പിച്ചുണ്ടാക്കുന്ന മദ്യം (?) നാഗാലാന്റുകാരുടെ ഇഷ്ട പാനീയമാണ്. Zutho എന്നോ റൈസ്ബിയർ എന്നോ അറിയപ്പെടുന്ന വീര്യം കുറഞ്ഞ മദ്യം (വറ്റ് തീരെയില്ലാത്ത പൊടിയരിക്കഞ്ഞി പോലിരിക്കും) മുമ്പ് എല്ലാ വീടുകളിലും കൊച്ചു പിച്ചടക്കം ഉപയോഗിച്ചിരുന്നു. ഇപ്പോൾ ഇതുണ്ടാക്കുന്നതും കുടിക്കുന്നതും വിശേഷ ദിവസങ്ങളിൽ മാത്രമാണ്. (എന്നും വിശേഷ ദിവസമായവർക്ക് ഇത് എന്നും കുടിക്കാം) അരിപ്പൊടി കുഴച്ച് പരത്തി അകത്ത് മാംസമോ (മിക്കവാറും പന്നി ഇറച്ചി) പച്ചക്കറികളോ നിറച്ച് സമോസയുടെ ആകൃതിയിൽ ഉണ്ടാക്കി ആവിയിൽ വേവിച്ചെടുക്കുന്ന, നോർത്തീസ്റ്റിന്റെ പൊതു പലഹാരമായ മോമോ ഇവിടെയും പ്രിയപ്പെട്ടതാണ്.

നാഗാലാൻറിൽ പോയി വന്നതിനു ശേഷം പലരും ചോദിക്കാറുള്ളത് എന്തെല്ലാം അവിടുന്നു തിന്നു എന്നാണ്. പുഴുവിനെയും പട്ടിയെയും ഒഴികെ പാമ്പുൾപ്പെടെ ബാക്കിയുള്ളവയെ കമ്പോഡിയയിൽ വെച്ചും വിയറ്റ്നാമിൽ വെച്ചുമൊക്കെ മുമ്പുതന്നെ കഴിച്ചിട്ടുള്ളതാണ്. (ഇത്തരം തീറ്റക്കാര്യത്തിൽ നാഗന്മാരുടെ ചേട്ടന്മാരാണ് മംഗോളിയൻ വിഭാഗക്കാർ താമസിക്കുന്ന കിഴക്കൻ ഏഷ്യയിലെ പല രാജ്യങ്ങളും. നാഗന്മാർ ഇന്തോ- മംഗോളിയൻ വംശജരാണ്) പുഴുവിനെ തിന്നാൻ ഇപ്രാവശ്യവും കഴിഞ്ഞില്ല. (എന്നെക്കൊണ്ടതു കഴിയുമെന്ന് തോന്നുന്നില്ല ഷാജിയേട്ട...) എന്തായാലും പട്ടിയിറച്ചിക്കറി ആടിപൊളി.

യാത്രയെന്നാൽ ഭക്ഷണത്തിലേക്കുള്ളതുകൂടിയാണെന്ന് നാഗാലാൻറും അടിവരയിട്ട് ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു.

KERALA PRIVATE
COLLEGE TEACHER
R.No. 36025/81 No.281
ISSN 2454-4795
Rs.11/- AUGUST - 2020




Printed and Published by Dr.C.Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**